പതിമൂന്നാം കേരള നിയമസഭ

(THIRTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്റ്റ് കമ്മിറ്റി I

# (SUBJECT COMMITTEE I)

## കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും

## (AGRICULTURE, ANIMAL HUSBANDRY AND FISHERIES)

## പീരിയോഡിക്കൽ റിപ്പോർട്ട്

(2012 മാർച്ച് 31 വരെയുള്ളത്)

**(PERIODICAL REPORT AS ON 31ST MARCH 2012)**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും
സംബന്ധിച്ച ചട്ടങ്ങളുടെ 239-ാം ചട്ടത്തിന്റെ
(1)-ാം ഉപചട്ടപ്രകാരമുള്ളത്

[Under Rule 239 (1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

2012 ജൂലൈ 13-ാം തീയതി സമർപ്പിച്ചത്

(Presented on13th July, 2012)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2012

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2012

**പതിമൂന്നാം കേരള നിയമസഭ**

(THIRTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്റ്റ് കമ്മിറ്റി I

# (SUBJECT COMMITTEE I)

## കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും
## (AGRICULTURE, ANIMAL HUSBANDRY AND FISHERIES)

**പീരിയോഡിക്കൽ റിപ്പോർട്ട്**

(2012 മാർച്ച് 31 വരെയുള്ളത്)

**(PERIODICAL REPORT AS ON 31ST MARCH 2012)**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളുടെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടപ്രകാരമുള്ളത്

[Under Rule 239 (1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

544/2012.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം | .. | 53 |

## സബ്ജക്റ്റ് കമ്മിറ്റി I

## കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും

## (2011-2013)

### ഘടന

ചെയർമാൻ :

ശ്രീ. കെ. പി. മോഹനൻ,
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി.

എക്സ്-ഒഫീഷ്യോ അംഗം :

ശ്രീ. കെ. സി. ജോസഫ്,
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി.

അംഗങ്ങൾ :

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ

ശ്രീമതി ജമീലാ പ്രകാശം

ശ്രീ. ജെയിംസ് മാത്യു

„ ഇ. പി. ജയരാജൻ

„ സി. പി. മുഹമ്മദ്

„ സി. മോയിൻകുട്ടി

„ എസ്. ശർമ്മ

„ എം. വി. ശ്രേയാംസ് കുമാർ

„ പി. തിലോത്തമൻ.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. പി. കെ. മുരളീധരൻ, സെക്രട്ടറി-ഇൻ-ചാർജ്

„ പി. ജി. നിർമ്മൽ കുമാർ രാജു, ജോയിന്റ് സെക്രട്ടറി

ശ്രീമതി ജി. സുമകുമാരി, ഡെപ്യൂട്ടി സെക്രട്ടറി

„ പി. ഉഷാകുമാരി അമ്മ, അണ്ടർ സെക്രട്ടറി.

# അവതാരിക

കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി I-ന്റെ 2012 മാർച്ച് 31 വരെയുള്ള പീരിയോഡിക്കൽ റിപ്പോർട്ട്, കേരള നിയമ സഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടം അനുസരിച്ച് ഞാൻ സമർപ്പിക്കുന്നു.

പതിമൂന്നാം കേരള നിയമസഭയുടെ 2011 ജൂൺ 28-ാം തീയതിയിലെ, 15-ാം നമ്പർ ബുള്ളറ്റിൻ ഭാഗം-2 പ്രകാരം പുനഃസംഘടിപ്പിക്കപ്പെട്ട 2011-13 കാലയളവി ലേക്കുള്ള, കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി I, 28-6-2011 മുതൽ 31-3-2012 വരെയുള്ള കാലയളവിൽ പരിഗണിച്ച വിഷയങ്ങളാണ് ഈ റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്.

റിപ്പോർട്ട് കാലയളവിൽ സമിതി 2-8-2011, 9-8-2011, 25-8-2011, 13-10-2011, 25-10-2011, 4-1-2012 എന്നീ തീയതികളിലായി ആറ് യോഗങ്ങൾ ചേരുകയുണ്ടായി. ഇവയിൽ 2-8-2011, 9-8-2011 എന്നീ തീയതികളിലെ യോഗങ്ങൾ 2011-2012 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന നടത്തുന്നതിനായും, 25-8-2011-ലെ യോഗം 2011-12 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച കരട് റിപ്പോർട്ട്, 31-3-2011 വരെയുള്ള കരട് പീരിയോഡിക്കൽ റിപ്പോർട്ട് എന്നിവ പരിഗണിക്കുന്നതിനും കേരള അനിമൽ ഹസ്ബന്ററി സർവ്വീസ് സ്പെഷ്യൽ റൂൾസ്, കേരള അനിമൽ ഹസ്ബന്ററി സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസ് എന്നിവ ഭേദഗതി ചെയ്യുന്നതിനുള്ള കരട് ചട്ടങ്ങൾ പരിഗണിക്കുന്ന തിനുമായിരുന്നു. 13-10-2011-ന് ചേർന്ന യോഗം 'കേരള ഭൂവിനിയോഗ ബോർഡ് സ്റ്റേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസ് 2011' ഭേദഗതി ചെയ്യുന്നത് സംബന്ധിച്ചുള്ള കരട് ചട്ടം പരിഗണിക്കുന്നതിനും, 25-10-2011-ന് ചേർന്ന യോഗം മുൻവർഷങ്ങളിലെ ധനാഭ്യർത്ഥന കളിന്മേലുള്ള സർക്കാർ സ്വീകരിച്ച നടപടി സ്റ്റേറ്റ്മെന്റുകളും, 2011-2012-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച 5-ാമത് റിപ്പോർട്ടിലെ ശുപാർശകളി ന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട് അംഗീകരിക്കുന്നതിനുമായിരുന്നു. 4-1-2012-ന് ചേർന്ന യോഗത്തിൽ കാർഷിക സർവ്വകലാശാലയുടെ ഗവേഷണ പദ്ധതി യായ 'നീര'യുടെ ഉൽപ്പാദനം സംബന്ധിച്ച വിഷയം ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച ചെയ്യുകയും, സമിതിയുടെ വിവിധ റിപ്പോർട്ടുകളിലെ ശുപാശകൾക്ക് സർക്കാർ സ്വീകരിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ പരിശോധിക്കുകയും ചെയ്തു.

സമിതി യോഗങ്ങളിൽ അംഗങ്ങളുടെ ശരാശരി ഹാജർനില 68% ആയിരുന്നു.

ഈ റിപ്പോർട്ട് 4 ഭാഗങ്ങളായിട്ടാണ് തയ്യാറാക്കിയിട്ടുള്ളത്. ഒന്നാംഭാഗത്ത് സമിതി സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകൾ സംബന്ധിച്ച വിവരങ്ങളും രണ്ടാംഭാഗത്ത് സമിതി പരിഗണിച്ച ചട്ടങ്ങളുടെ വിവരങ്ങളും മൂന്നാംഭാഗത്ത് റിപ്പോർട്ട് കാലയളവിൽ സമിതി പരിഗണിച്ച ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മുൻറിപ്പോർട്ടിലെ

ശുപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളുടെ സ്റ്റേറ്റ്മെന്റും നാലാംഭാഗത്ത് സമിതിയുടെ സ്പെഷ്യൽ റിപ്പോർട്ടുകളിലെ ശുപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളുടെ സ്റ്റേറ്റ്മെന്റും ഉൾപ്പെടുത്തിയിരിക്കുന്നു. യോഗനടപടിക്കുറിപ്പുകൾ അനുബന്ധം III ആയും, നീരയുടെ ഉൽപ്പാദനവുമായി ബന്ധപ്പെട്ട് 4-1-2012-ലെ യോഗത്തിൽ ഗവൺമെന്റിൽ നിന്നും ലഭിച്ച അധിക വിവരം അനുബന്ധം IV ആയും ചേർത്തിരിക്കുന്നു.

ഈ റിപ്പോർട്ട് 2012 മേയ് മാസം 23-ാം തീയതി ചേർന്ന യോഗത്തിൽ സമിതി അംഗീകരിച്ചു.

കെ. പി. മോഹനൻ,

തിരുവനന്തപുരം. *ചെയർമാൻ,*
23-5-2012. *സബ്ജക്റ്റ് കമ്മിറ്റി I.*

# റിപ്പോർട്ട്

## ഭാഗം I

2011-2012-ലെ സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട് 2011 ആഗസ്റ്റ് മാസം 25-ാം തീയതി ചേർന്ന യോഗത്തിൽ സമിതി അംഗീകരിച്ചു. പ്രസ്തുത റിപ്പോർട്ട് 2011 സെപ്റ്റംബർ 26-ാം തീയതി സഭയിൽ സമർപ്പിച്ചു.

ധനാഭ്യർത്ഥന നമ്പർ XVII—വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം (2810-00-105-99 ബയോഗ്യാസ് വികസനത്തിനുള്ള ദേശീയ പരിപാടി)

ധനാഭ്യർത്ഥന നമ്പർ XXIX—കൃഷി

ധനാഭ്യർത്ഥന നമ്പർ XXX—ഭക്ഷ്യം (വെയർഹൗസിംഗ് കോർപ്പറേഷൻ)

ധനാഭ്യർത്ഥന നമ്പർ XXXI—മൃഗസംരക്ഷണം

ധനാഭ്യർത്ഥന നമ്പർ XXXII—ക്ഷീരവികസനം

ധനാഭ്യർത്ഥന നമ്പർ XXXIII—മത്സ്യബന്ധനം

2. സമിതിയുടെ 29-6-2010 മുതൽ 31-3-2011 വരെയുള്ള ആനുകാലിക റിപ്പോർട്ട് 2011 ഒക്ടോബർ 18-ാം തീയതി സഭയിൽ സമർപ്പിച്ചു.

3. 2010-2011 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശുപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് 2011 ഒക്ടോബർ 28-ാം തീയതി സഭയിൽ സമർപ്പിച്ചു.

## ഭാഗം II

## ചട്ടങ്ങളുടെ പരിശോധന

1. 2011 ആഗസ്റ്റ് 25-ന് ചേർന്ന യോഗത്തിൽ താഴെപ്പറയുന്ന ചട്ടങ്ങൾ സമിതി അംഗീകരിച്ചു :

(i) കേരള അനിമൽ ഹസ്ബന്ററി സർവ്വീസ് (ഭേദഗതി) സ്പെഷ്യൽ റൂൾസ്, 2011

(ii) കേരള അനിമൽ ഹസ്ബന്ററി സബോർഡിനേറ്റ് സർവ്വീസ് (ഭേദഗതി) സ്പെഷ്യൽ റൂൾസ്, 2011

2. 2011 ഒക്ടോബർ 13-ന് ചേർന്ന യോഗത്തിൽ 'കേരള സ്റ്റേറ്റ് ലാൻഡ് യൂസ് ബോർഡ് സ്റ്റേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസ് 2011' എന്ന ചട്ടം ഭേദഗതികളോടെ അംഗീകരിച്ചു.

544/2012.

**ഭാഗം III**

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച താഴെ പറയുന്ന റിപ്പോർട്ടുകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി പരിഗണിച്ച് അംഗീകരിച്ചു.

**2004-2005-ലെ അഞ്ചാമത് റിപ്പോർട്ട്**

## ധനാഭ്യർത്ഥന നമ്പർ XXIX—കൃഷി

4401-00-190-97—കേരള സ്റ്റേറ്റ് ഹോർട്ടികൾച്ചർ ഡവലപ്മെന്റ് കോർപ്പറേഷൻ

ശുപാർശ

പച്ചക്കറി സംഭരണമേഖലയിൽ ക്രിയാത്മകമായ ഒരു പങ്കുവഹിച്ചുകൊണ്ടിരിക്കുന്ന സ്ഥാപനമാണ് കേരള സ്റ്റേറ്റ് ഹോർട്ടികൾച്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ. മെച്ചപ്പെട്ട വിലയ്ക്ക് കർഷകരിൽ നിന്നും പച്ചക്കറികൾ നേരിട്ട് സംഭരിച്ച് ന്യായവിലയ്ക്ക് ഹരിതസ്റ്റാളുകളിലൂടെ ഉപഭോക്താക്കൾക്ക് എത്തിച്ചു കൊടുക്കുകയാണ് ചെയ്യുന്നത്. ആകെ അഞ്ചുലക്ഷം രൂപയാണ് ഇതിനുവകയിരുത്തിയിട്ടുള്ളത്.

ലോറി സമരസമയത്ത് സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ നിന്നും വായ്പയിനത്തിൽ എടുത്ത 25 ലക്ഷം രൂപയിൽ 5 ലക്ഷം രൂപ തിരികെ കൊടുക്കുന്നതിനും മറ്റു ദൈനംദിന പ്രവർത്തനങ്ങൾക്കുമായി ഇരുപതുലക്ഷം രൂപയും ചേർത്ത് 25 ലക്ഷം രൂപയായി തുക വർദ്ധിപ്പിക്കണമെന്നും ചെറുകിട വിൽപ്പന ഏജൻസികൾക്ക് നൽകുന്ന വായ്പയ്ക്ക് ഈടാക്കുന്ന പലിശയിനത്തിൽ 2% കുറവ് വരുത്തണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 9)

സർക്കാർ സ്വീകരിച്ച നടപടി

സമിതി ശുപാർശ ചെയ്തതനുസരിച്ച് ഹോർട്ടികോർപ്പിന് 25 ലക്ഷം രൂപ അനുവദിച്ചു നൽകുകയുണ്ടായി. കോർപ്പറേഷൻ മേൽതുക മുഴുവനും സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ നിന്നെടുത്ത പലിശരഹിത വായ്പ തിരിച്ചടയ്ക്കുവാൻ ഉപയോഗിച്ചു.

ചെറുകിട വിൽപ്പന ഏജൻസികൾക്ക് വായ്പ നൽകുന്ന പദ്ധതികളൊന്നും ഹോർട്ടികോർപ്പിൽ നടപ്പിലാക്കിയിട്ടില്ല. ആയതിനാൽ വായ്പയ്ക്ക് ഈടാക്കുന്ന പലിശയിനത്തിൽ 2% കുറവ് വരുത്തണമെന്ന സമിതി നിർദ്ദേശത്തിന്മേൽ നടപടികളൊന്നും സ്വീകരിക്കേണ്ടിവന്നിട്ടില്ല.

**2007-2008-ലെ രണ്ടാമത് റിപ്പോർട്ട്**

## ധനാഭ്യർത്ഥന നമ്പർ XXIX—കൃഷി

2402-00-102-87—മണ്ണിടിച്ചിലുള്ള പ്രദേശങ്ങളുടെ ബലപ്പെടുത്തൽ

ശുപാർശ

ഉരുൾപൊട്ടൽ, മണ്ണൊലിപ്പ് എന്നിവമൂലം സംസ്ഥാനത്ത് കൃഷിനാശം സംഭവിച്ചതും, സംഭവിക്കാൻ സാധ്യതയുള്ളതുമായ പ്രദേശങ്ങളിൽ ശാസ്ത്രീയവും പാരിസ്ഥിതികവുമായ മണ്ണുസംരക്ഷണ പ്രവർത്തനങ്ങൾക്കാണ് തുക വക കൊള്ളിച്ചിരിക്കുന്നത്.

2007-08 സാമ്പത്തികവർഷത്തിൽ ബജറ്റിൽ വക കൊള്ളിച്ച 10 ലക്ഷം രൂപ കോഴിക്കോട്, വയനാട്, എറണാകുളം, കണ്ണൂർ എന്നീ ജില്ലകൾക്കാണ് നീക്കി വച്ചിരിക്കുന്നത്. കഴിഞ്ഞ സാമ്പത്തികവർഷം പത്തനംതിട്ട, ഇടുക്കി ജില്ലകളിൽ തുടങ്ങിവച്ച പദ്ധതികൾ പൂർത്തീകരിക്കുന്നതിനായി ഈ ശീർഷകത്തിൽ 13.5 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 17, 18)

സർക്കാർ സ്വീകരിച്ച നടപടി

മണ്ണിടിച്ചിലുള്ള പ്രദേശങ്ങളുടെ ബലപ്പെടുത്തൽ പദ്ധതിക്കായി 2007-08 സാമ്പത്തികവർഷം അനുവദിച്ചിരുന്ന 10 ലക്ഷം രൂപ കോഴിക്കോട് ജില്ലയിലെ മുത്തപ്പൻപുഴ പദ്ധതിക്കായി വിനിയോഗിക്കാൻ ഉത്തരവായിട്ടുണ്ട്. എന്നാൽ 2006-07 സാമ്പത്തികവർഷം ഇടുക്കി, പത്തനംതിട്ട ജില്ലകളിൽ തുടങ്ങിവച്ച പദ്ധതികൾ പൂർത്തീകരിക്കുന്നതിനായി 13.5 ലക്ഷം രൂപ 2008-09-ൽ അധികമായി നൽകണമെന്ന് മണ്ണുസംരക്ഷണ വിഭാഗം ആവശ്യപ്പെട്ടതനുസരിച്ചാണ് സബ്ജക്റ്റ് കമ്മിറ്റി ശുപാർശ ഉണ്ടായതെന്നും എന്നാൽ പ്രസ്തുത സാമ്പത്തിക വർഷം ഫെബ്രുവരി മാസത്തിനുമുൻപ് കിട്ടിയാൽ മാത്രമേ തുക ചെലവഴിക്കാൻ കഴിയുമായിരുന്നുള്ളൂവെന്നും എന്നാൽ പ്രസ്തുത സാമ്പത്തികവർഷം 2402-00-102-87 ശീർഷകത്തിൻകീഴിൽ ധനാഭ്യർത്ഥന ആവശ്യപ്പെടാൻ കഴിഞ്ഞില്ലായെന്നും തുടർവർഷങ്ങളിൽ മുൻഗണനാക്രമത്തിൽ ലാൻഡ് സ്ലൈഡ് പദ്ധതികൾ നടപ്പാക്കാൻ തയ്യാറാക്കപ്പെട്ടതിൽ ഈ ജില്ലകളേക്കാൾ പരിഗണന ആവശ്യമായി വന്ന ജില്ലകളെ ഉൾപ്പെടുത്തേണ്ടി വന്നുവെന്നും 2006-07 സാമ്പത്തിക വർഷത്തിൽ ഇടുക്കി, പത്തനംതിട്ട ജില്ലകളിൽ നടപ്പിലാക്കിയിട്ടുള്ള ലാൻഡ് സ്ലൈഡിംഗ് പദ്ധതികൾക്കായി (സ്പിൽ ഓവർ സ്കീം) ഇനിയും കൂടുതൽ തുക ആവശ്യമില്ലായെന്നുമാണ് പ്രസ്തുത ജില്ലകളിലെ നിർവ്വഹണ ഉദ്യോഗസ്ഥർ അറിയിച്ചിട്ടുള്ളതെന്ന് മണ്ണുസംരക്ഷണ വിഭാഗം കൃഷിവകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരിക്കുന്ന സാഹചര്യത്തിൽ 2402-00-102-87 എന്ന ശീർഷകത്തിൽ അധികം തുക വകയിരുത്തേണ്ട ആവശ്യമില്ല.

**2008-2009-ലെ മൂന്നാമത് റിപ്പോർട്ട്**

ധനാഭ്യർത്ഥന നമ്പർ XXXII—ക്ഷീരവികസനം

2404-00-001-98-21—വാഹനം വാങ്ങൽ

ശുപാർശ

ക്ഷീരവികസന വകുപ്പിൽ ലേലം ചെയ്ത 8 വാഹനങ്ങൾക്കുപകരവും, ജില്ലാ ഓഫീസുകളിലെ 15 വർഷം പഴക്കംചെന്ന വാഹനങ്ങൾ മാറ്റിവാങ്ങുന്നതിനുമായി 74.99 ലക്ഷം രൂപ ആവശ്യമാണെന്ന് ക്ഷീരവികസന വകുപ്പ് ആവശ്യപ്പെട്ടിരിക്കുന്നു. എന്നാൽ, പുതിയ വാഹനങ്ങൾ വാങ്ങുന്നതിനുപകരം ആവശ്യമായ വാഹനങ്ങൾ വാടകയ്ക്കെടുത്ത് ഉപയോഗിക്കുന്നതാണ് ലാഭകരം എന്ന് സമിതി വിലയിരുത്തി. ആയതിനാൽ ഇപ്പോൾ അനുവദിച്ചിരിക്കുന്ന 1,000 രൂപയ്ക്ക് പുറമേ വാഹനം വാടകയ്ക്കെടുത്ത് ഉപയോഗിക്കുന്നതിനായി 10 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 43)

സർക്കാർ സ്വീകരിച്ച നടപടി

ക്ഷീരവികസന ഡയറക്ടർക്ക് ഒരു കാർ വാങ്ങുന്നതിന് സ.ഉ. (സാ)നമ്പർ 1309/09/ എ.ഡി. തീയതി 25-7-2009 പ്രകാരം 6 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. വാഹനം വാടകയ്ക്കെടുത്ത് ഉപയോഗിക്കുന്നതിനായി സമിതി ശുപാർശ ചെയ്ത തുക അനുവദിച്ചിട്ടില്ല.

2404-00-102-96—ഗ്രാമീണ ക്ഷീരവ്യവസായ വികസന ഉപദേശക പ്രവർത്തനങ്ങൾ

ശുപാർശ

ക്ഷീരവികസന വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളുടെ വിജ്ഞാന വ്യാപന പ്രവർത്തനത്തിനും ഉപദേശക സേവനങ്ങൾക്കുമായിട്ടാണ് ഈ ശീർഷകത്തിൽ നിന്നുമുള്ള തുക വിനിയോഗിക്കുന്നത്. നിലവിലുള്ള പരിപാടികളെപ്പറ്റിയുള്ള വിജ്ഞാന വ്യാപനത്തോടൊപ്പം പുതുതായി ഏറ്റെടുക്കുന്ന പരിപാടികളുടെ വിജ്ഞാനവ്യാപനം കൂടി നടപ്പിലാക്കുന്നതിന് തുക തീരെ അപര്യാപ്തമായതിനാൽ 20 ലക്ഷം രൂപ കൂടി ഈ ഹെഡ്ഡിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 44)

സർക്കാർ സ്വീകരിച്ച നടപടി

2008-09 സാമ്പത്തികവർഷത്തിൽ ഈ ശീർഷകത്തിൽ 6.42 ലക്ഷം രൂപ റീ അപ്രോപ്രിയേഷൻ മുഖേന അധികമായി വകയിരുത്തുകയുണ്ടായി. പ്രസ്തുത

തുകയിൽ 6.19 ലക്ഷം രൂപ ചെലവായി. ബാക്കിവന്ന 23,000 രൂപ സറണ്ടർ ചെയ്തിട്ടുണ്ട്. ചെലവഴിച്ച തുകയുടെ വിശദവിവരങ്ങൾ ഇപ്രകാരമാണ് :

| | | | തുക |
|---|---|---|---|
| (1) | ഓണക്കാലത്ത് പ്രധാന ചെക്ക്പോസ്റ്റുകളിൽ ഏർപ്പെടുത്തിയ പാൽ ഗുണപരിശോധന ക്യാമ്പയിനായി ചെലവായ തുക | .. | 1.52 ലക്ഷം |
| (2) | ഓണക്കാലത്ത് എല്ലാ ജില്ലകളിലും ഏർപ്പെടുത്തിയ പാൽ പരിശോധന ക്യാമ്പയിൻ ചെലവ് | .. | 0.70 ലക്ഷം |
| (3) | ഗുജറാത്തിലെ വിദ്യാ ഡെയറിയിൽ ടെക്നിക്കൽ ഓഫീസർമാരുടെ പരിശീലന പരിപാടിക്ക് ചെലവായ തുക | .. | 1.50 ലക്ഷം |
| (4) | പാലക്കാട്, ആലത്തൂർ ക്ഷീരപരിശീലന കേന്ദ്രത്തിലെ മിൽക്കോ സ്കാനർ റിപ്പയർ ചെലവ്. | .. | 2.47 ലക്ഷം |
| | ആകെ | .. | 6.19 ലക്ഷം |

2404-00-109-93—മിൽക്ക്ഷെഡ് വികസന പദ്ധതി

ശുപാർശ

സംസ്ഥാനത്തിനകത്ത് നല്ല കറവ പശുക്കളെ ലഭ്യമാക്കുന്നതിനായി കിടാരി വളർത്തൽ യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് 15 കോടി രൂപയും തിരുവനന്തപുരം, വലിയതുറ സ്വീവേജ് ഫാമിൽ ഒരു ആധുനിക ഡെയറി ഫാം സ്ഥാപിക്കുന്നതിന് 50 ലക്ഷം രൂപയും കൂടി ചേർത്ത് മൊത്തം 15.50 കോടി രൂപ ആവശ്യമുണ്ട്. ഇപ്പോൾ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 15.50 കോടി രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 45)

സർക്കാർ സ്വീകരിച്ച നടപടി

2008-09 സാമ്പത്തികവർഷാന്ത്യത്തിലാണ് മിൽക്ക് ഷെഡ് വികസന പദ്ധതി നടപ്പിലാക്കി ലക്ഷ്യം പൂർത്തിയാക്കിയത്. ഈ പദ്ധതിയിൽ ഉൾപ്പെടുന്ന കിടാരി വളർത്തൽ യൂണിറ്റിനുള്ള 15 കോടി രൂപയും, സ്വീവേജ് ഫാമിൽ ആധുനിക ഡെയറി ഫാം സ്ഥാപിക്കുന്നതിനുള്ള 50 ലക്ഷം രൂപയും നേടിയെടുക്കുന്നതിന് ഇക്കാരണത്താൽ കഴിഞ്ഞിട്ടില്ല. 2009-10 വർഷത്തെ ബഡ്ജറ്റിൽ ഈ പദ്ധതിക്ക് 6 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. അതിൽനിന്നും 50 ലക്ഷം രൂപ വലിയതുറ സ്വീവേജ് ഫാമിൽ ഒരു ആധുനിക ഡെയറി ഫാം സ്ഥാപിക്കുന്നതിന് നീക്കിവച്ച്, 30-6-2008-ലെ ജി.ഒ. (എംഎസ്.) 124/09/എ.ഡി. നമ്പർ ഉത്തരവ് പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്.

2404-00-800-82—സൗജന്യനിരക്കിൽ കാലിത്തീറ്റ ലഭ്യമാക്കൽ

ശുപാർശ

2008-09-ലെ ബഹുമാനപ്പെട്ട ഗവർണ്ണറുടെ നയപ്രഖ്യാപനപ്രസംഗത്തിൽ കാലിത്തീറ്റ സൗജന്യ നിരക്കിൽ നൽകുമെന്ന് പ്രഖ്യാപിച്ചിരുന്നു. എന്നാൽ, ഈ ആവശ്യത്തിലേക്കായി തുക ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടില്ല. ആയതിനാൽ ഈ ശീർഷകത്തിൽ 750 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 46)

സർക്കാർ സ്വീകരിച്ച നടപടി

2009-10 വർഷത്തേയ്ക്കുള്ള പ്ലാൻ പ്രൊപ്പോസലിൽ ഇക്കാര്യം ഉൾപ്പെടുത്തുകയും 2009-10 ബഡ്ജറ്റിൽ 2404-102-79 ഹെഡ്ഡിൽ കാലിത്തീറ്റ സബ്സിഡിയായി 2.75 കോടി രൂപ വകയിരുത്തുകയും ചെയ്തിട്ടുണ്ട്.

2404-00-109-95—ഗുണനിയന്ത്രണ ലാബുകളുടെ ശക്തിപ്പെടുത്തൽ

ശുപാർശ

ജില്ലാതല ഗുണനിലവാര നിയന്ത്രണ ലബോറട്ടറികളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി പാൽ പരിശോധനാ ഉപകരണങ്ങളും രാസവസ്തുക്കളും വാങ്ങുക, പാൽ പരിശോധനാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുക, പാൽ പരിശോധന ഉപകരണങ്ങളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിന് വാർഷിക അറ്റകുറ്റ കരാറിന്റെ ചെലവ് വഹിക്കുക, എന്നിവ ഈ ശീർഷകത്തിൽ നിന്നുമാണ്. കഴിഞ്ഞവർഷം ഈ ശീർഷകത്തിൽ വകകൊള്ളിച്ചിരുന്ന ഒരു ലക്ഷം രൂപ തീരെ അപര്യാപ്തമായിരുന്നു. ഇത്തവണ ഈ ശീർഷകത്തിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. ആയതിനാൽ, ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 47)

സർക്കാർ സ്വീകരിച്ച നടപടി

ജില്ലാതല ഗുണനിലവാര നിയന്ത്രണ ലാബുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി 2009-10 സാമ്പത്തിക വർഷം ജി.ഒ. (ആർറ്റി.) നമ്പർ 1027/09/എ.ഡി. തീയതി 30-6-2009 പ്രകാരം 10 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

2404-00-800-84—കൃഷിക്കാരുടെ ഭൂമിയിലും ക്ഷീരോൽപ്പാദക സഹകരണ സംഘങ്ങളിലും കാലിത്തീറ്റ ഉൽപ്പാദനവും സൂക്ഷിക്കലും

ശുപാർശ

ഹ്രസ്വകാല പുൽകൃഷിക്കായും വാണിജ്യാടിസ്ഥാനത്തിൽ തീറ്റപ്പുൽ കൃഷി യൂണിറ്റുകൾ നടപ്പിലാക്കുന്നതിനും 100 ലക്ഷം രൂപ കൂടി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 48)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ഈ ശീർഷകത്തിൽ 2008-09-ലെ ബഡ്ജറ്റിൽ 2 കോടി രൂപ വകയിരുത്തിയിരുന്നത് പൂർണ്ണമായും വിനിയോഗിച്ചിട്ടുണ്ട്. ഹ്രസ്വകാല പുൽകൃഷിക്കായി ജി.ഒ. (ആർറ്റി.) നമ്പർ 832/09/എ.ഡി. തീയതി 3-5-2009 പ്രകാരം 2 കോടി രൂപ 2009-10 സാമ്പത്തികവർഷം അനുവദിച്ചിട്ടുണ്ട്.

<u>ശുപാർശ</u>

ബഹു. ധനകാര്യ മന്ത്രി ബഡ്ജറ്റ് പ്രസംഗത്തിൽ ക്ഷീരകർഷക ക്ഷേമ നിധിയിലേക്ക് 2 കോടി രൂപ ധനസഹായം പ്രഖ്യാപിച്ചിട്ടുള്ളതാണ്. ടി തുക അനുവദിക്കേണ്ടതും, ആയതിന് ഒരു പുതിയ ശീർഷകം തുടങ്ങേണ്ടതുമാണ്. കർഷക ക്ഷേമപ്രവർത്തനങ്ങൾക്ക് പ്രഖ്യാപിച്ച 2 കോടി രൂപ ചേർത്ത് മൊത്തം 3 കോടി രൂപ ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 49)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2008-09-ൽ ഫസ്റ്റ് ബാച്ച് എസ്.ഡി.ജി.യിൽ 2 കോടി രൂപ 2404-800-78 എന്ന പുതിയ ശീർഷകത്തിൽ വകയിരുത്തുകയും ടി തുക കേരള ക്ഷീരകർഷക ക്ഷേമനിധി ബോർഡിന് കൈമാറുകയും ചെയ്തു.

2404-00-109-98—<u>ക്ഷീരവികസന പരിശീലനകേന്ദ്രം</u>

<u>ശുപാർശ</u>

വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഓച്ചിറ ക്ഷീരോല്പന്ന പരിശീലന വികസന കേന്ദ്രത്തിന് തദ്ദേശ സ്ഥാപനം സ്ഥലം അനുവദിച്ചാൽ കെട്ടിടം പണിയുന്നതിനും വളരെ പരിമിതമായ സൗകര്യങ്ങളിൽ പ്രവർത്തിക്കുന്ന കോട്ടയം ക്ഷീരപരിശീലന കേന്ദ്രത്തിന് ലഭ്യമായ സ്ഥലത്ത് കെട്ടിടം പണിയുന്നതിനും അടൂർ മേഖലാ ക്ഷീരപരിശീലന കേന്ദ്രത്തിന് കെട്ടിടം പണിയുന്നതിനുമായി ഒരു കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 50)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ഓച്ചിറ ക്ഷീരോല്പന്ന പരിശീലന കേന്ദ്രത്തിനും അടൂർ ക്ഷീരപരിശീലന കേന്ദ്രത്തിനും കെട്ടിടവും പശ്ചാത്തലസൗകര്യവും ഒരുക്കുന്നതിലേക്കായി തുക ആവശ്യപ്പെട്ടുകൊണ്ടുള്ള ശുപാർശ ആർ.ഐ.ഡി.എഫ്. സ്കീമിൽ ഉൾപ്പെടുത്തി സമർപ്പിച്ചിരുന്നു. എന്നാൽ, 2008-09 സാമ്പത്തികവർഷം ആർ.ഐ.ഡി.എഫ്.-ൽ തുകയൊന്നും ക്ഷീര വികസന വകുപ്പിന് അനുവദിക്കുകയുണ്ടായില്ല.

2404-00-800-83—എൻറിച്ച്മെന്റ് ഓഫ് പാഡിസ്ട്രോ പദ്ധതി

ശുപാർശ

എൻറിച്ച്മെന്റ് ഓഫ് പാഡിസ്ട്രോ എന്ന പദ്ധതി 2005-06 വർഷം 7 ജില്ലകളിൽ 90 ലക്ഷം രൂപ ചെലവാക്കി നടപ്പിലാക്കിയിരുന്നു. കർഷകർക്ക് വളരെ പ്രയോജനപ്രദമായിരുന്നതിനാൽ ബാക്കി ജില്ലകളിൽ കൂടി 2008-09-ൽ ഈ പദ്ധതി നടപ്പിലാക്കുന്നതിന് 90 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 51)

സർക്കാർ സ്വീകരിച്ച നടപടി

എൻറിച്ച്മെന്റ് ഓഫ് പാഡിസ്ട്രോ എന്ന പദ്ധതി 2008-09 കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്താനായി പ്രൊപ്പോസൽ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിരുന്നെങ്കിലും അനുകൂല തീരുമാനം ഉണ്ടായിട്ടില്ല.

4404-00-190-95—കേരള കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷനുള്ള സഹായം

ശുപാർശ

കേരള കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷന് ഒരു കോടി രൂപ ഗ്രാന്റായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 52)

സർക്കാർ സ്വീകരിച്ച നടപടി

കേരള കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷന് 2008-09 വർഷത്തിൽ 2404-190-91 ഹെഡിൽ 1 കോടി രൂപ വകയിരുത്തിയിരുന്നത് പൂർണ്ണമായും അനുവദിച്ച് നൽകിയിട്ടുണ്ട്.

## **നാലാമത് റിപ്പോർട്ട് (2009-2010)**

## ധനാഭ്യർത്ഥന നമ്പർ XXIX—കൃഷി

ശുപാർശ

തെരഞ്ഞെടുത്ത കൃഷി ഫാമുകളുടെ മേൽനോട്ടത്തിനായി RIDF (റൂറൽ ഇൻഫ്രാസ്ട്രക്ച്ചർ ഡവലപ്മെന്റ് ഫണ്ട്)-ൽ നിന്നും തുക വിനിയോഗിക്കാൻ സാധിക്കുമോ എന്നത് പരിശോധിക്കണമെന്ന് സമിതി ആവശ്യപ്പെടുന്നു.

(ഖണ്ഡിക 10)

സർക്കാർ സ്വീകരിച്ച നടപടി

2010-11-ൽ RIDF XVI-ൽ ഉൾപ്പെടുത്തി നെല്ലിയാംപതി ഫാമിലെ അടിസ്ഥാന സൗകര്യവികസനത്തിനായി 175 ലക്ഷം രൂപയുടെ പദ്ധതി നബാർഡിന് സമർപ്പിച്ചിരിക്കുകയാണ്.

കൂടാതെ 2010-ലെ ഷെഡ്യൂൾ ഓഫ് റേറ്റ്സ് പ്രകാരം മുണ്ടേരി സീഡ് ഗാർഡൻ കോംപ്ലക്സ്, കാസർഗോഡ്, അധൂർ, ഗ്വാളിമുഖ, കാഷ്യൂ ഫാം, പുല്ലൂർ സ്റ്റേറ്റ് സീഡ് ഫാം എന്നിവിടങ്ങളിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി 2011-12-ൽ RIDF XVII-ൽ ഉൾപ്പെടുത്തി പദ്ധതി സമർപ്പിക്കുന്ന കാര്യം പരിഗണനയിലാണ്.

2401-00-109-79—കർഷകക്ഷേമ പദ്ധതി

ശുപാർശ

കർഷകരുടെയും കർഷകത്തൊഴിലാളികളുടെയും ക്ഷേമത്തിനായി കാർഷിക വികസന പരിപാടികളിൽ ഏർപ്പെട്ടിരിക്കുന്ന വിവിധ ഏജൻസികളിൽ നിന്നും സഹായം സ്വീകരിച്ചുകൊണ്ട് ഒരു കോർപ്പസ് ഫണ്ട് രൂപീകരിക്കാൻ സംസ്ഥാന സർക്കാർ തീരുമാനിച്ചു. ഈ പദ്ധതിയുടെ നടത്തിപ്പിനുള്ള കോർപ്പസ് ഫണ്ടിലെ സംസ്ഥാന സർക്കാർ വിഹിതമായാണ് 1.5 കോടി രൂപ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഒരു കർഷകന് 300 രൂപ നിരക്കിൽ പെൻഷൻ നല്കേണ്ടതുണ്ട്. ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്ന തുക 2009 മേയ് മാസം വരെ പെൻഷൻ നല്കുന്നതിന് മാത്രമേ തികയുകയുള്ളൂ. ആയതിനാൽ 3 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 13)

സർക്കാർ സ്വീകരിച്ച നടപടി

കർഷകരുടെയും കർഷകത്തൊഴിലാളികളുടെയും ക്ഷേമനിധികൾ വ്യത്യസ്ത വകുപ്പുകളാണ് നടപ്പിലാക്കുന്നത്. കൃഷി വകുപ്പ് കർഷക ക്ഷേമനിധി മാത്രമേ കൈകാര്യം ചെയ്യുന്നുള്ളൂ. കർഷകരുടെ ക്ഷേമത്തിനായി കാർഷിക വികസന പരിപാടികളിൽ ഏർപ്പെട്ടിരിക്കുന്ന വിവിധ ഏജൻസികളിൽ നിന്നും ധനസഹായം സ്വീകരിച്ചുകൊണ്ട് ഒരു കോർപ്പസ് ഫണ്ട് രൂപീകരിക്കാൻ സർക്കാർ തീരുമാനിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ 2009 ആഗസ്റ്റ് മാസം മുതൽ "കിസാൻ അഭിമാൻ പദ്ധതി" നിലവിൽ വരികയും ചെയ്തു. പദ്ധതി നടത്തിപ്പിനായി ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരുന്ന തുകയ്ക്കുപുറമേ, 4 കോടി രൂപ റീ അപ്രോപ്രിയേഷൻ മുഖേന കണ്ടെത്തുകയുണ്ടായി. 7-3-2009-ലെ സ.ഉ.(ആർടി.) 1665/09/ധന. നമ്പർ സർക്കാർ ഉത്തരവുപ്രകാരം ഒരു പ്രത്യേക ട്രഷറി സേവിംഗ്സ് അക്കൗണ്ട് കൃഷി ഡയറക്ടറുടെ പേരിൽ ആരംഭിക്കുകയും പദ്ധതി നടത്തിപ്പിനായി നാളിതുവരെ ആകെ 8.58 കോടി രൂപ പ്രസ്തുത അക്കൗണ്ടിൽ നിക്ഷേപിക്കുകയും ചെയ്തിട്ടുണ്ട്. എസ്.ബി.ടി. വികാസ്ഭവൻ ശാഖവഴി കോർ ബാങ്കിങ് സംവിധാനം ഉപയോഗിച്ച് കർഷകരുടെ അക്കൗണ്ടിലേയ്ക്ക് പെൻഷൻ തുക ക്രെഡിറ്റ് ചെയ്തു വരുന്നു. 2010 നവംബർ മാസം വരെ 6.57 കോടി രൂപ പെൻഷൻ അനുവദിച്ച് കഴിഞ്ഞു. 2011 മാർച്ച് മാസം വരെ പെൻഷൻ നൽകുന്നതിനുള്ള തുക ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്.

**സബ്ജക്ട് കമ്മിറ്റി I-ന്റെ അഞ്ചാമത് റിപ്പോർട്ട് (2010-2011)**

ധനാഭ്യർത്ഥന നമ്പർ XXIX—കൃഷി

2404-00-103-87—നാളികേര വികസനം

ശുപാർശ

25 ലക്ഷം തെങ്ങുകൾ ഉൾക്കൊള്ളുന്ന തരത്തിൽ കർഷക കൂട്ടായ്മ ഉണ്ടാക്കി തെങ്ങുകയറ്റം, കൊപ്ര സംഭരണം, മൂല്യവർദ്ധിത ഉല്പാദനം, മാർക്കറ്റിംഗ് എന്നിവ നടത്തുന്ന തരത്തിൽ ഒരു ഫ്ളാഗ് ഷിപ്പ് പ്രോഗ്രാം സംസ്ഥാനത്ത് നടപ്പിലാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. കേരളത്തിലെ നാളികേര ഉല്പാദന കേന്ദ്രങ്ങളിൽ 2 കേന്ദ്രങ്ങളിലെങ്കിലും മൂല്യ വർദ്ധിത ഉല്പന്നങ്ങൾ ഉല്പാദിപ്പിക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കുന്നതിന് മുൻകൈയെടുക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 3)

സ്വീകരിച്ച നടപടി

2010-11 സാമ്പത്തിക വർഷത്തിൽ സംസ്ഥാന നാളികേര വികസന പദ്ധതി 25 ഹെക്ടർ തെങ്ങിൻ തോട്ടങ്ങൾ ഉൾക്കൊള്ളുന്ന തരത്തിൽ കർഷക കൂട്ടായ്മയായ കേരശ്രീ ഗ്രൂപ്പുകൾ രൂപീകരിച്ച് പദ്ധതി നിർവ്വഹണം നടത്തി. പ്രസ്തുത പദ്ധതിയിൻ കീഴിൽ തെങ്ങിൻ തോട്ടങ്ങളുടെ സമഗ്ര പരിപാലനം ലക്ഷ്യമിട്ട് വിവിധ ഘടകങ്ങൾക്കായി ഹെക്ടറിന് 17,500 രൂപ നിരക്കിൽ ധനസഹായം ലഭ്യമാക്കി. ഇതു കൂടാതെ മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ ഉൽപ്പാദനവും വിപണനവും പ്രോൽസാഹിപ്പിക്കുന്നതിനുവേണ്ടി പദ്ധതിയിൻകീഴിൽ 200 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

2010-11-ൽ സംസ്ഥാന നാളികേര പദ്ധതി പ്രകാരം വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് വ്യക്തികൾ/സൊസൈറ്റികൾ എന്നിവയ്ക്ക് പ്രോജക്ട് ചെലവിന്റെ 50% പരമാവധി 10 ലക്ഷം രൂപ വരെ ധനസഹായം അനുവദിക്കുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഇത്തരം പ്രോജക്ടുകൾക്ക് അംഗീകാരം നൽകുന്നതിന് കൃഷി ഡയറക്ടർ (സി.പി.) കൃഷി അഡീഷണൽ ഡയറക്ടർ (മാർക്കറ്റിംഗ്) കാർഷിക സർവ്വകലാശാലയിലെ ശാസ്ത്രജ്ഞർ, കോക്കനട്ട് ഡവലപ്മെന്റ് ബോർഡ് ഉദ്യോഗസ്ഥർ എന്നിവർ ഉൾപ്പെടുന്ന ഒരു സംസ്ഥാനതല സമിതിയും രൂപീകരിച്ചിട്ടുണ്ട്.

സമിതി അഭിപ്രായപ്പെട്ടതിൻപ്രകാരം നാളികേരത്തിൽ നിന്നും മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ വികസിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് കേരള കാർഷിക സർവ്വകലാശാല വികസിപ്പിച്ചെടുത്ത മധുരക്കള്ള് ഉൽപ്പാദിപ്പിക്കുന്നതിനും കൂടുതൽ കാലം സൂക്ഷിച്ച് വയ്ക്കുന്നതിനുമുള്ള സാങ്കേതികവിദ്യ പരീക്ഷിച്ച് ഉറപ്പു വരുത്തുന്നതിന് വേണ്ടിയുള്ള പ്രോജക്ട് സർവ്വകലാശാല തയ്യാറാക്കി വരുന്നു. ആയതിന് അംഗീകാരം ലഭിച്ചു കഴിഞ്ഞാലുടൻ തൃശ്ശൂരിലെ കണ്ണാറയിലുള്ള ഫാമിൽ ടി പ്രോജക്ട് പൈലറ്റ് അടിസ്ഥാനത്തിൽ നടപ്പിലാക്കുവാൻ സർവ്വകലാശാല യോഗം തീരുമാനിച്ചിട്ടുണ്ട്.

തേങ്ങാപ്പാലിൽ നിന്നും മിഠായി, തേൻ, ജാം, കണ്ടൻസ്ഡ് തേങ്ങാപ്പാൽ എന്നിവ ഉൽപ്പാദിപ്പിക്കുന്നതിനുള്ള സാങ്കേതിക വിദ്യ കാർഷിക സർവ്വകലാശാല വികസിപ്പിച്ചെടുത്തിട്ടുണ്ട്.

ശുപാർശ

2401-00-104-86—ഫാം സെക്ടറുകൾക്കുവേണ്ടിയുള്ള പ്രത്യേക സഹായ പദ്ധതി (01) കടാശ്വാസ കമ്മീഷൻ

2006-ലെ കടാശ്വാസ ആക്ട് പ്രകാരം രൂപീകരിച്ച കടാശ്വാസ കമ്മീഷന്റെ 2009-10 വർഷത്തെ അവാർഡ് തുകകൾ ഫണ്ടിന്റെ അഭാവത്തിൽ പൂർണ്ണമായും വിതരണം ചെയ്യുവാൻ സാധിച്ചിട്ടില്ല. കഴിഞ്ഞ വർഷത്തെ കുടിശ്ശികയും ഈ വർഷം അനുവദിക്കുന്ന കടാശ്വാസ തുകയും കൊടുത്തുതീർക്കുന്നതിന് ഇപ്പോൾ അനുവദിച്ചിരിക്കുന്ന 10 കോടി രൂപ അപര്യാപ്തമാകയാൽ 10 കോടി രൂപ അധികമായി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 5)

സ്വീകരിച്ച നടപടി

2010-11 സാമ്പത്തിക വർഷം 2401-00-104-86 പ്ലാൻ ശീർഷകത്തിൽ കടാശ്വാസത്തിനായി വകയിരുത്തിയിരുന്ന 10 കോടി രൂപ അപര്യാപ്തമാകയാൽ സ.ഉ.(ആർറ്റി.)നമ്പർ 417/2011/Fin. തീയതി 19-1-2011 പ്രകാരം 15 കോടി രൂപ കൂടി ടി ശീർഷകത്തിൽ അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

(അനുബന്ധം I)

2401-00-108-37—വയനാട്ടിലെ കുരുമുളക് പദ്ധതി

ശുപാർശ

വയനാടിന്റെ കാർഷിക മേഖലയിലെ പ്രധാന പ്രശ്നം ജലക്ഷാമം, കുരുമുളക് ചെടികൾക്കുണ്ടാകുന്ന മാരകമായ രോഗം, കുരുമുളക് വള്ളി പടർന്ന് കയറുന്ന വൃക്ഷങ്ങൾക്കുണ്ടാകുന്ന രോഗം തുടങ്ങിയവയാണ്. രാസവളത്തിന്റെ അമിത ഉപയോഗം ഇതിനൊരു കാരണമാണ്. ഇതുമൂലം പ്രകൃതിദത്തമായ ജലത്തിന്റെ ഉറവ വറ്റി മണ്ണ് നാശോന്മുഖമാകുന്നു. ആയതിനാൽ കുരുമുളക് പുനരുദ്ധാരണ പദ്ധതി നടപ്പിലാക്കുമ്പോൾ മണ്ണിന്റെ ഫലഭൂയിഷ്ഠിത നഷ്ടപ്പെടാതിരിക്കുന്നതിന് ആവശ്യമായ നടപടികൾ കൂടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 8)

സർക്കാർ സ്വീകരിച്ച നടപടി

വയനാട്ടിൽ നടപ്പിലാക്കുന്ന പ്രത്യേക കുരുമുളക് പാക്കേജ് പദ്ധതിക്കായി സബ്ജക്ട് വിഹിതമായി 600 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഇതിൽ 286 ലക്ഷം രൂപ 'ജൈവ കുരുമുളക് കൃഷിയുടെ പ്രോത്സാഹനം' എന്ന പദ്ധതിക്ക് ഹെക്ടറിന്

10,000 രൂപ നിരക്കിൽ കർഷകർക്ക് ധനസഹായം ലഭ്യമാക്കിയിട്ടുണ്ട്. ജൈവ കുരുമുളക് കൃഷി പദ്ധതി വഴി മണ്ണിന്റെ ഫലഭൂയിഷ്ഠത മെച്ചപ്പെടുകയും ഗുണമേന്മ യുള്ള കുരുമുളക് കർഷകർക്ക് ലഭ്യമാക്കുകയും ചെയ്തു. കൂടാതെ കുരുമുളക് വള്ളി പടർന്ന് കയറുവാൻ വളർത്തുന്ന മരങ്ങളുടെ കീടരോഗബാധ കുറയ്ക്കുവാൻ ലക്ഷ്യമിട്ട് കൂടുതൽ രോഗകീട പ്രതിരോധശേഷിയുള്ള മരങ്ങൾ താങ്ങുമരങ്ങളായി നട്ടു വളർത്തുവാൻ കർഷകർക്ക് തൈയൊന്നിന് 10 രൂപ നിരക്കിൽ ധനസഹായം ലഭ്യമാക്കുവാൻ 82.50 ലക്ഷം രൂപയുടെ ഒരു പദ്ധതിയും നടപ്പിലാക്കിവരുന്നു.

പ്രത്യേക കുരുമുളക് പദ്ധതിയിൻകീഴിൽ മണ്ണിന്റെ ഫലഭൂയിഷ്ഠത സംബന്ധിച്ച് വിശദമായ പഠനം നടത്തുന്നതിനും കുരുമുളകിന്റെ മാരക കീടരോഗ ങ്ങൾ നിയന്ത്രണ വിധേയമാക്കുന്നതിനും പ്രകൃതി സന്തുലിതാവസ്ഥ നിലനിർത്തുന്ന തരത്തിൽ സംയോജിത കീടരോഗ നിയന്ത്രണ മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനുള്ള ഗവേഷണ പദ്ധതികൾ നടപ്പിലാക്കുന്നതിനും കേരള കാർഷിക സർവ്വകലാശാലയും ഐ.ഐ.എസ്.ആർ. കോഴിക്കോടിനേയും ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതിക്കായി കാർഷിക സർവ്വകലാശാലയ്ക്ക് 15,000 ലക്ഷം രൂപയും ഐ.ഐ. എസ്.ആർ. കോഴിക്കോടിന് 50 ലക്ഷം രൂപയും ലഭ്യമാക്കിയിട്ടുണ്ട്.

2401-00-109-79—<u>കർഷക ക്ഷേമ പദ്ധതി</u>

<u>ശുപാർശ</u>

കർഷകർക്ക് പെൻഷൻ നൽകുവാൻ കേരളത്തിൽ ആരംഭിച്ച ഈ പദ്ധതിയിൽ നെൽകർഷകർക്ക് പുറമേ 2010-11 സാമ്പത്തിക വർഷത്തിൽ നാളികേര കർഷ കർക്കുകൂടി പെൻഷൻ വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നതായി സമിതി മനസ്സിലാ ക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 5 കോടി രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 9)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

കേര കർഷകർക്ക് പെൻഷൻ നൽകുന്ന പദ്ധതിക്ക് ഇതേവരെ അന്തിമ തീരുമാനമായിട്ടില്ല. തീരുമാനമാകുന്ന മുറയ്ക്ക് അധിക തുക വകയിരുത്തുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

2401-00-800-48—<u>ലോക വ്യാപാര സംഘടനയുടെ സെക്രട്ടേറിയറ്റ് സെൽ</u>

<u>ശുപാർശ</u>

ലോകവ്യാപാര സംഘടനയുമായി ബന്ധപ്പെട്ട് കാർഷിക മേഖലയിലുണ്ടാകുന്ന പ്രത്യാഘാതങ്ങൾ നേരിടുന്നതിനായി സെക്രട്ടേറിയറ്റിൽ രൂപീകരിച്ചിട്ടുള്ള സെല്ലിന്റെ പ്രവർത്തന ചെലവുകൾക്കായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്ത മാകയാൽ ഈ ശീർഷകത്തിൽ 5 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണ മെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 13)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

പ്ലാനിംഗ് കമ്മീഷനിൽ നിന്ന് ഡെപ്യൂട്ടേഷനിൽ ഡബ്ല്യൂ. ടി. ഒ. സെല്ലിന്റെ സ്പെഷ്യൽ ഓഫീസറായി ചുമതല വഹിച്ചിരുന്ന ഉദ്യോഗസ്ഥ, ഡെപ്യൂട്ടേഷൻ കാലാവധി പൂർത്തിയാക്കി മാതൃ വകുപ്പിലേക്ക് തിരികെ പോയതിനെത്തുടർന്ന് ഡബ്ല്യൂ. ടി. ഒ. സെല്ലിന് ഇപ്പോൾ ഒരു മുഴുവൻ സമയ സ്പെഷ്യൽ ഓഫീസർ ഇല്ല. കൃഷി പി. പി. എം. സെൽ ഡയറക്ടറാണ് സ്പെഷ്യൽ ഓഫീസറുടെ അധിക ചുമതല നിർവ്വഹിച്ച് വരുന്നത്. മുഴുവൻ സമയ സ്പെഷ്യൽ ഓഫീസർ ഇല്ലാത്തത് കാരണം ഡബ്ല്യൂ.ടി.ഒ. സെല്ലിന് ഇപ്പോൾ ഏറ്റെടുക്കാൻ കഴിയുന്ന പ്രവർത്തനങ്ങൾക്ക് പരിമിതികളുണ്ട്. മുഴുവൻ സമയ സ്പെഷ്യൽ ഓഫീസർ ചുമതലയെടുക്കുകയും കൂടുതൽ പ്രവർത്തനങ്ങൾ ഏറ്റെടുക്കുകയും ചെയ്യുന്ന മുറയ്ക്ക് അധികം തുക വക യിരുത്തുന്ന കാര്യം പരിഗണിക്കുന്നതാണ്.

<u>പൊതുശുപാർശകൾ</u>

പശ്ചിമ ഘട്ട വികസനവുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ നടപ്പിലാക്കുന്നതിന് അനുവദിച്ചിട്ടുള്ള തുക വിവിധ വകുപ്പുകളുടെ ഏകോപനമില്ലായ്മമൂലം വിനിയോഗി ക്കപ്പെടാത്ത അവസ്ഥയിലാണെന്ന് സമിതി മനസ്സിലാക്കുന്നു. ഇത്തരം പദ്ധതികൾ നടപ്പിലാക്കുമ്പോൾ കൃഷി, സോയിൽ സർവ്വേ, സോയിൽ കൺസർവേഷൻ, തദ്ദേശ സ്വയംഭരണം എന്നീ വകുപ്പുകൾ ഏകോപനത്തോടെ പ്രവർത്തിച്ച് അനുവദിച്ച തുക പൂർണ്ണമായും ഫലപ്രദമായും വിനിയോഗിക്കുന്നുവെന്ന് ഉറപ്പു വരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 20)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ശുപാർശയുടെ അടിസ്ഥാനത്തിൽ പശ്ചിമഘട്ട വികസനവുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ നടപ്പിലാക്കുന്നതിന് അനുവദിച്ചിട്ടുള്ള തുക വിവിധ വകുപ്പുകൾ ഏകോപനത്തോടെ പ്രവർത്തിച്ച് അനുവദിച്ച തുക പൂർണ്ണമായും ഫലപ്രദമായും വിനിയോഗിക്കുന്നതിനുവേണ്ടി ജില്ലാ പ്ലാനിംഗ് ഓഫീസർമാർ, കൃഷി, സോയിൽ സർവ്വേ, സോയിൽ കൺസർവേഷൻ, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥൻമാർ, ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർ എന്നിവരുടെ ഒരു യോഗം 9-12-2010-ന് ബഹു. വകുപ്പ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ തൈക്കാട് ഗവൺമെന്റ് ഗസ്റ്റ് ഹൗസിൽ വിളിച്ചു ചേർത്തു. പ്രസ്തുത യോഗത്തിൽ നീർത്തട പദ്ധതികൾക്ക് വേണ്ടി അനുവദിച്ചിട്ടുള്ള ഫണ്ട് പൂർണ്ണമായും ഫലപ്രദമായും വിനിയോഗിക്കുന്നതിനെക്കുറിച്ച് അവലോകനം നടത്തുകയും പൂർത്തിയാക്കാത്തവ അടിയന്തിരമായി പൂർത്തീകരിക്കുന്നതിന് കർശന നിർദ്ദേശം നൽകുകയും ചെയ്തു. പ്രസ്തുത പദ്ധതി പ്രവർത്തനങ്ങൾ ഇപ്പോൾ വളരെ ധൃതഗതിയിൽ പുരോഗമിച്ചു കൊണ്ടിരിക്കുകയാണ്. കൂടാതെ സർക്കാരിന്റെ 100 ദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി കഴിഞ്ഞ പഞ്ചവത്സര പദ്ധതിയിൽ അനുമതി നൽകിയതും പൂർത്തീ കരിക്കാത്തതുമായ എല്ലാ നീർത്തട പദ്ധതികളും അടിയന്തിരമായി പൂർത്തിയാക്കുന്ന തിന് വേണ്ടി ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകുകയും ആയതിൻപ്രകാരം എല്ലാ

ജില്ലകളിലും ഇപ്പോൾ അവലോകന യോഗങ്ങൾ നടക്കുകയും ചെയ്യുന്നു. പ്രസ്തുത യോഗങ്ങളിൽ ബന്ധപ്പെട്ട എല്ലാ വകുപ്പുകളേയും സംയോജിപ്പിച്ചുകൊണ്ട് പദ്ധതി അടിയന്തിരമായി പൂർത്തിയാക്കുന്നതിനുവേണ്ട നടപടികളും ആരംഭിച്ചിട്ടുണ്ട്. ആയതിന്റെ റിപ്പോർട്ട് ഓരോ പതിനഞ്ചു ദിവസങ്ങളിലും പശ്ചിമഘട്ട സെല്ലിൽ എത്തിക്കാൻ എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

<u>ശുപാർശ</u>

കേരളത്തിലെ പശ്ചിമഘട്ടത്തിൽ ജലം ഭൂമിക്കടിയിലേക്ക് ആവാഹിക്കുന്നതും സംഭരിക്കുന്നതുമായ ഐഡിയൽ സ്പോട്ടുകൾ കണ്ടെത്തുകയും സംരക്ഷിക്കുകയും ചെയ്യേണ്ടത് അത്യന്താപേക്ഷിതമാണ്. ആയതിനാൽ പശ്ചിമഘട്ട വികസന പദ്ധതി യിലുൾപ്പെടുത്തി ഇതിനായി ഒരു മാപ്പ് തയ്യാറാക്കുകയും ഇങ്ങനെയുള്ള സ്ഥലങ്ങൾ സംരക്ഷിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപന ങ്ങളെ ചുമതലപ്പെടുത്തുകയും ചെയ്യണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 21)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ഇക്കാര്യത്തിൽ പശ്ചിമഘട്ട സെൽ ഉദ്യോഗസ്ഥരും മണ്ണ് പരിശോധനാവകുപ്പ് ഉദ്യോഗസ്ഥരും കൂടിയാലോചിച്ച് നടപടികൾക്ക് രൂപം നൽകുകയും ഇതിലേക്കായി ഒരു വർഷത്തെ പദ്ധതി നിർദ്ദേശങ്ങൾ അഡീഷണൽ ഡയറക്ടർ, സോയിൽ സർവ്വേ സമർപ്പിക്കാമെന്ന് സമ്മതിക്കുകയും ചെയ്തു. പദ്ധതി നിർദ്ദേശം ലഭ്യമായാൽ ഉടൻ തന്നെ ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന്റെ അനുമതി ലഭ്യമാക്കി നടപ്പിലാക്കു ന്നതാണ്. ഇതിലേക്കായി ചെലവ് വരുന്ന തുക ഈ വർഷത്തെ മോണിറ്ററിംഗ് ആന്റ് ഇവാല്യുവേഷനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## ധനാഭ്യർത്ഥന നമ്പർ XXX—ഭക്ഷ്യം

4408-02-190-99—<u>കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷൻ മുതൽമുടക്ക്</u>

<u>ശുപാർശ</u>

കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷന് തൃശ്ശൂർ, കോഴിക്കോട് ജില്ലകളിൽ ഗോഡൗണുകൾ സ്ഥാപിക്കുന്നതിന് ആവശ്യമായ പദ്ധതി നടപ്പിലാക്കി വരുന്നു. സംസ്ഥാനവിഹിതത്തിന് ആനുപാതികമായാണ് കേന്ദ്രവിഹിതം അനുവദി ക്കുന്നതെന്ന വസ്തുത കണക്കിലെടുത്ത് ഈ ശീർഷകത്തിൽ 1 കോടി 10 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 22)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷൻ കണക്കുകൾ പൂർത്തിയാ ക്കാത്ത സാഹചര്യത്തിൽ കേന്ദ്രവിഹിതം 2008-09 മുതൽ ലഭ്യമാക്കിയിട്ടില്ല.

കൂടാതെ സംസ്ഥാന സർക്കാർ വിഹിതം 75 ലക്ഷം രൂപ കേന്ദ്രവിഹിതത്തെക്കാൾ കൂടുതൽ നൽകിയിട്ടുണ്ട്. സംസ്ഥാന വിഹിതത്തിനാനുപാതികമായ കേന്ദ്രവിഹിതം കേരള സ്റ്റേറ്റ് വെയർഹൗസിംഗ് കോർപ്പറേഷൻ നേടിയെടുക്കാത്തതിനാലും കഴിഞ്ഞ (2010-11) സാമ്പത്തിക വർഷത്തിലെ ശുപാർശകൾക്ക് ടി സാമ്പത്തിക വർഷം അവസാനിച്ച സ്ഥിതിക്ക് പ്രസക്തിയില്ലാത്തതിനാലും ശുപാർശ നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ലായെന്ന വിവരം വിഷയനിർണ്ണയസമിതിയെ അറിയിക്കുന്നു.

## ധനാഭ്യർത്ഥന നമ്പർ XXXI—മൃഗസംരക്ഷണം

2400-101-84—ജീവശാസ്ത്രപരമായ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള കേന്ദ്രം

ശുപാർശ

മൃഗസംരക്ഷണ വകുപ്പിനാവശ്യമായ വാക്സിനുകൾ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുന്ന സ്ഥാപനമാണ് പാലോട് പ്രവർത്തിച്ചുവരുന്ന ബയോളജിക്കൽ പ്രൊഡക്ഷൻ കോംപ്ലക്സ്. പ്രസ്തുത കോംപ്ലക്സിനോട് അനുബന്ധിച്ച് അത്യാവശ്യ മരുന്നുകൾ നിർമ്മിക്കുന്നതിനുള്ള ഒരു ഫാർമസ്യൂട്ടിക്കൽ വിംഗ് സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ 2009-10 വർഷം ആരംഭിക്കുകയുണ്ടായി. കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരികയാണ്. കെട്ടിട നിർമ്മാണം പൂർത്തിയാകുന്ന മുറയ്ക്ക് പ്രവർത്തനം ആരംഭിക്കേണ്ടതിനാൽ ഫാർമസ്യൂട്ടിക്കൽ നിർമ്മാണത്തിനാവശ്യമായ ഉപകരണങ്ങളും സാധനസാമഗ്രികളും വാങ്ങുന്നതിന് 50 ലക്ഷം രൂപ അധികമായി ആവശ്യമാണ്. ഈ ഇൻസ്റ്റിറ്റ്യൂട്ടിന് ജി.എം.പി. (Good Manfacturing Practices) നിലവാരത്തിലേക്ക് ഉയർത്തുന്നതിന്റെ ആദ്യപടിയായി 2009-2010 വർഷം 215 ലക്ഷം രൂപ അനുവദിച്ചിരുന്നു. പൊതുമരാമത്ത് വകുപ്പ് ചുമതലപ്പെടുത്തുന്ന വിദഗ്ദ്ധർ വഴി നടത്താനുദ്ദേശിക്കുന്ന പ്രസ്തുത പ്രവർത്തനങ്ങളിലൂടെ പൂർത്തീകരണത്തിനായി 150 ലക്ഷം രൂപ അധികമായി ആവശ്യമുണ്ട്. ആയതിനാൽ ഈ ശീർഷകത്തിൽ 200 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 23)

സർക്കാർ സ്വീകരിച്ച നടപടി

പാലോട് വെറ്ററിനറി ബയോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ ഫാർമസ്യൂട്ടിക്കൽ വിംഗ് സ്ഥാപിക്കുന്നതിനും നിലവിലുള്ള ലാബിനെ ജി.എം.പി. നിലവാരത്തിൽ ഉയർത്തുന്നതിനുമായി 200 ലക്ഷം രൂപ അധികമായി അനുവദിക്കുന്നതിന് സമിതി ശുപാർശ ചെയ്തിരുന്നു.

ഫാർമസ്യൂട്ടിക്കൽ വിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ആനിമൽ ഹെൽത്ത് ആന്റ് വെറ്ററിനറി ബയോളജിക്കൽസിൽ സ്ഥാപിക്കുന്നതിന് 13-ാമത്തെ ധനകാര്യകമ്മീഷൻ 190 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഈ തുക 2011-12 മുതൽ സംസ്ഥാനത്തിന് ലഭിക്കും. ഇത് കൂടാതെ ബയോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിനെ ജി.എം.പി. നിലവാരത്തിൽ ഉയർത്തുന്നതിന്

മൊത്തം 4 കോടി 62 ലക്ഷം രൂപയാണ് മരാമത്ത് വകുപ്പ് കണക്കാക്കിയിട്ടുള്ളത്. ഇതിൽ 2009-10 കാലഘട്ടത്തിൽ ഇതിന്റെ ആദ്യപടിയായി 205 ലക്ഷം രൂപ മരാമത്ത് വകുപ്പിന് നൽകി കഴിഞ്ഞു.

ബാക്കിയുള്ള തുക രണ്ടാം ഘട്ടത്തിന് ലഭ്യമാക്കുന്നതിന് 2403-101-84 ശീർഷകത്തിൽ ജി.ഒ. (ആർറ്റി.)നമ്പർ 978/10/എ.ഡി. തീയതി 28-5-2010 എന്ന ഉത്തരവ് പ്രകാരം 100 ലക്ഷം രൂപ അനുവദിച്ചു കഴിഞ്ഞു. ഇതു കൂടാതെ 75% കേന്ദ്രാവിഷ്കൃത പദ്ധതിയായ അസ്കാർഡ് എന്ന പദ്ധതിയിൻകീഴിൽ 115 ലക്ഷം രൂപയിൽ 49 ലക്ഷം രൂപ പൊതുമരാമത്ത് വകുപ്പിന് നൽകിയിട്ടുണ്ട്.

2403-00-103-90—താറാവ് ഉൽപ്പാദനം, ക്ഷയിൽ വികസനം

ശുപാർശ

മൃഗസംരക്ഷണവകുപ്പിന്റെ കീഴിൽ നിരണം എന്ന സ്ഥലത്തെ താറാവ് വളർത്തൽ കേന്ദ്രം മാത്രമാണ് ഇപ്പോഴുള്ളത്. കുട്ടനാട് കഴിഞ്ഞാൽ താറാവ് കൃഷിക്ക് അനുയോജ്യമായ മറ്റൊരു സ്ഥലം വിശാലമായ പാടശേഖരങ്ങളുള്ള തൃശ്ശൂർ കോൾ മേഖലയും കാട്ടാമ്പള്ളി മേഖലയുമാണ്. വടക്കൻ മേഖലയിൽ കൂടി ഒരു താറാവ് വളർത്തൽ കേന്ദ്രം സ്ഥാപിക്കേണ്ടത് അത്യാവശ്യമാണ്. വടക്കൻ മേഖലയിൽ താറാവ് വളർത്തൽ കേന്ദ്രം തുടങ്ങുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 24)

സർക്കാർ സ്വീകരിച്ച നടപടി

കണ്ണൂർ ജില്ലയിൽ കൊമേരി ആടു വളർത്തൽ കേന്ദ്രത്തോട് ചേർന്ന് വടക്കൻ മേഖലയിൽ ഒരു താറാവ് വളർത്തൽ കേന്ദ്രം തുടങ്ങാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. 1000 താറാവിൻ മുട്ട വിരിയിക്കാനുള്ള ഹാച്ചറിയുടെയും താറാവിൻ കുഞ്ഞുങ്ങളെ വളർത്താനുള്ള ബ്രൂഡറിന്റെയും ഷെഡ് നിർമ്മിക്കാനുള്ള എസ്റ്റിമേറ്റ് 4403-103-97 പ്ലാൻ ഹെഡ് ഓഫ് അക്കൗണ്ടിൽ 20 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഈ സാമ്പത്തിക വർഷം 60.5 ലക്ഷം രൂപ RLVY പദ്ധതി പ്രകാരം വകയിരുത്തിയിട്ടുണ്ട്.

ശുപാർശ

തീറ്റയുടെയും പിതൃശേഖരത്തിന്റെയും വില കൂടിയത് കാരണം ഈ സാമ്പത്തിക വർഷം ഈ ഇനത്തിൽ പത്തുലക്ഷം രൂപ കൂടി അധികമായി ആവശ്യമായി വരും. ആയതിനാൽ ഇക്കാര്യങ്ങൾക്ക് ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 25)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

വടക്കൻ മേഖലയിൽ കോമേരി ഗോട്ട് ഫാം കേന്ദ്രീകരിച്ച് ഒരു താറാവ് വളർത്തൽ കേന്ദ്രം ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. 4403-103-97 എന്ന മൂലധന ശീർഷകത്തിലൂടെ 20 ലക്ഷം രൂപ ഈ താറാവ് യൂണിറ്റ് ആരംഭിക്കുന്നതിന് വർക്കിംഗ് കമ്മിറ്റി അംഗീകരിച്ചിട്ടുണ്ട്. ഇത് കൂടാതെ തീറ്റച്ചെലവിനായി 31.50 ലക്ഷം രൂപ റീ അപ്രോപ്രിയേഷൻ മുഖേന കണ്ടെത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

2403-00-103-89—<u>കോഴി വളർത്തൽ കേന്ദ്രങ്ങളും കോഴി ഉൽപ്പാദന വികസനവും</u>

<u>ശുപാർശ</u>

ഈ വർഷം സംസ്ഥാനത്താകെ 20 ലക്ഷത്തോളം കോഴിക്കുഞ്ഞുങ്ങളെ ആവശ്യമായി വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. ഇതിനായി വകുപ്പിന്റെ കീഴിലുള്ള ഫാമുകളിൽ കൂടുതൽ മാതൃ, പിതൃ ശേഖരത്തെ വളർത്തേണ്ടതായിട്ടുണ്ട്. കോഴിത്തീറ്റയുടെയും പിതൃശേഖരത്തിന്റെയും വില വർദ്ധിച്ചതുകാരണം ബഡ്ജറ്റിൽ വകക്കൊള്ളിച്ചിട്ടുള്ള 75 ലക്ഷം രൂപ അപര്യാപ്തമാണ്. ആയതിനാൽ 50 ലക്ഷം രൂപ അധികമായി ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 26)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

സംസ്ഥാനത്താകെ 20 ലക്ഷത്തോളം കോഴിക്കുഞ്ഞുങ്ങളെ ഈ വർഷം ആവശ്യമായി വരുന്ന സാഹചര്യത്തിൽ എല്ലാ കോഴി ഫാമുകളിലേയും സൗകര്യങ്ങൾ പരമാവധി പ്രയോജനപ്പെടുത്തിയും പുതിയ പിതൃശേഖരം (ആവശ്യമായി വരുന്നപക്ഷം) വാങ്ങിയും പരമാവധി ഹാച്ചിംഗ് എഗ്സ്സ് വച്ച് കുഞ്ഞുങ്ങളെ വിരിയിച്ച് വളർത്താനും നടപടി സ്വീകരിച്ചിട്ടുണ്ട്. ബഡ്ജറ്റ് വിഹിതം 75 ലക്ഷം രൂപ ഉണ്ടായിരുന്നത് റീ അപ്രോപ്രിയേഷൻ വഴി 163.15 ലക്ഷം രൂപയായി ഉയർത്തിയിട്ടുണ്ട്.

2403-00-190-94—<u>കെ.എസ്.പി.ഡി.സി.ക്ക് ധനസഹായം</u>

<u>ശുപാർശ</u>

കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷന്റെ കീഴിലുള്ള കോഴിവളർത്തൽ കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം, കോഴിമുട്ട ഉല്പാദന പദ്ധതി, മുട്ടയുടെയും ഇറച്ചിയുടെയും ഉല്പാദനത്തിനുള്ള അടിസ്ഥാന സൗകര്യമൊരുക്കൽ എന്നിവയ്ക്കു വേണ്ടിയാണ് ഈ ശീർഷകത്തിൽ തുക വകയിരുത്തുന്നത്. അധികമായി കോഴിക്കുഞ്ഞുങ്ങളെ ഉല്പാദിപ്പിക്കുന്നതിന് പേരന്റ് സ്റ്റോക്കിനെ വികസിപ്പിക്കുന്നതിനും ഫാമുകളിൽ കോഴിത്തീറ്റ, മരുന്ന് എന്നിവ

വാങ്ങാനും ഫാമുകളുടെ ദൈനംദിന പ്രവർത്തനത്തിനും തുക ആവശ്യമാണ്. ആയതിനാൽ ഫാമുകളുടെ അടിസ്ഥാന സൗകര്യം വികസിപ്പിക്കുന്നതിനും തീറ്റ, മരുന്ന് എന്നിവ വാങ്ങുന്നതിനും ഫാമുകളുടെ ദൈനംദിന പ്രവർത്തനങ്ങൾക്കുമായി 150 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 27)

സർക്കാർ സ്വീകരിച്ച നടപടി

സംസ്ഥാന ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുള്ള 190 ലക്ഷം രൂപ 3-6-2010-ലെ ജി.ഒ. ആർറ്റി. നമ്പർ 1015/2010/എ.ഡി. എന്ന ഉത്തരവ് പ്രകാരം കെ.എസ്.പി.ഡി.സി. യ്ക്ക് നൽകി കഴിഞ്ഞു. ഇത് കൂടാതെ, ഭക്ഷ്യസുരക്ഷാ പദ്ധതിയിൻകീഴിൽ 2403-00-800-70 എന്ന ശീർഷകത്തിൽ ആഭ്യന്തര മുട്ട ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി വകയിരുത്തിയ 11 കോടി രൂപയിൽ 1 കോടി രൂപ കെ.എസ്.പി.ഡി.സി. യുടെ ഫാമുകൾ ശക്തിപ്പെടുത്തുന്നതിനും തീറ്റ, പിതൃശേഖരം മുതലായവ വാങ്ങുന്നതിനും അനുവദിച്ചിട്ടുണ്ട്.

2403-00-190-93—എം.പി.ഐ.യ്ക്ക് സഹായം

ശുപാർശ

കുടുംബശ്രീകളുടെയും ജില്ലാ പഞ്ചായത്തുകളുടെയും സഹകരണത്തോടെ കേരളത്തിലുടനീളം മാംസവിപണനശൃംഖല വിപുലീകരിക്കുന്നതിനായി 340 വിപണന കേന്ദ്രങ്ങളിൽ ഗാഢശീതീകരണി സൗകര്യങ്ങൾ ഒരുക്കുന്നതിനും എം.പി.ഐ.യിലെ സ്റ്റോറേജ് സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും പദ്ധതിയുണ്ട്. മേൽപ്പറഞ്ഞ പദ്ധതികൾ നടപ്പിലാക്കിയാൽ വരും വർഷങ്ങളിൽ എം.പി.ഐ.യെ ലാഭത്തിലെത്തിക്കാൻ കഴിയുമെന്ന് പ്രത്യാശിക്കുന്നതായി സമിതിക്ക് മനസ്സിലാക്കാൻ കഴിഞ്ഞു. ആയതിനാൽ ഈ ശീർഷകത്തിൽ ഇപ്പോൾ അനുവദിച്ചിട്ടുള്ള 100 ലക്ഷം രൂപയ്ക്ക് പുറമെ 218.70 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 28)

സർക്കാർ സ്വീകരിച്ച നടപടി

കൂടുതൽ ധനസഹായം ലഭിക്കുന്നതിന് ആവശ്യമായ പ്രൊപ്പോസലുകളൊന്നും ലഭിച്ചിട്ടില്ല. എന്നാൽ മാംസ ഉൽപാദന കേന്ദ്രം ശക്തിപ്പെടുത്തുന്നതിന് ഗ്രാമീണ പശ്ചാത്തല വികസന നിധി (ആർ.ഐ.ഡി.എഫ്.) എന്ന പദ്ധതിയിലൂടെ 75 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

ശുപാർശ

എം.പി.ഐ.യ്ക്ക് ആവശ്യമായ അസംസ്കൃത വസ്തുവായ മാംസം ലഭിക്കുന്നതിന് ഉൽപ്പാദനകേന്ദ്രങ്ങളുമായി ധാരണയുണ്ടാക്കി തടസ്സം കൂടാതെ അസംസ്കൃത വസ്തു ലഭിക്കുന്നുവെന്ന് ഉറപ്പു വരുത്തുന്നതിന് ഉൽപാദനം, സംസ്കരണം, വിപണനം എന്നീ ഘടകങ്ങൾ ഉൾപ്പെടുത്തി ഒരു ശൃംഖല സ്ഥാപിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 29)

സർക്കാർ സ്വീകരിച്ച നടപടി

100 ലക്ഷം രൂപയാണ് മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യയ്ക്ക് 2010-11 സാമ്പത്തിക വർഷം വകയിരുത്തിയിരിക്കുന്നത്. ഇതിനു പുറമേ, RIDF പദ്ധതി പ്രകാരം 75 ലക്ഷം രൂപയും കൂടി മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യയ്ക്ക് അനുവദിച്ചിട്ടുണ്ട്.

2403-00-190-86—കേരളാ ഫീഡ്സിനുള്ള സഹായം

ശുപാർശ

കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളിയിൽ കാലിത്തീറ്റ നിർമ്മാണ യൂണിറ്റ് സ്ഥാപിക്കുന്നതിന് 7 കോടി രൂപയും മലപ്പുറം ജില്ലയിലെ ആതവനാട് ധാതു ലവണ മിശ്രിത യൂണിറ്റ്, ആടുതീറ്റ നിർമ്മാണ യൂണിറ്റ് എന്നിവ സ്ഥാപിക്കുന്നതിന് 3 കോടി 60 ലക്ഷം രൂപയും കേരള ഫീഡ്സിന്റെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുള്ള ധനസഹായമായി 50 ലക്ഷം രൂപയും ഉൾപ്പെടെ ഈ ശീർഷകത്തിൽ 1,133 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 30)

സർക്കാർ സ്വീകരിച്ച നടപടി

കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളിയിൽ തീറ്റ നിർമ്മാണ യൂണിറ്റ് സ്ഥാപിക്കാൻ 5 കോടി രൂപയാണ് ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുള്ളത്. ഈ തുക കേരള ഫീഡ്സ് ലിമിറ്റഡിന് നൽകിയിട്ടുണ്ട്. ഇതിനു പുറമേ, 1,200 ലക്ഷം രൂപ കൂടി RIDF പദ്ധതി പ്രകാരം 2011-12 സാമ്പത്തിക വർഷം അനുവദിച്ചിട്ടുണ്ട്.

2403-00-800-73—പക്ഷിപ്പനി ബാധിച്ച പക്ഷികളെ നശിപ്പിച്ച് മറവ് ചെയ്യുന്നതിനുള്ള നഷ്ടപരിഹാരം (50% സി.എസ്.എസ്.)

ശുപാർശ

പക്ഷിപ്പനി ഉണ്ടാകുന്ന സാഹചര്യത്തിൽ നശിപ്പിക്കപ്പെടുന്ന പക്ഷികൾക്ക് കേന്ദ്ര സർക്കാർ നിരക്കിൽ നഷ്ടപരിഹാരം നൽകേണ്ടതുണ്ട്. എന്നാൽ ഈ സാമ്പത്തികവർഷം ഈ ശീർഷകത്തിൽ തുകയൊന്നും അനുവദിച്ചിട്ടില്ല. ആയതിനാൽ ടോക്കൺ പ്രൊവിഷനായി ഒരു ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 31)

സർക്കാർ സ്വീകരിച്ച നടപടി

പക്ഷിപ്പനി ബാധിച്ച പക്ഷികളെ നശിപ്പിച്ച് മറവ് ചെയ്യുന്നതിനുള്ള നഷ്ട പരിഹാരം നൽകേണ്ടി വരികയാണെങ്കിൽ നൽകുന്നതിനായി ബഡ്ജറ്റിൽ 1,000 രൂപ ടോക്കൺ പ്രൊവിഷനായി കഴിഞ്ഞ സപ്ളിമെന്ററി ഡിമാന്റ് ഫോർ ഗ്രാന്റിൽ അനുവദിച്ചിട്ടുണ്ട്.

2403-00-800-72—സംയോജിത കന്നുകാലിവികസനം (ഒറ്റത്തവണ അധിക കേന്ദ്ര സഹായം)

ശുപാർശ

ഈ പദ്ധതി പൂർണ്ണമായും കേന്ദ്ര സഹായത്തെ അടിസ്ഥാനപ്പെടുത്തിയിട്ടുള്ള താണ്. ഈ പദ്ധതിക്കായി 10 കോടി രൂപ കേന്ദ്ര സഹായം ലഭിച്ചുവെങ്കിലും സംസ്ഥാന ധനകാര്യവകുപ്പ് മൂന്നു കോടി രൂപ മാത്രമെ അനുവദിച്ചുള്ളു. പൂർണ്ണ മായും കേന്ദ്രസഹായത്തോടെ നടപ്പിലാക്കിയ പദ്ധതി എന്ന നിലയിലും മുഴുവൻ തുകയും കേന്ദ്രസർക്കാർ അനുവദിച്ചുവെന്ന വസ്തുതയും കണക്കിലെടുത്ത് കേന്ദ്ര സഹായമായി ലഭിച്ച തുകയിലെ ബാക്കി 7 കോടി രൂപ കൂടി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് ധനകാര്യ വകുപ്പിനോട് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 32)

സർക്കാർ സ്വീകരിച്ച നടപടി

കഴിഞ്ഞ സപ്ളിമെന്ററി ഡിമാന്റ് ഫോർ ഗ്രാന്റ്സ് പ്രകാരം 700 ലക്ഷം രൂപ ഈ പദ്ധതിക്കായി അധികമായി തുക അനുവദിച്ച് തരികയും പദ്ധതിയുടെ നടത്തിപ്പ് തുടങ്ങുന്നതിന് സാധിക്കുകയും ചെയ്തിട്ടുണ്ട്.

2403-00-800-66—കേരള കാർഷിക സർവ്വകലാശാലയ്ക്കുള്ള ധനസഹായം

ശുപാർശ

മൃഗാരോഗ്യ പരിപാലന ഗവേഷണ വ്യാപനരംഗത്തെ പ്രശ്നങ്ങൾ നേരിടുന്ന തിന് കേരള കാർഷിക സർവ്വകലാശാലയ്ക്ക് 10 ലക്ഷം രൂപ, മൃഗസംരക്ഷണ വകുപ്പ് വ്യാപന സേവനങ്ങൾക്കായി സ്ഥാപിച്ചിട്ടുള്ള ടച്ച് സ്ക്രീൻ കീയോസ്കുകളുടെ ഉള്ളടക്കം വർദ്ധിപ്പിക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനായി 75 ലക്ഷം രൂപ എന്നിങ്ങ നെയാണ് ഈ ശീർഷകത്തിൻകീഴിലെ ചെലവിനങ്ങൾ. സംസ്ഥാനത്ത് പൂക്കോട് ആസ്ഥാനമാക്കി ഒരു വെറ്ററിനറി യൂണിവേഴ്സിറ്റി സ്ഥാപിക്കുന്നതിനും കോലാഹല മേട്ടിൽ ഒരു ഡയറി സയൻസ് കോളേജ് ആരംഭിക്കുന്നതിനും നടപടിയുണ്ട്. എന്നാൽ ഇക്കാര്യങ്ങൾക്കായി തുകയൊന്നും വകയിരുത്തിയിട്ടില്ല. ആയതിനാൽ വെറ്ററിനറി യൂണിവേഴ്സിറ്റി സ്ഥാപിക്കുന്നതിന് 100 ലക്ഷം രൂപ അനുവദിക്കുന്നതിനോടൊപ്പം ഡയറി സയൻസ് കോളേജ് ആരംഭിക്കുന്നതിന് ആവശ്യമായ തുകയും അധികമായി ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 33)

സർക്കാർ സ്വീകരിച്ച നടപടി

ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുള്ള 100 ലക്ഷം രൂപയ്ക്ക് പൂക്കോട് വെറ്ററിനറി കോളേജിൽ നിന്നും ലഭിച്ച പ്രൊപ്പോസൽ വർക്കിംഗ് ഗ്രൂപ്പിൽ സമർപ്പിച്ചിട്ടുണ്ട്. മേൽ തുകയിൽ 25 ലക്ഷം രൂപ വർക്കിംഗ് ഗ്രൂപ്പ് അംഗീകരിച്ച് ബാക്കിയുള്ള 75 ലക്ഷം രൂപ വെറ്ററിനറി യൂണിവേഴ്സിറ്റിയുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് നൽകിയിട്ടുണ്ട്. ഇത് കൂടാതെ സപ്ളിമെന്ററി ഡിമാന്റ് ഫോർ ഗ്രാന്റ് മുഖേന കൃഷി വകുപ്പിൻകീഴിൽ 2415 അഗ്രിക്കൾച്ചർ റിസർച്ച് ആന്റ് എഡ്യൂക്കേഷൻ-03-ആനിമൽ ഹസ്ബന്ററി-277 എഡ്യൂക്കേഷൻ-99-കേരള വെറ്ററിനറി ആന്റ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റി എന്ന പുതിയ ശീർഷകത്തിൽ 100 ലക്ഷം രൂപ അധികമായി കൃഷി വകുപ്പിന്റെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

4403-00-800-97—ആർ.ഐ.ഡി.എഫ്. XII-ന്റെ കീഴിൽ നബാർഡിന്റെ സഹായത്തോടെ പുതിയ പദ്ധതികളുടെ നടപ്പാക്കൽ

ശുപാർശ

നബാർഡിന്റെ ഗ്രാമീണ പാശ്ചാത്തലനിധി ലഭിക്കുന്നതിന് വകുപ്പിന്റെ കീഴിലുള്ള വിവിധ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യം വിപുലീകരിക്കുന്നതിനും ബ്രഹ്മഗിരി പ്രോജക്ട്, എൽ.പി.ഐ. എന്നീ സ്ഥാപനങ്ങളുടെ പശ്ചാത്തല സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും തുക ആവശ്യമായതിനാൽ 500 ലക്ഷം രൂപ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 34)

സർക്കാർ സ്വീകരിച്ച നടപടി

ആർ.ഐ.ഡി.എഫ്.-ൽ സപ്ളിമെന്ററി ഡിമാന്റ് ഫോർ ഗ്രാന്റ്സ് മുഖേന 500 ലക്ഷം രൂപ ബ്രഹ്മഗിരി പദ്ധതി, എം.പി.ഐ. എന്നിവയ്ക്ക് വേണ്ടി ലഭിച്ചിട്ടുണ്ട്. ഇതിനുപുറമേ 925 ലക്ഷം രൂപ ബ്രഹ്മഗിരി ഡവലപ്പ്മെന്റ് സൊസൈറ്റിക്കും 75 ലക്ഷം രൂപ മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യയ്ക്കും 2010-11 ബഡ്ജറ്റിൽ വകയിരുത്തിയിരുന്നു.

ഗ്രാമീണ പിന്നാമ്പുറ കോഴിവളർത്തൽ പദ്ധതി-പുതിയ കേന്ദ്രാവിഷ്കൃത പദ്ധതി

ശുപാർശ

സെൻട്രൽ പ്ലാനിംഗ് കമ്മിഷനിൽ നിന്ന് നേരിട്ട് സെൻട്രൽ ഫണ്ട് അനുവദിക്കുന്ന പദ്ധതിയാണിത്. ഈ പദ്ധതിക്ക് തുക വിനിയോഗിക്കുന്നതിന് ഇപ്പോൾ ബഡ്ജറ്റിൽ ശീർഷകം നിലവിലില്ല. ആയതിനാൽ ഈ പദ്ധതിക്കായി പുതിയ ശീർഷകം ബഡ്ജറ്റിൽ അനുവദിക്കണമെന്നും പ്ലാനിംഗ് കമ്മിഷൻ അനുവദിച്ചിട്ടുള്ള 164 ലക്ഷം രൂപ ചെലവഴിച്ചതിനുശേഷം റീ ഇംബേഴ്സ് ചെയ്യുന്ന തരത്തിലുള്ള സംവിധാനമാകയാൽ ബഡ്ജറ്റിൽ ആവശ്യമായ തുക അനുവദിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 35)

സർക്കാർ സ്വീകരിച്ച നടപടി

കഴിഞ്ഞ സപ്ളിമെന്ററി ഡിമാന്റ് ഫോർ ഗ്രാന്റ്സ് മുഖേന പുതിയ ഒരു ശീർഷകം (2403-00-103-85) അനുവദിച്ച് 164 ലക്ഷം രൂപ ബഡ്ജറ്റിൽ വക കൊള്ളിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ നടത്തിപ്പ് പുരോഗമിച്ച് വരുന്നു.

ശുപാർശ

ധനാഭ്യർത്ഥന നമ്പർ XXXI—(മൃഗസംരക്ഷണ)-ൽ നോൺ പ്ലാൻ ഇനത്തിൽ വിവിധ ആവശ്യങ്ങൾക്കായി വകുപ്പ് ആവശ്യപ്പെട്ടിട്ടുള്ള 1,28,65,000 രൂപ വിവിധ ശീർഷകങ്ങളിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 36)

സർക്കാർ സ്വീകരിച്ച നടപടി

വിവിധ ആവശ്യങ്ങൾക്കുവേണ്ടി ഉള്ള തുകയ്ക്ക് ഗവൺമെന്റിലേക്ക് പ്രൊപ്പോസൽ അയയ്ക്കുകയും അതിന് വേണ്ടിയുള്ള നടപടിയും സ്വീകരിച്ചു വരുന്നു.

## ധനാഭ്യർത്ഥന നമ്പർ XXXII—ക്ഷീരവികസനം

2404-00-102-96—ഗ്രാമീണ ക്ഷീര വ്യവസായ വികസന ഉപദേശകപ്രവർത്തനങ്ങൾ

നടപ്പുവർഷം ക്ഷീരകർഷകർക്ക് പലിശയിനത്തിൽ സബ്സിഡി നൽകുന്നതിനും 20 ഡയറി ഫ്രണ്ടിലി പഞ്ചായത്തുകളിൽ ക്ഷീരവികസന യൂണിറ്റുകൾ ആരംഭിക്കുന്നതിനും 353 ലക്ഷം രൂപയാണ് വകുപ്പ് ആവശ്യപ്പെട്ടിരുന്നത്. എന്നാൽ 100 ലക്ഷം രൂപ മാത്രമെ അനുവദിച്ചുള്ളു. വിവിധ ഓഫീസുകളിൽ സ്പാർക്ക് പദ്ധതി പ്രകാരം കമ്പ്യൂട്ടർവൽക്കരണം നടത്തുന്നതിന് 50 ലക്ഷം രൂപ ഉൾപ്പെടെ മൊത്തം 3 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 37)

സർക്കാർ സ്വീകരിച്ച നടപടി

പ്രസ്തുത ശുപാർശ അനുസരിച്ച് 2010-11 സാമ്പത്തിക വർഷത്തിൽ 20 ഡെയറി ഫ്രണ്ട്ലി പഞ്ചായത്തുകളിൽ ക്ഷീര വികസന യൂണിറ്റുകൾ ആരംഭിക്കുന്നതിനായും, സ്പാർക്ക് പദ്ധതി പ്രകാരം ഓഫീസുകൾ കമ്പ്യൂട്ടർവത്കരിക്കുന്നതിനുമായി 3.95 ലക്ഷം രൂപയുടെ പ്രൊപ്പോസൽ 20-5-2010 തീയതിയിലെ വർക്കിംഗ് ഗ്രൂപ്പ് മീറ്റിംഗ് മുമ്പാകെ സമർപ്പിച്ചിരുന്നുവെങ്കിലും ആയത് അനുവദിക്കപ്പെട്ടില്ല.

2404-00-102-79—കാലിത്തീറ്റയ്ക്കുള്ള ധനസഹായം

ശുപാർശ

ക്ഷീരകർഷകർ സഹകരണ സംഘങ്ങളിൽ അളക്കുന്ന പാലിന് ആനുപാതികമായി കാലിത്തീറ്റ കിലോയ്ക്ക് 50 പൈസ നിരക്കിൽ 2009-10-ൽ സബ്സിഡി

നൽകിയിരുന്നു. ഈ സബ്സിഡി അപര്യാപ്തമാകയാൽ ഈ സാമ്പത്തിക വർഷം കാലിത്തീറ്റ കിലോയ്ക്ക് 1 രൂപ നിരക്കിൽ സബ്സിഡി നൽകാൻ ഉദ്ദേശിക്കുന്നു. സബ്സിഡി നിരക്കിൽ ഉണ്ടാകുന്ന വർദ്ധന കണക്കിലെടുത്ത് ഈ ശീർഷകത്തിൽ 900 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 38)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

കാലിത്തീറ്റ സബ്സിഡി കിലോയ്ക്ക് 1 രൂപ നിരക്കിലാണ് നൽകി വന്നിരുന്നത്. ടി ശുപാർശ പ്രകാരം പ്രസ്തുത പദ്ധതിക്കായി 9 കോടി രൂപയുടെ പ്രൊപ്പോസൽ 2010-11-ൽ ഫസ്റ്റ് ബാച്ച് എസ്.ഡി.ജി.യിൽ സമർപ്പിച്ചിരുന്നുവെങ്കിലും ആയത് അനുവദിച്ചിട്ടില്ല. ക്ഷീരവികസന വകുപ്പിന് 2010-2011 ബഡ്ജറ്റിൽ കാലിത്തീറ്റ പദ്ധതിക്കായി 6 കോടി രൂപ അനുവദിച്ചിട്ടുണ്ട്. കൂടാതെ, 3 കോടി രൂപ അധിക തുകയ്ക്കായി ധനകാര്യവകുപ്പിന് എസ്.ഡി.ജി. നിർദ്ദേശം സമർപ്പിച്ചിട്ടുണ്ട്.

2404-00-109-95—<u>ഗുണനിയന്ത്രണ ലാബുകളുടെ ശക്തിപ്പെടുത്തൽ</u>

<u>ശുപാർശ</u>

സംസ്ഥാനത്തെ നാലു പ്രധാന ചെക്കുപോസ്റ്റുകളിൽ പാൽ പരിശോധനയ്ക്ക് സ്ഥിരം സംവിധാനം ഏർപ്പെടുത്തുന്നതിനായി ഈ ശീർഷകത്തിൽ 85 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 39)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

സമിതിയുടെ ശുപാർശ പ്രകാരമുള്ള അധിക തുകയ്ക്കായുള്ള പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. 4 ചെക്ക് പോസ്റ്റുകളിൽ പാൽ പരിശോധനയ്ക്കായി സ്ഥിരം സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള തസ്തിക സൃഷ്ടിക്കാനുള്ള നിർദ്ദേശം ധനകാര്യ വകുപ്പ് അംഗീകരിക്കുകയുണ്ടായില്ല. പ്രസ്തുത ചെക്ക് പോസ്റ്റുകളിൽ പാൽ പരിശോധനയ്ക്കാവശ്യമായ അടിസ്ഥാന സൗകര്യം വികസിപ്പിക്കുന്നതിന് ആവശ്യമായ നിർദ്ദേശം സമർപ്പിക്കുന്നതിന് ക്ഷീരവികസന വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

2404-00-109-93—<u>മിൽക്ക് ഷെഡ്ഡ് വികസന പദ്ധതി</u>

<u>ശുപാർശ</u>

ഗുണഭോക്താക്കൾക്ക് ചെറുകിട ഡയറി യൂണിറ്റുകൾ, കിടാരി വളർത്തൽ യൂണിറ്റ് എന്നിവ സ്ഥാപിക്കാൻ ധനസഹായം ലഭ്യമാക്കൽ, ഗോധന പദ്ധതി, കറവ യന്ത്രത്തിനുള്ള സബ്സിഡി നിരക്ക് 20%-ൽ നിന്ന് 50% ആയി വർദ്ധിപ്പിക്കൽ, ആവശ്യാധിഷ്ഠിത ധനസഹായം ലഭ്യമാക്കൽ, ഹീഫർ പാർക്ക് സ്ഥാപിക്കൽ, തിരുവനന്തപുരം ജില്ലയിലെ വലിയതുറ സ്വീവേജ് ഫാമിൽ ആധുനിക ഡയറിഫാം

സ്ഥാപിക്കുന്നതു സംബന്ധിച്ച തുടർ പ്രവർത്തനങ്ങൾ, പശുക്കൾക്ക് ഗർഭകാല സംരക്ഷണത്തിനുള്ള കാലിത്തീറ്റ വിതരണം എന്നീ പദ്ധതികളാണ് മിൽക്ക് ഷെഡ് പദ്ധതിയുടെ കീഴിൽ നടത്താനുദ്ദേശിക്കുന്നത്. മേൽപ്പറഞ്ഞ പദ്ധതികൾക്കായി 1,045 ലക്ഷം രൂപ ആവശ്യമാണെന്നിരിക്കെ, 600 ലക്ഷം രൂപ മാത്രമാണ് ബഡ്ജറ്റിൽ അനുവദിച്ചിട്ടുള്ളത്. ആകയാൽ 445 ലക്ഷം രൂപ കൂടി ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 40)

സർക്കാർ സ്വീകരിച്ച നടപടി

പ്രസ്തുത ശുപാർശ പ്രകാരമുള്ള അധിക തുകയ്ക്കായി 2010-11-ൽ പ്രൊപ്പോസൽ നൽകിയിരുന്നില്ല. എന്നാൽ ടി ശുപാർശ പ്രകാരമുള്ള ഇനങ്ങൾ കൂടി ഉൾപ്പെടുത്തി ആകെ 998 ലക്ഷം രൂപയുടെ പദ്ധതി പ്രൊപ്പോസൽ 2011-12-ലെ വാർഷിക പദ്ധതിക്കായി സർക്കാരിന് സമർപ്പിച്ചതിൽ 640 ലക്ഷം രൂപ 2011-12-ലെ ബഡ്ജറ്റിൽ അനുവദിച്ചു ലഭിച്ചു. കറവ യന്ത്രത്തിന്റെ സബ്സിഡി 20 ശതമാനത്തിൽ നിന്നും 50 ശതമാനമായി ഉയർത്തി 2011-12-ൽ അനുവദിച്ചിട്ടുണ്ട്. എം.എസ്.ഡി.പി. പദ്ധതിയിൽ ഉൾപ്പെട്ട പശുക്കൾക്കുള്ള കാലിത്തീറ്റ സബ്സിഡികൾക്കും കൂടുതൽ എണ്ണം ഡയറി യൂണിറ്റുകൾക്കുമായി 358 ലക്ഷം രൂപ അധികമായി അനുവദിക്കുന്നതിനുമുള്ള ശുപാർശ 2011-12-ലെ എസ്.ഡി.ജി. പ്രകാരം നൽകിയിട്ടുണ്ട്.

2404-00-190-89—കെ.എൽ.ഡി. ബോർഡിനുള്ള ധനസഹായം

ശുപാർശ

ഇടുക്കി ജില്ലയിലെ മാട്ടുപ്പെട്ടിയിലും കോലാഹലമേട്ടിലും ഹൈടെക് ഡയറി ഫാമുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതികളുടെ ആദ്യഘട്ട മരാമത്ത് പണികൾ പൂർത്തീകരിക്കുന്നതിന് വേണ്ടി 600 ലക്ഷം രൂപയും പന്നിക്കുഞ്ഞുങ്ങളുടെ ഉല്പാദനത്തിനും വിതരണത്തിനുമുള്ള അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് 25 ലക്ഷം രൂപയും ഉൾപ്പെടെ 625 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 41)

സർക്കാർ സ്വീകരിച്ച നടപടി

പ്രസ്തുത ശുപാർശ പ്രകാരം 625 ലക്ഷം രൂപ അധികമായി ലഭിക്കുന്നതിന് 2010-11-ൽ ഫൈനൽ ബാച്ച് എസ്.ഡി.ജി.യിൽ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. ടി ശുപാർശയിലെ ഒരിനമായ പന്നിക്കുഞ്ഞുങ്ങളുടെ ഉൽപ്പാദനത്തിനും വിതരണത്തിനുമുള്ള അടിസ്ഥാന സൗകര്യ വികസനത്തിനായി 25 ലക്ഷം രൂപ 2011-12 ബഡ്ജറ്റിൽ വകയിരുത്തി ലഭിച്ചിട്ടുണ്ട്. മറ്റൊരിനമായ കോലാഹല മേട്ടിലും, മാട്ടുപ്പെട്ടിയിലും ഹൈടെക് ഡയറി ഫാം സ്ഥാപിക്കുന്നതിനുമായി 325 ലക്ഷം രൂപയ്ക്കുള്ള ഭരണാനുമതി 21-8-2010-ൽ ലഭിക്കുകയുണ്ടായി. കെ.എൽ.ഡി. ബോർഡ് കോലാഹലമേട്ടിലേക്ക് 250 ലക്ഷം രൂപ ആവശ്യപ്പെട്ടിരുന്നതിൽ 125 ലക്ഷം രൂപ (50%) 2011-12 ബഡ്ജറ്റിൽ നിന്നും ലഭിച്ചു.

2404-00-195-94—<u>ക്ഷീര സഹകരണ സംഘങ്ങൾക്ക് സഹായം</u>

2404-00-195-90—<u>ക്ഷീര സഹകരണ സംഘങ്ങൾക്ക് സഹായം (ACA)</u>

<u>ശുപാർശ</u>

2009-10 സാമ്പത്തിക വർഷത്തേക്കാൾ കൂടുതലായി 52 ക്ഷീരസംഘങ്ങൾ ഇപ്പോൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും ഈ സാമ്പത്തിക വർഷം 75 ക്ഷീരസംഘങ്ങൾ പുതിയതായി രജിസ്റ്റർ ചെയ്യാൻ ലക്ഷ്യമിട്ടിട്ടുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. സംസ്ഥാനത്ത് നിലവിലുള്ള ക്ഷീര സഹകരണ സംഘങ്ങൾ ഓട്ടോമേറ്റ് ചെയ്യേണ്ടത് ആവശ്യമായതിനാൽ 10 കോടി രൂപ അധികമായി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 42)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2010-11 സാമ്പത്തിക വർഷത്തിൽ ഈ ശീർഷകത്തിൽ 10 കോടി രൂപ അഡീഷണൽ സെൻട്രൽ അസിസ്റ്റൻസ് ആയി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

2404-00-800-84—<u>കൃഷിക്കാരുടെ ഭൂമിയിലും ക്ഷീരോൽപാദന സഹകരണ സംഘങ്ങളിലും കാലിത്തീറ്റ ഉൽപാദനവും സൂക്ഷിക്കലും</u>

<u>ശുപാർശ</u>

തീറ്റപ്പുൽ ഉല്പാദനം വർദ്ധിപ്പിച്ച് പാൽ ഉല്പാദന ചെലവ് കുറയ്ക്കുന്നതിനായി കോയിപ്രം മാതൃകയിൽ വൻകിട ഫോഡർ ഫാമുകൾ സ്ഥാപിക്കുന്നതിനും 2010-11 വർഷത്തിൽ 3000 ഹെക്ടർ പ്രദേശത്ത് തീറ്റപ്പുൽ കൃഷി ചെയ്യുന്നതിനും വേനൽക്കാലങ്ങളിൽ മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് ഹേ, വൈക്കോൽ തുടങ്ങിയവ സംഭരിച്ച് സംഘങ്ങൾ മുഖാന്തിരം വിപണനം ചെയ്യുന്നതിനും മറ്റുമായി 200 ലക്ഷം രൂപ കൂടി അധികമായി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 43)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

പ്രസ്തുത ശുപാർശ പ്രകാരം അധിക തുകയ്ക്കുള്ള പ്രൊപ്പോസൽ 2010-11-ൽ സമർപ്പിച്ചിട്ടില്ല. എന്നാൽ, ഈ ഇനങ്ങൾ കൂടി ഉൾപ്പെടുത്തി 2011-12-ലെ വാർഷിക പദ്ധതി പ്രൊപ്പോസൽ 446 ലക്ഷം രൂപയ്ക്ക് സമർപ്പിച്ചതിൽ 300 ലക്ഷം ബഡ്ജറ്റിൽ അനുവദിച്ചു ലഭിച്ചു. ബാക്കിയുള്ള 146 ലക്ഷത്തിനുള്ള ശുപാർശ 2011-12-ലെ എസ്.ഡി.ജി.യിൽ നൽകിയിട്ടുണ്ട്.സർക്കാരിന്റെ 100 ദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി 3000 ഹെക്ടർ സ്ഥലത്തുകൂടി തീറ്റപ്പുൽ കൃഷി വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

2404-00-800-78—ക്ഷീര കർഷക ക്ഷേമനിധി ബോർഡിനുള്ള ധനസഹായം

ശുപാർശ

കേരള ക്ഷീരകർഷക ക്ഷേമനിധി ബോർഡ് മുഖേന ക്ഷീരകർഷകർക്ക് ആവശ്യമായ സുരക്ഷാ പദ്ധതികൾ നടപ്പിലാക്കുന്നതിന് ഈ ശീർഷത്തിൽ 200 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 44)

സർക്കാർ സ്വീകരിച്ച നടപടി

പ്രസ്തുത ശുപാർശ പ്രകാരമുള്ള പ്രൊപ്പോസൽ 2010-2011-ൽ സമർപ്പിച്ചിരുന്നില്ല. എങ്കിലും 2404-00-800-79 ശീർഷകത്തിൽ 30 ലക്ഷം രൂപ ക്ഷീരകർഷകർക്കുള്ള ഇൻഷ്വറൻസ് കവറേജിനായി വകയിരുത്തിയിരുന്നു. കൂടാതെ അധിക തുകയൊന്നും തന്നെ അനുവദിച്ചിരുന്നില്ല. 2011-2012-ൽ 75 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

**സബ്ജക്ട് കമ്മിറ്റി II-ന്റെ അഞ്ചാമത് റിപ്പോർട്ട് (2010-2011)**

## ധനാഭ്യർത്ഥന നമ്പർ XXXIII—മത്സ്യബന്ധനം

2405-00-101-76—പൊക്കാളി നിലങ്ങളിൽ കൊഞ്ചുകൃഷി വികസിപ്പിക്കാനുള്ള സംയോജിത പ്രോജക്ട്

ശുപാർശ

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും കാർഷിക സർവ്വകലാശാലയുടെയും സഹകരണത്തോടെ അഡാക്ക് നടപ്പാക്കുന്ന പദ്ധതിയിൽ താഴെപ്പറയുന്ന ഘടകങ്ങൾ ഉൾപ്പെടുന്നു.

- വിത്ത്, തീറ്റ, വളം എന്നിവയുടെ ചെലവുകൾ
- മത്സ്യകൃഷി പ്രവർത്തനങ്ങൾക്കുള്ള പരിശീലന വിജ്ഞാന വ്യാപന സഹായം
- പശ്ചാത്തല സൗകര്യ വികസനം.

മേൽപ്പറഞ്ഞ ആവശ്യങ്ങളിലേക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 60 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 44 & 45)

സർക്കാർ സ്വീകരിച്ച നടപടി

പൊക്കാളി പാടശേഖരങ്ങളിലെ സുസ്ഥിര ചെമ്മീൻ കൃഷിക്കായി 200 ലക്ഷം രൂപ ആവശ്യപ്പെട്ടിരുന്നെങ്കിലും 20 ലക്ഷം രൂപയാണ് ബഡ്ജറ്റിൽ അനുവദിക്കപ്പെട്ടത്. സമിതിയുടെ ശുപാർശ പ്രകാരം അധിക ഫണ്ട് അനുവദിക്കപ്പെട്ടിട്ടില്ല. വകയിരുത്തിയ 20 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

2405-00-101-74—തുറന്ന ജലാശയങ്ങളിലെ റാഞ്ചിംഗം റിസർവോയർ മത്സ്യബന്ധനവും

ശുപാർശ

വിവിധ ഇനങ്ങളിൽപ്പെട്ട കടൽ മത്സ്യങ്ങളുടെയും ശുദ്ധജല മത്സ്യങ്ങളുടെയും പ്രജനന കേന്ദ്രങ്ങളായ അഴിമുഖങ്ങളും കായലുകളും മത്സ്യപ്രജനന കേന്ദ്രങ്ങളായും നഴ്സറികളായും ഉപയോഗിക്കുന്നതിന് ഇത്തരം കേന്ദ്രങ്ങൾ കണ്ടെത്താനും അവയെ വേർതിരിച്ച് മത്സ്യസംരക്ഷണ കേന്ദ്രങ്ങളായും റിസർവോയറുകളായും സംരക്ഷിക്കുന്നതിന് ഉദ്ദേശിക്കുന്ന ഈ പദ്ധതിക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 46)

സർക്കാർ സ്വീകരിച്ച നടപടി

പൊതുജലാശയങ്ങളിൽ മത്സ്യവിത്ത് നിക്ഷേപിക്കുന്ന പദ്ധതി പ്രകാരം 2010-2011 വർഷം 101.3 ലക്ഷം മത്സ്യ/കൊഞ്ച് വിത്ത് വിവിധ ജലാശയങ്ങളിലായി നിക്ഷേപിച്ചിട്ടുണ്ട്. സമിതിയുടെ ശുപാർശ പ്രകാരമുള്ള അധിക തുക അനുവദിക്കപ്പെട്ടില്ല.

2405-00-101-71—തൃശ്ശൂരിലെ കോൾ നിലങ്ങളിലും കുട്ടനാട്ടിലെ വയലുകളിലും സംയോജിത മത്സ്യകൃഷി

ശുപാർശ

കുട്ടനാട്ടിലെ വയലുകളിലും തൃശ്ശൂരിലെ കോൾ നിലങ്ങളിലും 250 ഹെക്ടർ പാടശേഖരങ്ങളിലും കൊഞ്ച്/മത്സ്യകൃഷി ഇടവിട്ട് നടപ്പിലാക്കി വരുന്നു. പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും കൊഞ്ച്/മത്സ്യകൃഷിയുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും ലക്ഷ്യമിടുന്ന ഈ പദ്ധതിയ്ക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 60 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 47)

സർക്കാർ സ്വീകരിച്ച നടപടി

2010-2011 വർഷത്തെ ബഡ്ജറ്റിൽ 200 ലക്ഷം രൂപ ആവശ്യപ്പെട്ടെങ്കിലും 40 ലക്ഷം രൂപയാണ് വകയിരുത്തിയിരുന്നത്. സമിതിയുടെ ശുപാർശ പ്രകാരമുള്ള അധിക തുക അനുവദിക്കപ്പെട്ടില്ല ബഡ്ജറ്റിൽ വകയിരുത്തിയ തുക മുഴുവൻ ചെലവഴിച്ചിട്ടുണ്ട്.

2405-00-103-94—സീ റാഞ്ചിംഗ്

ശുപാർശ

മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി കൊഞ്ച്/മത്സ്യറാഞ്ചിംഗ് പരിപാടി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. കൊഞ്ച് വിത്തുകൾ അഴിമുഖങ്ങളിലും തീരങ്ങളിലും നിക്ഷേപിച്ച് വിഭവ വർദ്ധന നടത്തുന്നതിനും ശാസ്ത്രീയമായി രൂപകല്പന ചെയ്ത

കൃത്രിമ റീഫുകൾ നിർമ്മിക്കുന്നതിനും കായലുകളിലും പൊതുജലാശയങ്ങളിലും റോന്ത് ചുറ്റുന്നതിനും ലക്ഷ്യമിടുന്ന ഈ പദ്ധതിക്കായി ബഡ്ജറ്റിൽ വകയിരുത്തി യിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 48)

സർക്കാർ സ്വീകരിച്ച നടപടി

മത്സ്യ/കൊഞ്ച് കുഞ്ഞുങ്ങളുടെ ഉല്പാദനം സീസണൽ ആയതിനാൽ കേരളത്തിലെ വിത്തുല്പാദന കേന്ദ്രങ്ങളിൽ ആ സമയത്ത് മത്സ്യവിത്ത് ലഭ്യമായി രുന്നില്ല. റാഞ്ചിംഗിനായി കേരളത്തിന് പുറത്ത് നിന്നും മത്സ്യക്കുഞ്ഞുങ്ങളെ വാങ്ങി നിക്ഷേപിക്കുന്നതിനുള്ള നടപടിക്രമങ്ങൾ 2011 മാർച്ച് മാസത്തിനുള്ളിൽ പൂർത്തീകരിക്കുവാൻ കഴിയില്ലെന്നതിനാൽ 2010-2011 വർഷം അധിക തുക ആവശ്യമായി വന്നില്ല. അനുവദിച്ച തുക പൂർണ്ണമായും ചെലവഴിച്ചിട്ടുണ്ട്.

4405-00-104-97—വിഴിഞ്ഞം മത്സ്യബന്ധന തുറമുഖത്തിന്റെ വികസനം (കേന്ദ്രാവിഷ്കൃത പദ്ധതി 50% കേന്ദ്ര സഹായം)

ശുപാർശ

50% കേന്ദ്രസഹായത്തോടെയുള്ള ഈ പദ്ധതിയുടെ രണ്ടും മൂന്നും ഘട്ട വികസന പ്രവർത്തനങ്ങൾ പൂർത്തിയായിവരുന്നു. ഗ്രോയിൻ നിർമ്മാണം, ഡ്രഡ്ജിംഗ്, വാട്ടർ സപ്ലൈ, ടോയിലറ്റ് ബ്ലോക്ക്, ഗേറ്റ്, ഗേറ്റ്ഹൗസ്, ഫെന്റർ, ഫെൻസിങ് തുടങ്ങി 2010-2011 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന പ്രവർത്തന ങ്ങൾക്കായി ബഡ്ജറ്റിൽ തുകയൊന്നും തന്നെ വകയിരുത്തിയിട്ടില്ല. മേൽപ്പറഞ്ഞ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനായി 155.55 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 54)

സർക്കാർ സ്വീകരിച്ച നടപടി

2010-2011-ലെ ആദ്യ ഉപധനാഭ്യർത്ഥനയിൽ ഉൾക്കൊള്ളിച്ച് 155.50 ലക്ഷം രൂപ അനുവദിച്ചു.

4405-00-104-91—പൊന്നാനി മത്സ്യബന്ധന തുറമുഖ വികസനം (കേന്ദ്രാവിഷ്കൃത പദ്ധതി 50%)

ശുപാർശ

50% കേന്ദ്രസഹായത്തോടുകൂടിയുള്ള പൊന്നാനി മത്സ്യബന്ധന തുറമുഖ ത്തിന്റെ പണി പുരോഗമിച്ചുവരുന്നു. ഒന്നാംഘട്ട പണികൾ പൂർത്തിയായിട്ടുണ്ട്. പ്രധാന ജോലികളായ പുലിമുട്ടു നിർമ്മാണം, വാർഫ്, ലേലപ്പുര എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ, പൂർത്തീകരണത്തിനായി 10 കോടി രൂപയോളം ചെലവ് വരും. 31-3-2011-ൽ പൂർത്തീകരിക്കേണ്ട ഈ പദ്ധതിക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 230 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 55)

സർക്കാർ സ്വീകരിച്ച നടപടി

പ്രവൃത്തിയുടെ പുരോഗതിയനുസരിച്ച് അധിക തുകയ്ക്ക് ആവശ്യമായ പ്രൊപ്പോസൽ സമർപ്പിക്കാൻ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയറിനോട് നിർദ്ദേശിച്ചിട്ടുണ്ട്.

4405-00-104-85—മുതലപ്പൊഴി മത്സ്യബന്ധന തുറമുഖം (50% കേന്ദ്രാവിഷ്കൃത പദ്ധതി)

ശുപാർശ

50% കേന്ദ്രസഹായത്തോടുകൂടി നടപ്പാക്കുന്ന മുതലപ്പൊഴി മത്സ്യബന്ധന തുറമുഖത്തിന്റെ വെയ്ബ്രിഡ്ജ്, വാർഫ്, ലേലപ്പുര, അഡ്മിനിസ്ട്രേറ്റീവ് ഓഫീസ്, അപ്രോച്ച് റോഡ് എന്നിവയുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. ശേഷിക്കുന്ന പണികളായ ഡ്രഡ്ജിംഗ്, ജലവിതരണ സംവിധാനം, പുലിമുട്ടുകളുടെ ശേഷിക്കുന്ന പണികൾ, തീരസംരക്ഷണ പണികൾ, ക്വാർട്ടേഴ്സുകൾ, ഡ്രെയിനേജ്, ലോക്കർഹാൾ തുടങ്ങിയവയുടെ പണി പൂർത്തീകരിക്കുന്നതിനായി 784 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നു. ഈ ഇനത്തിൽ വകകൊള്ളിച്ചിട്ടുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 684 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 56)

സർക്കാർ സ്വീകരിച്ച നടപടി

പ്രധാന പ്രവൃത്തിയായ പുലിമുട്ടിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് പൂനയിലെ CWPRS ന്റെ റിപ്പോർട്ട് ലഭിച്ചശേഷം പ്രവൃത്തിയുടെ പുരോഗതിയനുസരിച്ച് അധിക തുകയ്ക്ക് ആവശ്യമായ പ്രൊപ്പോസൽ സമർപ്പിക്കാൻ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയറോട് നിർദ്ദേശിച്ചിട്ടുണ്ട്.

4405-00-104-84—തലായി മത്സ്യബന്ധന തുറമുഖ പദ്ധതി (50% കേന്ദ്രാവിഷ്കൃത പദ്ധതി)

ശുപാർശ

കണ്ണൂർ ജില്ലയിലെ തലായിൽ ഒരു ഫിഷിംഗ് ഹാർബർ നിർമ്മിക്കുന്നതിനായി 1925.74 ലക്ഷം രൂപയുടെ പദ്ധതിയ്ക്ക് കേന്ദ്രാനുമതി ലഭിക്കുകയും 450 ലക്ഷം രൂപ കേന്ദ്രവിഹിതമായി അനുവദിക്കുകയും ചെയ്തിട്ടുണ്ട്. 2010-2011-ൽ പൂർത്തീകരിക്കേണ്ട ഈ പദ്ധതിയുടെ സംസ്ഥാന വിഹിതമായി 400 ലക്ഷം രൂപ ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 57)

സർക്കാർ സ്വീകരിച്ച നടപടി

കണ്ണൂർ ജില്ലയിലെ തലായിൽ ഒരു ഫിഷിംഗ് ഹാർബർ നിർമ്മിക്കുന്നതിനായി ഉപധനാഭ്യർത്ഥനയിൽ ഉൾപ്പെടുത്തി 182.62 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. പ്രവൃത്തിയുടെ പുരോഗതിയനുസരിച്ച് അധിക തുകയ്ക്ക് ആവശ്യമായ പ്രൊപ്പോസൽ സമർപ്പിക്കാൻ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയറിനോട് നിർദ്ദേശിച്ചിട്ടുണ്ട്.

4405-00-104-83—പുതിയ മത്സ്യബന്ധന തുറമുഖ കേന്ദ്രങ്ങൾ കണ്ടെത്തൽ

ശുപാർശ

വലിയതുറ, വർക്കല, സൗത്ത് പറവൂർ, പൂന്തുറ എന്നീ ഫിഷിംഗ് ഹാർബറുകളുടെ അന്വേഷണ ഗവേഷണ പ്രവർത്തനങ്ങൾക്കും മാതൃകാ പഠനത്തിനുമായി വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 58)

സർക്കാർ സ്വീകരിച്ച നടപടി

അധിക തുകയ്ക്ക് ആവശ്യമായ പ്രൊപ്പോസൽ സമർപ്പിക്കാൻ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയറിനോട് നിർദ്ദേശിച്ചിട്ടുണ്ട്.

4405-00-104-80—കൊയിലാണ്ടി മത്സ്യബന്ധന തുറമുഖം

ശുപാർശ

കേന്ദ്രാനുമതി ലഭിച്ച കൊയിലാണ്ടി മത്സ്യബന്ധന തുറമുഖത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കും, കൊയിലാണ്ടി സബ് ഡിവിഷനിലെ 13 ജീവനക്കാരുടെ ശമ്പളത്തിനുമായി ഈ വർഷത്തെ ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. 31-3-2011-ൽ പ്രവൃത്തി പൂർത്തീകരിക്കേണ്ടുന്ന ഈ പദ്ധതിയ്ക്കായി 10 കോടി രൂപ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 59)

സർക്കാർ സ്വീകരിച്ച നടപടി

ടി പ്രവൃത്തിക്കായി ആദ്യ ഉപധനാഭ്യർത്ഥനയിൽ ഉൾപ്പെടുത്തി 300.00 ലക്ഷം രൂപയും ജീവനക്കാരുടെ ശമ്പളം ഉൾപ്പെടെയുള്ള ചെലവുകൾക്കായി 230.41 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

4405-00-104-79—എല്ലാ മത്സ്യബന്ധന തുറമുഖങ്ങളുടെയും വള്ളം കരയ്ക്കടുപ്പിക്കുന്ന കേന്ദ്രങ്ങളുടെയും ഡ്രെഡ്ജിംഗ്

ശുപാർശ

പണി പൂർത്തിയായ എല്ലാ ഫിഷിംഗ് ഹാർബറുകളിലും ലാന്റിംഗ് സെന്ററുകളിലും യഥാസമയം ഡ്രെഡ്ജിംഗ് നടത്തേണ്ടത് അത്യാവശ്യമാണ്. ഈ ഇനത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 200 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 60)

സർക്കാർ സ്വീകരിച്ച നടപടി

ഈ ശീർഷകത്തിൽ ഏർപ്പാടാക്കേണ്ട ഡ്രഡ്ജിംഗ് പ്രവൃത്തികൾക്ക് കേന്ദ്രാനുമതി പ്രതീക്ഷിക്കുന്നു. കേന്ദ്രാനുമതി ലഭിക്കുന്ന മുറയ്ക്ക് ആവശ്യമായ പ്രൊപ്പോസൽ സമർപ്പിക്കാൻ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയറിനോട് നിർദ്ദേശിച്ചിട്ടുണ്ട്.

4405-00-104-76—സാമ്പ്രാണിക്കോടി, മുഹമ്മ, ബേക്കൽ ഇൻലാൻഡ് ഫിഷ് ലാൻഡിംഗ് സെന്ററുകൾ

ശുപാർശ

മുഹമ്മ, സാമ്പ്രാണിക്കോടി, ബേക്കൽ എന്നീ മത്സ്യം കരയ്ക്കടുപ്പിക്കൽ കേന്ദ്രങ്ങളുടെ നിർമ്മാണം പൂർത്തിയായിവരുന്നു. ഈ പ്രവൃത്തികളുടെ പൂർത്തീകരണത്തിനായി 10 ലക്ഷം രൂപ ആവശ്യമായതിനാൽ പ്രസ്തുത തുക ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 61)

സർക്കാർ സ്വീകരിച്ച നടപടി

അധിക തുക ആവശ്യമായി വരുന്ന മുറയ്ക്ക് ആവശ്യമായ പ്രൊപ്പോസൽ സമർപ്പിക്കാൻ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയറിനോട് നിർദ്ദേശിച്ചിട്ടുണ്ട്.

4405-00-800-99—കെട്ടിടങ്ങൾ (ഫിഷറീസ് സ്കൂളുകളും പരിശീലന കേന്ദ്രങ്ങളും)

ശുപാർശ

സംസ്ഥാനത്ത് 10 ഫിഷറീസ് ടെക്നിക്കൽ സ്കൂളുകളുണ്ട്. ബോർഡിംഗ് സൗകര്യമുള്ള ഈ സ്കൂളുകളിലെ കുട്ടികൾക്ക് സൗജന്യമായി ഭക്ഷണവും മറ്റ് സൗകര്യങ്ങളും ഫിഷറീസ് വകുപ്പ് ലഭ്യമാക്കുന്നു. സ്കൂൾ കെട്ടിടങ്ങളുടെയും ഹോസ്റ്റൽ കെട്ടിടങ്ങളുടെയും നിർമ്മാണ പ്രവർത്തനങ്ങളും അറ്റകുറ്റപ്പണികളും ഫിഷറീസ് വകുപ്പാണ് നടത്തുന്നത്. സ്കൂളുകളുടെ പശ്ചാത്തല സൗകര്യം മെച്ചപ്പെടുത്തുന്നതിനും ബേപ്പൂർ റീജിയണൽ ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂൾ കെട്ടിടത്തിന്റെ നിർമ്മാണത്തിനുമായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 62)

സർക്കാർ സ്വീകരിച്ച നടപടി

2010-2011-ൽ ബേപ്പൂർ റീജിയണൽ ഫിഷറീസ് ടെക്നിക്കൽ ഹൈസ്ക്കൂൾ കെട്ടിട നിർമ്മാണത്തിനായി ഫണ്ട് ഒന്നും ലഭിച്ചില്ല. പക്ഷെ റീജിയണൽ ഫിഷറീസ് ടെക്നിക്കൽ ഹൈസ്ക്കൂൾ കാഞ്ഞങ്ങാട് (കാസർഗോഡ്)-ന് വേണ്ടി 4.60 ലക്ഷം രൂപ ലഭിച്ചു.

4405-00-800-82—നബാർഡ് സഹായത്തോടെയുള്ള ഗ്രാമീണ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള സഹായം

ശുപാർശ

നബാർഡ് സഹായത്തോടെയുള്ള ഗ്രാമീണ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി വിവിധ ജില്ലകളിൽ ഫിഷറീസ് റോഡിന്റെ നിർമ്മാണം, കൊയിലാണ്ടി, തലായി എന്നീ മത്സ്യബന്ധന തുറമുഖങ്ങളുടെ നിർമ്മാണത്തിനുള്ള 50% സംസ്ഥാനവിഹിതം, നീണ്ടകര മത്സ്യബന്ധന തുറമുഖത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങിയവയ്ക്കായി ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾക്കായി 20 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 63)

സർക്കാർ സ്വീകരിച്ച നടപടി

പ്രസ്തുത ശീർഷകത്തിൽ ഭരണാനുമതി ലഭിച്ച റോഡുകൾ, പാലങ്ങൾ എന്നിവയുടെ നിർമ്മാണ പ്രവൃത്തിക്കായി 10.00 കോടി രൂപ ആദ്യ ഉപധനാഭ്യർത്ഥനയിലൂടെ ആവശ്യപ്പെട്ടിരുന്നുവെങ്കിലും 1.00 കോടി രൂപ അനുവദിച്ചു. നിർമ്മാണപ്രവൃത്തി പുരോഗമിക്കുന്നതനുസരിച്ച് അധികതുകയ്ക്കായി ആവശ്യമായി വരുന്നപക്ഷം അപ്പോൾ നടപടി സ്വീകരിക്കുന്നതാണ്.

4405-00-104-73—ചേറ്റുവ മത്സ്യബന്ധന തുറമുഖം (75% കേന്ദ്രസഹായം)

ശുപാർശ

ചേറ്റുവ മത്സ്യബന്ധന തുറമുഖ വികസന പ്രവർത്തനങ്ങൾക്കായി 300 ലക്ഷം രൂപ കേന്ദ്രസഹായം ലഭ്യമായിട്ടുണ്ട്. 75% കേന്ദ്രസഹായമായി മൂന്ന് വർഷം കൊണ്ട് പൂർത്തിയാക്കേണ്ടുന്ന ഈ പദ്ധതിക്കായി ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. എന്നുമാത്രമല്ല പ്രസ്തുത ശീർഷകം ഈ വർഷത്തെ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടില്ലായെന്നും സമിതി മനസ്സിലാക്കുന്നു. 300 ലക്ഷം രൂപ കേന്ദ്രസഹായം ലഭ്യമായിട്ടുള്ളതും 3 വർഷം കൊണ്ട് പണി പൂർത്തീകരിക്കാൻ കേന്ദ്ര നിർദ്ദേശം ഉള്ള സാഹചര്യത്തിൽ പ്രസ്തുത ശീർഷകം പുനഃസ്ഥാപിക്കേണ്ടതും 700 ലക്ഷം രൂപ വകയിരുത്തേണ്ടതുമാണെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 64)

സർക്കാർ സ്വീകരിച്ച നടപടി

ചേറ്റുവ മത്സ്യബന്ധന തുറമുഖത്തിന്റെ നിർമ്മാണപ്രവൃത്തിക്കായി 300 ലക്ഷം രൂപ ആദ്യ ഉപധനാഭ്യാർത്ഥനയിലൂടെ അനുവദിച്ചു. പ്രവൃത്തിയുടെ പുരോഗതി അനുസരിച്ച് അധികതുകയ്ക്ക് ആവശ്യമായ പ്രൊപ്പോസൽ സമർപ്പിക്കാൻ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയറിനോട് നിർദ്ദേശിച്ചിട്ടുണ്ട്.

4405-00-104-72—ചെറുവത്തൂർ മത്സ്യബന്ധന തുറമുഖം (75% കേന്ദ്രസഹായം)

ശുപാർശ

2,906 ലക്ഷം രൂപ ചെലവ് വരുന്ന ചെറുവത്തൂർ മത്സ്യബന്ധന തുറമുഖത്തിന്റെ നിർമ്മാണപ്രവർത്തനങ്ങൾ മൂന്ന് വർഷം കൊണ്ട് പൂർത്തീകരിക്കേണ്ടതാണെന്ന് നിബന്ധനയുണ്ട്. ഈ പ്രവൃത്തിക്ക് കേന്ദ്രസഹായമായി 300 ലക്ഷം രൂപ ലഭിച്ചിട്ടുള്ള സാഹചര്യത്തിൽ പദ്ധതി വിഹിതം ചെലവാക്കുന്നതിനും തുറമുഖത്തിന്റെ പണി സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുമായി 4405-00-104-72 ശീർഷകം പുനഃസ്ഥാപിക്കേണ്ടതും പ്രസ്തുത ശീർഷകത്തിൽ 700 ലക്ഷം രൂപ വകയിരുത്തേണ്ടതുമാണെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 65)

സർക്കാർ സ്വീകരിച്ച നടപടി

പ്രസ്തുത പ്രവൃത്തിക്കായി ആദ്യധനാഭ്യർത്ഥനയിൽ ഉൾപ്പെടുത്തി 300.00 ലക്ഷം രൂപ അനുവദിച്ചു. പ്രവൃത്തി ആരംഭിക്കുന്നമുറയ്ക്ക് അധിക തുകയ്ക്ക് ആവശ്യമായ പ്രൊപ്പോസൽ സമർപ്പിക്കാൻ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

4405-00-800-78—അന്ധകാരനഴിയുടെ വടക്കുഭാഗത്തെ പാലം നിർമ്മാണം, ആലപ്പുഴ

ശുപാർശ

ആലപ്പുഴ ജില്ലയിലെ അന്ധകാരനഴിയുടെ വടക്കുഭാഗത്ത് പാലം നിർമ്മിക്കുന്നതിനായി സർക്കാർ ഉത്തരവ് (സാധാ) നമ്പർ 343/09/മ.തു.വ. തീയതി 23-6-2009 പ്രകാരം 635 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിക്കുകയും നിർമ്മാണപ്രവർത്തികൾ ആരംഭിക്കുകയും 2009-2010 വർഷത്തിൽ ഉപധനാഭ്യർത്ഥനയിലൂടെ 50 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തിരുന്നു. എന്നാൽ ഈ വർഷത്തെ ബഡ്ജറ്റിൽ പ്രസ്തുത പദ്ധതിക്കായി തുകയൊന്നും വകയിരുത്തിയിട്ടില്ല. പദ്ധതിയുടെ തുടർപ്രവർത്തനങ്ങൾക്കായി 4405-00-800-78 ശീർഷകം പുനഃസ്ഥാപിക്കേണ്ടതും പ്രസ്തുത ശീർഷകത്തിൽ 500 ലക്ഷം രൂപ വകയിരുത്തേണ്ടതുമാണെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 66)

സർക്കാർ സ്വീകരിച്ച നടപടി

പ്രസ്തുത ശീർഷകം പുനഃസ്ഥാപിക്കുവാനും 500.00 ലക്ഷം രൂപ അനുവദിക്കുവാനും സമിതി ശുപാർശ ചെയ്തു. ആദ്യ ധനാഭ്യർത്ഥനയിൽ ഉൾപ്പെടുത്തി 489 ലക്ഷം രൂപ അനുവദിക്കുന്നതിനുള്ള പ്രൊപ്പോസലിൽ 50.00 ലക്ഷം രൂപ മാത്രമാണ് അനുവദിച്ചത്. 500.00 ലക്ഷം രൂപ കൂടി അധികമായി പ്രസ്തുത ശീർഷകത്തിൽ അനുവദിക്കുവാൻ ആവശ്യപ്പെടുകയും സർക്കാർ ഉത്തരവ് (സാധാ.) നമ്പർ 7206/10/ഫിൻ. തീയതി 29-9-2010 പ്രകാരം 100.00 ലക്ഷം രൂപ കൂടി അനുവദിക്കുകയും ചെയ്തു.

2405-00-103-97—മത്സ്യബന്ധനതുറമുഖങ്ങളുടെ സംരക്ഷണവും നടത്തിപ്പും

ശുപാർശ

പണി പൂർത്തിയായി പ്രവർത്തിച്ചുവരുന്ന മത്സ്യബന്ധന തുറമുഖത്തിലെ ജീവനക്കാരുടെ ശമ്പളത്തിനും വേതനത്തിനും മറ്റു ചെലവുകൾക്കും പുറമെ വിഴിഞ്ഞം, നീണ്ടകര, മുനമ്പം, മാപ്പിളബേ, ചോമ്പാൽ, പുതിയാപ്പ എന്നീ പ്രധാന മത്സ്യബന്ധന തുറമുഖങ്ങളുടെയും നിരവധി ഫിഷ് ലാന്റിംഗ് സെന്ററുകളുടെയും നടത്തിപ്പ്, സംരക്ഷണം, അറ്റകുറ്റപ്പണികൾ എന്നീ ചെലവുകൾ ഈ ശീർഷകത്തിൽ നിന്നും വഹിക്കുന്നു. കേരള തീരത്തെ 8 മത്സ്യബന്ധന തുറമുഖങ്ങൾക്കുവേണ്ടിയും ഫിഷ് ലാന്റിംഗ് സെന്ററുകളുടെ പരിപാലനത്തിനും മറ്റ് അനുബന്ധ ചെലവുകൾക്കും ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 200 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

കൂടാതെ, നീണ്ടകര, വിഴിഞ്ഞം ഹാർബറുകളുടെ ശുചിത്വപരിപാലനവും ചുങ്കം പിരിവുമായി ബന്ധപ്പെട്ട് സി.എൽ.ആർ./എസ്.എൽ.ആർ. ജീവനക്കാരുടെ വേതനം നൽകുന്നതിനായി വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ഇനത്തിൽ 50 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 67 & 68)

സർക്കാർ സ്വീകരിച്ച നടപടി

വേതന ഇനത്തിലും മറ്റു ചെലവുകൾക്കുമായി ആദ്യം 10 ലക്ഷം രൂപയും പിന്നീട് 34.59 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

2405-00-800-92—രജിസ്റ്റർ ചെയ്ത മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് വിദ്യാഭ്യാസാനുകൂല്യം

ശുപാർശ

സംസ്ഥാനത്തുള്ള എല്ലാ മത്സ്യത്തൊഴിലാളികളുടെയും കുട്ടികൾക്ക് വിദ്യാഭ്യാസ ആനുകൂല്യം നൽകുന്നുണ്ട്. ഈ ആവശ്യത്തിലേക്ക് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 500 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 70)

സർക്കാർ സ്വീകരിച്ച നടപടി

ഈ ശീർഷകത്തിൽ 2010-2011 വർഷത്തേയ്ക്ക് മത്സ്യത്തൊഴിലാളി കുട്ടികളുടെ വിദ്യാഭ്യാസാനുകൂല്യത്തിനായി ബഡ്ജറ്റിൽ ഉൾപ്പെടുത്തി അനുവദിച്ച 5 കോടി രൂപയ്ക്കുപുറമേ 6 കോടി രൂപ അധികതുക ഉൾപ്പെടെ ആകെ 11 കോടി രൂപ ഗവൺമെന്റ് അനുവദിച്ചു. അതുമുഴുവനും മത്സ്യത്തൊഴിലാളി കുട്ടികൾക്ക് (സ്വാശ്രയ സ്ഥാപനങ്ങളുൾപ്പെടെ) വിതരണം ചെയ്യുന്നതിനായി ജില്ലകൾക്ക് അനുവദിച്ചു നൽകി.

ശുപാർശ

ഫിഷറീസ് സ്കൂളുകളുടെ നിർമ്മാണപ്രവർത്തനങ്ങൾക്കായി ഭൂമി ഏറ്റെടുക്കുന്നതിന് ഈ ശീർഷകത്തിൽ നിന്നും ഫണ്ട് ഉപയോഗിക്കാറില്ലായെന്ന് സമിതി മനസ്സിലാക്കുന്നു. വളരെ പരിതാപകരമായ അവസ്ഥയിലുള്ള സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനും നിർമ്മാണപ്രവർത്തനങ്ങൾക്കുമായി ഭൂമി ഏറ്റെടുത്ത് പ്രസ്തുത സ്കൂളുകളുടെ വികസനപ്രവർത്തനങ്ങൾ പൂർത്തീകരിച്ചില്ലെങ്കിൽ ഇത്തരം സ്കൂളുകളുടെ പ്രവർത്തനം നിലയ്ക്കുന്നതാണ്. മത്സ്യത്തൊഴിലാളി കുട്ടികളുടെ പഠനത്തിനായി ആരംഭിച്ച ഈ സ്കൂളുകൾ ഫലത്തിൽ ഇല്ലാതായിത്തീരുന്ന അവസ്ഥ സംജാതമാകുമെന്ന് സമിതി മനസ്സിലാക്കുന്നു. അർത്തുങ്കൽ സ്കൂളിന്റെ ശോചനീയാവസ്ഥ കണക്കിലെടുത്ത് ഇത് ഒരു പ്രത്യേക കേസായി പരിഗണിച്ച് ലാന്റ് അക്വിസിഷൻ നടത്തി സ്കൂളിലെ വികസനപരിപാടികൾ അടിയന്തിരമായി പൂർത്തീകരിക്കണമെന്നും ഫിഷറീസ് സ്കൂളുകളുടെ ലാന്റ് അക്വിസിഷൻ പ്രവർത്തനങ്ങൾക്കായി 2 കോടി രൂപ കൂടി ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 71)

സർക്കാർ സ്വീകരിച്ച നടപടി

ഫിഷറീസ് സ്കൂളുകളുടെ ലാന്റ് അക്വിസിഷൻ പ്രവർത്തനങ്ങൾക്കായി തുക ഒന്നും ലഭിച്ചിട്ടില്ല.

## ഭാഗം IV

### പാലക്കാട് ജില്ലയിലെ രൂക്ഷമായ വരൾച്ചയും അതിനുള്ള കാരണങ്ങളും പരിഹാരമാർഗ്ഗങ്ങളും സംബന്ധിച്ച സമിതി റിപ്പോർട്ട്

ശുപാർശ

ഓരോ പ്രദേശത്തിനും യോജിച്ച വിത്തിനങ്ങൾ അതാത് പ്രദേശത്തെ കർഷകർക്ക് ലഭിക്കാനുള്ള ഒരു കുറ്റമറ്റ സംവിധാനം ഇപ്പോൾ നിലവിലില്ല. അതിനാൽ അതാത് പ്രദേശത്തിന് യോജിച്ച വിത്തിനങ്ങളെ സംബന്ധിച്ച ശാസ്ത്രീയമായ ഒരു പഠനം നടത്തി ജില്ലയ്ക്ക് പ്രത്യേകമായ ഒരു വിത്തുല്പാദന കേന്ദ്രം സ്ഥാപിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 14)

സർക്കാർ സ്വീകരിച്ച നടപടി

പാലക്കാട് ജില്ലയ്ക്ക് അനുയോജ്യമായ നെൽവിത്തിനങ്ങൾ ഉൽപ്പാദിപ്പിച്ച് വിതരണം നടത്തുന്നതിന് ജില്ലയിൽ മാത്രമായി ആലത്തൂർ, കുന്നത്തൂർ, കോങ്ങാട്, അനങ്ങനടി, മുതലമട എന്നീ സ്ഥലങ്ങളിൽ കൃഷിവകുപ്പിന്റെകീഴിൽ വിത്തുല്പാദന കേന്ദ്രങ്ങൾ നിലവിലുണ്ട്. ഇതിനു പുറമെ ജില്ലയ്ക്ക് അനുയോജ്യമായ ഇനങ്ങളുടെ ബ്രീഡർ വിത്തുകൾ ഉല്പാദിപ്പിച്ച് നൽകുന്നതിനും ഇതുസംബന്ധമായ പഠനങ്ങൾ

നടത്തുന്നതിനുമായി കാർഷിക സർവ്വകലാശാലയുടെ കീഴിൽ പട്ടാമ്പിയിൽ ഗവേഷണകേന്ദ്രവും നിലവിലുണ്ട്. ഈ കേന്ദ്രങ്ങളുടെ സംയോജിതമായ പ്രവർത്തനം കൊണ്ട് പാലക്കാട് ജില്ലയിൽ ആവശ്യമായ വിത്തിന്റെ ലഭ്യതയ്ക്ക് ഒരു പരിധിവരെ പരിഹാരം കാണാൻ സാധിക്കുന്നുണ്ട്.

ശുപാർശ

വിവരസാങ്കേതികവിദ്യയുടെ അഭൂതപൂർവ്വമായ വളർച്ച കാർഷികരംഗത്തും പ്രയോജനപ്പെടുത്താവുന്ന തരത്തിൽ കൃഷിഭവനുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തണമെന്നും കൃഷി ഓഫീസർമാരുടെ സേവനം പൂർണ്ണമായും കൃഷികാർക്ക് ലഭിക്കത്തക്കവിധത്തിൽ കൃഷിഭവനുകൾ പുനഃസംഘടിപ്പിക്കണമെന്നും ഉദ്യോഗസ്ഥർക്ക് കൃഷിക്കാരുമായി കൃഷിയിടങ്ങളിൽ തന്നെ ഇടപെടുന്നതിനും പുതിയ സാങ്കേതികവിദ്യകൾ അവർക്ക് പകർന്നുകൊടുക്കുന്നതിന് കൃഷി ഓഫീസർമാരെ സജ്ജരാക്കുന്നതരത്തിൽ കൃഷിഭവനുകളിലെ സംവിധാനം മെച്ചപ്പെടുത്തണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 21)

സർക്കാർ സ്വീകരിച്ച നടപടി

കൃഷിഭവനുകൾ പുനഃസംഘടിപ്പിക്കുന്നതിനും കൃഷി ഭവനുകളിലെ സംവിധാനം മെച്ചപ്പെടുത്തുന്നതിനുമായി 2010-2011 വർഷം മുതൽ ലീഡ് ഫാർമർ സെന്റേർഡ് എക്സ്റ്റൻഷൻ അഡ്വൈസറി ആന്റ് ഡെലിവറി സർവ്വീസസ് എന്ന ഒരു പുതിയ പ്രോജക്ട് കൃഷിവകുപ്പ് നടപ്പിലാക്കുന്നുണ്ട്. ഈ പ്രോജക്ടിന്റെ പ്രധാന ലക്ഷ്യങ്ങൾ താഴെ പറയുന്നവയാണ് :

(1) ലീഡ് കർഷകരെ ഉപയോഗിച്ച് സാങ്കേതികവിദ്യകൾ കൈമാറുക.

(2) സ്ഥിരമായ ഒരു ഫീൽഡ് സന്ദർശനത്തിലൂടെ ടെക്നിക്കൽ ഓഫീസർ കൃഷിക്കാരുടെ പ്രശ്നങ്ങൾ മനസ്സിലാക്കുക.

(3) ഇതിനായി ആസൂത്രിതമായ ഒരു സന്ദർശനപരിപാടി നടപ്പിലാക്കുക.

ഈ സാമ്പത്തികവർഷം ലീഡ്സ് (LEADS) എന്ന ഈ പദ്ധതി പാലക്കാട്, കൊല്ലം ജില്ലകളിലാണ് നടപ്പിലാക്കുന്നത്. അടുത്ത സാമ്പത്തികവർഷം മുതൽ മറ്റു ജില്ലകളിൽ കൂടി ഈ പദ്ധതി വ്യാപിപ്പിക്കുന്നതാണ്.

ഇതിനുപുറമെ സാങ്കേതിക വിദ്യാ വ്യാപനത്തിൽ മുൻതൂക്കം നൽകി ആത്മ പദ്ധതി 2008-2009 മുതൽ സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നു. കേന്ദ്രസർക്കാർ മാനദണ്ഡങ്ങൾക്ക് വിധേയമായി കാർഷിക അനുബന്ധ മേഖലകളിലെ വിജ്ഞാന വ്യാപന പ്രവർത്തനങ്ങളാണ് 'ആത്മ' പദ്ധതിപ്രകാരം ലക്ഷ്യമിടുന്നത്. കർഷകർക്കും എക്സ്റ്റൻഷൻ ഉദ്യോഗസ്ഥർക്കും സംസ്ഥാനത്തിനകത്തും പുറത്തും പരിപാടികൾ,

പഠനയന്ത്രങ്ങൾ, നൂതന സാങ്കേതിക വിദ്യകൾ പ്രചരിപ്പിക്കുന്നതിനുതകുന്ന പ്രദർശന തോട്ടങ്ങൾ, സ്വയംസഹായ കർഷക സംഘങ്ങൾ/ഉല്പാദക സംഘങ്ങളുടെ ശാക്തീകരണം, കാർഷിക അനുബന്ധ മേഖലകളിൽ വിജയം കൈവരിച്ച കർഷകർ നയിക്കുന്ന ഫാം സ്കൂളുകൾ, ബ്ലോക്ക് ജില്ലാതല കാർഷിക മേളകൾ/സെമിനാറുകൾ, കർഷകരും ശാസ്ത്രജ്ഞരുമായുള്ള മുഖാമുഖം പരിപാടികൾ, കർഷകർക്ക് പ്രായോഗികതലത്തിൽ പ്രയോജനപ്പെടുത്താവുന്ന ഗവേഷണങ്ങൾ, മികച്ച കർഷകർക്കും കർഷക ഗ്രൂപ്പുകൾക്കുമുള്ള അവാർഡുകൾ തുടങ്ങിയവയാണ് പ്രധാനമായും ഈ പദ്ധതിയിലൂടെ നടപ്പിലാക്കിവരുന്നത്.

## ശുപാർശ

മീങ്കര, ചുള്ളിയാർ എന്നീ ഡാമുകളും അവയുടെ കനാൽ ശൃംഖലയും ചേർന്നതാണ് ഗായത്രി പദ്ധതി. മീങ്കര ഡാം ഒന്നാംഘട്ടമായിട്ടും ചുള്ളിയാർ ഡാം രണ്ടാംഘട്ടമായിട്ടുമാണ് പണി തീർത്തത്. മീങ്കര ഡാമിന്റെ സംഭരണശേഷി 11.30 ദശലക്ഷം ഘനമീറ്ററും ചുള്ളിയാർ ഡാമിന്റെ ശേഷി 13.70 ദശലക്ഷം ഘനമീറ്ററുമാണ്. മീങ്കര ജലസംഭരണിയിൽ നിന്ന് 3035 ഹെക്ടർ കൃഷി സ്ഥലത്താണ് വെള്ളം നൽകുന്നത്. നെൽകൃഷിയുടെ രണ്ടുവിളകൾ കൂടാതെ കുടിവെള്ളത്തിനും ഈ പദ്ധതിയിൽ നിന്ന് വെള്ളം നൽകുന്നു. ചുള്ളിയാർ ഡാമിൽ നിന്നും 2430 ഹെക്ടർ സ്ഥലത്ത് രണ്ട് വിളകൾക്കായി നെൽകൃഷിക്ക് വെള്ളം നൽകുന്നു. മുൻകാലങ്ങളിൽ മീങ്കര ഡാം അതിന്റെ വൃഷ്ടിപ്രദേശത്തെ നീരൊഴുക്കുക്കൊണ്ടുമാത്രം നിറയുമായിരുന്നു. പക്ഷേ കഴിഞ്ഞ കുറച്ചു വർഷങ്ങളിലായി മീങ്കരയിലേക്കുള്ള നീരൊഴുക്കിൽ ഗണ്യമായ കുറവ് സംഭവിച്ചതായി കാണുന്നു. മീങ്കര ഡാമിന്റെയും വൃഷ്ടിപ്രദേശത്തിന്റെ ഭൂരിഭാഗവും തമിഴ്നാട്ടിലാണ് സ്ഥിതിചെയ്യുന്നത്. ഇവിടെയും മീങ്കരയിലേക്കുവരുന്ന വെള്ളം തമിഴ്നാട്ടിൽ തടയുന്നുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ജലവിഭവം, വനം, റവന്യൂ പോലീസ് എന്നീ വകുപ്പുകളുടെ ഒരു സംയുക്ത കർമ്മസമിതി രൂപീകരിച്ച് തമിഴ്നാട് ഇവിടെ നിന്നും വെള്ളം ചോർത്തുന്നുണ്ടോ എന്ന് വിശദമായ അന്വേഷണം നടത്തി റിപ്പോർട്ട് നൽകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 32)

## സർക്കാർ സ്വീകരിച്ച നടപടി

ഗായത്രി പ്രോജക്ട് പദ്ധതിയിൽ ഉൾപ്പെട്ട മീങ്കര ഡാമിലെ വെള്ളം തമിഴ്നാട് ചോർത്തുന്നുണ്ടോയെന്ന് പരിശോധിക്കുന്നതിലേക്കായി ജലവിഭവം, വനം, റവന്യൂ, പോലീസ് എന്നീ വകുപ്പുകളിലെ താഴെ പറയുന്ന അംഗങ്ങളെ ഉൾപ്പെടുത്തി ഒരു സംയുക്ത കർമ്മസമിതി രൂപീകരിക്കാൻ തീരുമാനിച്ചു :

1. കൊല്ലങ്കോട് ഫോറസ്റ്റ് റേഞ്ച് ഓഫീസർ

2. (എ) ചിറ്റൂർ തഹസിൽദാർ/അഡീഷണൽ തഹസിൽദാർ

(ബി) മുതലമടയിലെ വില്ലേജ് ഓഫീസർ

3. കൊല്ലങ്കോട് സർക്കിൾ ഇൻസ്പെക്ടർ

4. മീങ്കര ഡാമിലെ അസിസ്റ്റന്റ് എഞ്ചിനീയർ.

ശുപാർശ

നെല്ലിയാമ്പതി മലനിരകളിൽ നിന്ന് പുറപ്പെടുന്ന ഒരു അരുവിയാണ് പലകപ്പാണ്ടി. ഈ അരുവി ഒരു വെള്ളച്ചാട്ടമായി മാറി കൊല്ലങ്കോടിന്റെ വടക്കുപടിഞ്ഞാറേ ഭാഗത്തേക്ക് പതിക്കുന്നു. അവിടെ നിന്നും സാമാന്യം വലിപ്പമുള്ള ഒതു തോടായി ഗായത്രിപ്പുഴയിലും പിന്നീട് അറബിക്കടലിലും എത്തുന്നു. ഈ തോടിലൂടെ ഒഴുകുന്ന മുഴുവൻ ജലവും മഴക്കാലങ്ങളിൽ നേരെ കടലിലേക്കാണ് എത്തുന്നത്. പലകപ്പാണ്ടി വെള്ളച്ചാട്ടം ചുള്ളിയാർ ജലസംഭരണിയുടെ ഏകദേശം 4 കി.മീറ്റർ അകലെയാണ് സ്ഥിതിചെയ്യുന്നത്. മഴക്കാലത്ത് പലകപ്പാണ്ടിപുഴയിൽ നിന്ന് ഗായത്രിപുഴയിലേക്ക് ഒഴുകിപ്പോകുന്ന വെള്ളം തിരിച്ചുവിട്ട് ചുള്ളിയാർ ഡാമിൽ എത്തിക്കാൻവേണ്ടി നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതിയാണ് പലകപ്പാണ്ടി ഡൈവേർഷൻ പദ്ധതി. പലകപ്പാണ്ടി പദ്ധതി നടപ്പിലാക്കുകയാണെങ്കിൽ ഈ പ്രദേശത്തെ കുടിവെള്ളക്ഷാമ ത്തിനും ജലസേചന പ്രശ്നങ്ങൾക്കും നല്ല ഒരു പരിഹാരമാകുമെന്ന് സമിതി വിലയിരു ത്തുന്നു. ഈ സാഹചര്യത്തിൽ പലകപ്പാണ്ടി പദ്ധതി അടിയന്തിരമായി പൂർത്തിയാ ക്കാൻവേണ്ട നടപടികൾ എടുക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 34)

സർക്കാർ സ്വീകരിച്ച നടപടി

പലകപ്പാണ്ടി പദ്ധതി പുരോഗമിച്ചുവരുന്നു. ഏകദേശം 95% വർക്കുകളും പൂർത്തിയായി. 2011 ഏപ്രിൽ മാസത്തോടുകൂടി പദ്ധതി പൂർത്തീകരിക്കുവാൻ കഴിയു മെന്ന് പ്രതീക്ഷിക്കുന്നു.

ശുപാർശ

1964-ൽ പൂർത്തിയാക്കിയ വാളയാർ ഡാം പദ്ധതിയുടെ വൃഷ്ടിപ്രദേശം ഭൂരിഭാഗവും തമിഴ്നാട്ടിലാണ് സ്ഥിതിചെയ്യുന്നത്. ഇതിന്റെ ജലസംഭരണിയുടെ ശേഷി 18.4 ദശലക്ഷം ഘനമീറ്ററാണ്. 3997 ഹെക്ടർ സ്ഥലത്ത് നെൽകൃഷിയുടെ രണ്ട് വിളകൾക്കായി ഈ ഡാമിൽ നിന്നും വെള്ളം നൽകുന്നുണ്ട്. കുറെ വർഷങ്ങ ളായി ഡാമിലേക്കുള്ള നീരൊഴുക്കിൽ കാര്യമായ കുറവ് വന്നിട്ടുണ്ടെന്നും സംഭരണി നിറയാത്തതുകാരണം രണ്ടാംവിളയ്ക്ക് വെള്ളം കൊടുക്കാൻ കഴിയുന്നില്ലെന്നും സമിതി മനസ്സിലാക്കുന്നു. ജലസംഭരണിയിലേക്കുള്ള ഒഴുക്ക് തമിഴ്നാടിന്റെ അതിർത്തിക്കുള്ളിൽ തടയുകയോ തിരിച്ചുവിടുകയോ ചെയ്തിട്ടുള്ളതായി സമിതി അനുമാനിക്കുന്നു. നമുക്ക് ലഭിക്കേണ്ട ജലം അനധികൃതമായി തമിഴ്നാട് ഉപയോഗി ക്കുന്നുണ്ടെങ്കിൽ അതിന്റെ നിജസ്ഥിതി അറിയേണ്ടത് അത്യാവശ്യമാണ്. അതുകൊണ്ട് ജലവിഭവം, വനം, റവന്യൂ, പോലീസ് എന്നീ വകുപ്പുകൾ ചേർന്ന് ഒരു കർമ്മ

സമിതി രൂപീകരിച്ച് അന്വേഷണം നടത്തി നിജസ്ഥിതി അറിയിക്കണമെന്നും ലഭിക്കേണ്ട ജലം ലഭ്യമാക്കാൻ നടപടി ഊർജ്ജിതപ്പെടുത്തണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 35)

സർക്കാർ സ്വീകരിച്ച നടപടി

വാളയാർ ഡാമിൽ നിന്നുള്ള ജലം തമിഴ്നാട് അനധികൃതമായി ഉപയോഗിക്കുന്നുണ്ടോയെന്ന് പരിശോധിക്കുന്നതിലേക്കായി ജലവിഭവം, വനം, റവന്യൂ, പോലീസ് എന്നീ വകുപ്പുകളിലെ താഴെ പറയുന്ന അംഗങ്ങളെ ഉൾപ്പെടുത്തി ഒരു സംയുക്ത കർമ്മസമിതി രൂപീകരിക്കാൻ തീരുമാനിച്ചു :

1. വാളയാർ ഫോറസ്റ്റ് റേഞ്ച് ആഫീസർ
2. (എ) പാലക്കാട് തഹസിൽദാർ/അഡീഷണൽ തഹസിൽദാർ

   (ബി) പുതുശ്ശേരി ഈസ്റ്റ് വില്ലേജിലെ വില്ലേജ് ഓഫീസർ
3. കസബ സർക്കിൾ ഇൻസ്പെക്ടർ
4. വാളയാർ ഡാമിലെ അസിസ്റ്റന്റ് എഞ്ചിനീയർ

ശുപാർശ

പി. എ. പി. എഗ്രിമെന്റ് പ്രകാരം മണക്കടവ് വിയറിൽ നിന്നും വരുന്ന വെള്ളം മൂന്ന് കിലോമീറ്റർ ദൂരം പിന്നിടുമ്പോൾ മൂലത്തറ റഗുലേറ്ററിൽ എത്തുമെന്നും ഇവിടെനിന്നും ഇടതുകര കനാൽ, വലതുകര കനാൽ എന്നീ രണ്ട് കനാലുകളിലൂടെ ആയക്കെട്ട് ഭാഗത്തേക്ക് പോകുന്നുവെന്നും, അതിൽ ഇടതുകര കനാൽ 7 കിലോമീറ്റർ പിന്നിടുമ്പോൾ 3 $MM^3$ കപ്പാസിറ്റിയുള്ള കമ്പാലത്തറ റിസർവോയറിൽ എത്തുന്നുവെന്നും കമ്പാലത്തറ ഇടതുകര കനാൽ മുഖേന 8200 ഹെക്ടർ പ്രദേശത്ത് ജലസേചനം നടത്താൻ കഴിയുന്നു എന്നും, വലതുകരകനാലും 3 $MM^3$ കപ്പാസിറ്റിയുള്ള വെങ്കലക്കയം ഏരിയായിൽ എത്തുന്നുവെന്നും ഫ്ളഡ് വാട്ടർ സ്റ്റോർ ചെയ്യാനുള്ള കപ്പാസിറ്റി മൂലത്തറ റഗുലേറ്ററിനില്ലെന്നും സമിതി മനസ്സിലാക്കുന്നു. മൂലത്തറ-കമ്പാലത്തറ-കന്നിമാരി കനാൽ വീതികൂട്ടി മീൻകര ഡാം പ്രോജക്ടുമായി ബന്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 38)

സർക്കാർ സ്വീകരിച്ച നടപടി

മൂലത്തറയെ മീങ്കരഡാമുമായി ബന്ധിപ്പിക്കുന്ന കനാൽ വലുതാക്കുന്നതിന് സ്ഥലമേറ്റടുപ്പും മറ്റും വേണ്ടിവരും എന്നതിനാൽ വിദഗ്ദ്ധമായ പഠനം ആവശ്യമാണ്. പലകപ്പാണ്ടി പദ്ധതി പൂർത്തീകരിച്ചു കഴിഞ്ഞാൽ അധികജലം മീങ്കര ഡാം

നിറക്കാൻ മാത്രമേ ആവശ്യമായി വരികയുള്ളൂ എന്നതിനാൽ പ്രസ്തുത കനാൽ വികസനം സാമ്പത്തികമായി ലാഭകരമാവുമോ എന്നും പഠിക്കേണ്ടതുണ്ട്. പ്രസ്തുത പഠനം നടത്തുന്നതിനായി ചീഫ് എഞ്ചിനീയർ കാവേരി സെല്ലിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

ശുപാർശ

അടുത്ത കാലത്ത് മൂലത്തറ റെഗുലേറ്റർ തകർന്നതുമൂലം ചിറ്റൂരിൽ വ്യാപകമായ കൃഷി നാശമുണ്ടായതായി സമിതി മനസ്സിലാക്കുന്നു. സംഭരണശേഷി വർദ്ധിപ്പിക്കുന്നതിനായി മൂന്ന് മീറ്റർ ഉയരത്തിൽ കോൺക്രീറ്റ് കെട്ടി ഉയർത്തിയതിലുണ്ടായ സാങ്കേതിക പിഴവുമൂലമാണ് റെഗുലേറ്റർ തകർന്നതെന്നും ഇത് ജലസേചന വകുപ്പിന്റെ ഭാഗത്ത് നിന്നുണ്ടായ ഗുരുതരമായ വീഴ്ചയാണെന്നും സമിതി അഭിപ്രായപ്പെടുന്നു. വലതുകര കനാൽ നവീകരിക്കുമ്പോൾ വെള്ളപ്പൊക്കം ഉൾക്കൊള്ളാനാവും വിധം സ്പിൽവേ കൂടി നിർമ്മിക്കണമെന്നും തകർന്ന റഗുലേറ്ററിന്റെ ഭാഗം അടിയന്തിരമായി പുനർനിർമ്മിക്കുന്നതിന് നടപടി കൈക്കൊള്ളണമെന്നും നിലവിലുള്ള റെഗുലേറ്ററിന് താഴെയായി പുതിയ റെഗുലേറ്ററിന് സാധ്യതാ പഠനം നടത്തണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 39)

സർക്കാർ സ്വീകരിച്ച നടപടി

തകർന്ന റെഗുലേറ്ററിന്റെ അപ്രോച്ച്റോഡ് നിർമ്മാണം തുടങ്ങിയിട്ടുണ്ട്. അധികമായി 6 വെന്റ് വേകൾ ഉൾകൊള്ളിച്ചുകൊണ്ട് മൂലത്തറ റെഗുലേറ്റർ നവീകരിക്കുവാൻ സമർപ്പിച്ച പദ്ധതി വിശദമായ പഠനം നടത്തിയതിന് ശേഷം നടപ്പാക്കുന്നതാണ്. പുതിയ റഗുലേറ്ററിനും സാധ്യതാ പഠനം നടത്തേണ്ടതുണ്ട്. പ്രസ്തുത പഠനങ്ങൾക്കായി കെ. ഇ. ആർ. ഐ. പീച്ചിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

ശുപാർശ

പാലക്കാട് ജില്ലയിൽ ജലനിധി മുഖേന 374 റെയിൻ വാട്ടർ ഹാർവെസ്റ്റിംഗ് യൂണിറ്റുകൾ പൂർത്തിയാക്കിയിട്ടുണ്ടെന്നും 12 ലക്ഷം രൂപ മുതൽമുടക്കി 20 പഞ്ചായത്തുകളിൽ ബോധവൽക്കരണം നടത്തുകയും ഡെമോൺസ്ട്രേഷൻ യൂണിറ്റുകൾ കൈമാറുകയും ചെയ്തിട്ടുണ്ടെന്നും 43 അംഗൻവാടികളിൽ റെയിൻ വാട്ടർ ഹാർവെസ്റ്റിംഗ് യൂണിറ്റുകൾ സ്ഥാപിച്ചിട്ടുണ്ടെന്നും സമിതി മനസ്സിലാക്കുന്നു.

(ഖണ്ഡിക 81)

സർക്കാർ സ്വീകരിച്ച നടപടി

2183 മഴവെള്ള സംഭരണി യൂണിറ്റുകൾ പൂർത്തിയാക്കിയിട്ടുണ്ട്. 69,82,404 രൂപ മുതൽ മുടക്കി 9 പഞ്ചായത്തുകളിൽ ബോധവൽക്കരണം നടത്തുകയും, ഡെമോൺസ്ട്രേഷൻ യൂണിറ്റുകൾ കൈമാറുകയും ചെയ്തിട്ടുണ്ട്. ഈ യൂണിറ്റുകൾ എല്ലാം തന്നെ നല്ല രീതിയിൽ പ്രവർത്തിച്ചുവരികയാണ്.

ശുപാർശ

അധികാര വികേന്ദ്രീകരണത്തെ തുടർന്ന് റൂറൽ വാട്ടർ സപ്ലൈ സ്കീമിൽ വരുന്ന പദ്ധതികളുടെ നടത്തിപ്പ് പഞ്ചായത്തുകളെ ഏൽപ്പിച്ചെങ്കിലും ഇതിനനസൃതമായി സാങ്കേതികമായി ഉപദേശമോ പരിജ്ഞാനമോ അവർക്ക് നൽകാൻ സാധിച്ചിട്ടില്ലെന്നും ഇതിനുള്ള നടപടിയുണ്ടാകണമെന്നും സമിതി നിർദ്ദേശിക്കുന്നു.

(ഖണ്ഡിക 94)

സർക്കാർ സ്വീകരിച്ച നടപടി

ജലനിധി നടപ്പിലാക്കിയ പഞ്ചായത്തുകളിലെ നിലവിലുള്ള ഏകപഞ്ചായത്ത് കുടിവെള്ള പദ്ധതികൾ പഞ്ചായത്തുകൾ ഏറ്റെടുക്കുകയും അതിൽ 95 പദ്ധതികൾ പുനഃരുദ്ധീകരിച്ച് ഗുണഭോക്താക്കൾക്ക് തുടർനടത്തിപ്പിനായി ഏൽപ്പിക്കുകയും ചെയ്തിട്ടുണ്ട്. ജലനിധിയുടെ തുടർപദ്ധതിയിൽ സംസ്ഥാനത്ത് നിലവിലുള്ള ഏക പഞ്ചായത്ത് പദ്ധതികൾ പുനരുദ്ധരിക്കുവാനുള്ള പദ്ധതി ആവിഷ്ക്കരിക്കുവാനും ഉദ്ദേശിക്കുന്നു. ജലനിധി പദ്ധതികളുടെ നടത്തിപ്പിനുവേണ്ട സാങ്കേതിക പരിശീലനം നൽകിയതിനുശേഷമാണ് പദ്ധതികൾ കൈമാറുക. എന്നിരുന്നാലും കൂടുതൽ സാങ്കേതിക ഉപദേശങ്ങൾ ആവശ്യമായി വരുമ്പോൾ പഞ്ചായത്തുകൾക്ക് എൽ.എസ്സ്.ജി. യുടെ സാങ്കേതിക വിഭാഗത്തെയോ, കെ.ഡബ്ല്യൂ.എ.-യോ സമീപിക്കാവുന്നതാണ്.

ശുപാർശ

റൂറൽ വാട്ടർ സപ്ളൈ സ്കീം പ്രകാരം പാലക്കാട് ജില്ലയിൽ നടപ്പിലാക്കിയ പദ്ധതിയുടെ പുരോഗതിയെക്കുറിച്ചും ഓരോ പദ്ധതിയുടെ പുരോഗതിയെക്കുറിച്ചും പോരായ്മകൾ പരിഹരിക്കാനുള്ള മാർഗ്ഗങ്ങളെക്കുറിച്ചും പഠനം നടത്തണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 95)

സർക്കാർ സ്വീകരിച്ച നടപടി

പാലക്കാട് ജില്ലയിൽ 20 പഞ്ചായത്തുകളിൽ ജലനിധി പദ്ധതികൾ നടപ്പിലാക്കി. ഈ പദ്ധതി പ്രകാരം 676 കുടിവെള്ള പദ്ധതികൾ, 20116 കക്കൂസുകൾ, 9360 മാലിന്യ സംസ്ക്കരണ യൂണിറ്റുകൾ എന്നിവ ആവിഷ്ക്കരിച്ചിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കിയ സുസ്ഥിരപഠനത്തിൽ കെ.ആർ. ഡബ്ള്യൂ.എസ്സ്.എ നടപ്പിലാക്കിയ 95% കുടിവെള്ള പദ്ധതികളും പ്രവർത്തിക്കുന്നതായിട്ടാണ് റിപ്പോർട്ട്. ലോകബാങ്കിന്റെ ധനസഹായം 30-9-2008-ൽ അവസാനിച്ചതിനാൽ സ്പിൽ ഓവർ പദ്ധതികൾ പൂർത്തീകരിക്കാനുള്ള പണം മാത്രമേ സർക്കാർ അനുവദിച്ചിട്ടുള്ളൂ. ഫണ്ടിന്റെ അഭാവംമൂലം സമിതി നിർദ്ദേശിച്ച തുടർ പഠനം ഏജൻസിക്ക് നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല എന്നറിയിക്കുന്നു.

ശുപാർശ

വേനൽക്കാലമായാൽ കുടിവെള്ള പ്രശ്നം വളരെ രൂക്ഷമായ ഒരു ജില്ലയാണ് പാലക്കാട്. കേരളത്തിന്റെ മറ്റു ജില്ലകളിൽ ശക്തമായ മഴയുള്ള മൺസൂൺ

കാലങ്ങളിൽപ്പോലും ലോറിയിൽ വെള്ളമെത്തിച്ച് വിതരണം നടത്തുന്ന പ്രദേശങ്ങൾ ഈ ജില്ലയിൽ ഉണ്ട്. ജില്ലയുടെ കിഴക്കൻ പ്രദേശങ്ങൾ ഭൂരിഭാഗവും മഴനിഴൽ പ്രദേശങ്ങളാണ്. ഈ ഭാഗങ്ങളിൽ മഴയുടെ അളവ് വളരെ കുറവാണ്. കിഴക്കൻ പ്രദേശങ്ങളായ പുതുശ്ശേരി, വടകരപ്പതി, കൊഴിഞ്ഞാമ്പാറ, എരുത്തോമ്പതി, പെരുമാട്ടി, മുതലമട, എലവഞ്ചേരി എന്നീ പഞ്ചായത്തുകളിലും കിഴക്കൻ അട്ടപ്പാടിയിലും കുടിവെള്ളക്ഷാമം വളരെ രൂക്ഷമാണ്.

(ഖണ്ഡിക 98)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ഖണ്ഡികയിൽ പ്രതിപാദിച്ചിട്ടുള്ള പുതുശ്ശേരി ഗ്രാമപഞ്ചായത്തിൽ ടെക്നോളജി മിഷൻ പദ്ധതിയിൽപ്പെടുത്തി പദ്ധതി കമ്മീഷൻ ചെയ്ത് ജലവിതരണം സാധ്യമാക്കിയിട്ടുണ്ട്.

വടകരപ്പതി, കൊഴിഞ്ഞാമ്പാറ, എരുത്തോമ്പതി എന്നീ പഞ്ചായത്തുകളിൽ ടെക്നോളജി മിഷൻ പദ്ധതിയിൽപ്പെടുത്തി പ്രവൃത്തികൾ നടപ്പിലാക്കി കുടിവെള്ള ക്ഷാമം പരിഹരിച്ചു. എൻ.സി./പി.സി. പദ്ധതിയിൽ ഉൾപ്പെടുന്ന പട്ടഞ്ചേരി, പെരുമാട്ടി പഞ്ചായത്തുകളിൽ ശുദ്ധജലം ലഭ്യമാക്കുന്നതിന് പ്രവൃത്തികൾ നടന്നുവരുന്നു. 2011 മാർച്ച് മാസത്തോടുകൂടി പദ്ധതി പൂർത്തീകരിച്ച് ഭാഗികമായി കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

മുതലമട, എലവഞ്ചേരി എന്നീ പഞ്ചായത്തുകളിലേക്ക് കൊല്ലങ്കോട് പദ്ധതിയിൽ നിന്ന് ജലവിതരണം ഭാഗികമായി നടത്തുന്നുണ്ട്. ബി.ആർ.ജി.എഫ്. ഫണ്ട് ഉപയോഗിച്ച് മുതലമടയുടെ ബാക്കി ഭാഗത്തുകൂടി വിതരണശൃംഖലയുടെ പ്രവൃത്തി നടന്നുവരുന്നു. എലവഞ്ചേരി പഞ്ചായത്തിലേക്കായി പുതിയ പദ്ധതി വിഭാവനം ചെയ്യേണ്ടതുണ്ട്.

പാലക്കാട് ജില്ലയിലെ അട്ടപ്പാടി ബ്ലോക്കിൽ ഉൾപ്പെടുന്ന ഷോളയൂർ ഗ്രാമപഞ്ചായത്ത് പൂർണ്ണമായും, പുതൂർ ഗ്രാമപഞ്ചായത്ത് ഭാഗികമായും, അട്ടപ്പാടി കിഴക്കൻ മേഖലയിൽ ഉൾപ്പെടുന്ന പ്രദേശങ്ങളാണ്. ആനക്കട്ടി കോട്ടത്തറ, മറ്റത്തുകാട് പ്രദേശങ്ങൾക്കുവേണ്ടി ശിരുവാണിപ്പുഴയും കുഴൽക്കിണറും സ്രോതസ്സായി ഒരു കുടിവെള്ള പദ്ധതിയും ശിരുവാണിപ്പുഴ തന്നെ സ്രോതസ്സായി ആർ.ഡബ്ള്യൂ.എസ്.എസ്. ഷോളയൂർ എന്ന മറ്റൊരു കുടിവെള്ള പദ്ധതി, ഷോളയൂർ ഗ്രാമപഞ്ചായത്തിലും ഭവാനിപ്പുഴ സ്രോതസ്സായി പുതൂർ ഗ്രാമപഞ്ചായത്തിൽ ഒരു കുടിവെള്ള പദ്ധതിയും കേരള വാട്ടർ അതോറിറ്റി മുഖേന നടപ്പിലാക്കി വന്നിരുന്നു. എന്നാൽ മേൽപ്പടി പദ്ധതികൾ ഇപ്പോൾ ഗ്രാമപഞ്ചായത്ത് ഏറ്റെടുത്ത് പ്രവർത്തിച്ചു വരുകയാണ്. ഇതു കൂടാതെ ത്രിതല പഞ്ചായത്തുകളുടെ ഫണ്ട് ഉപയോഗിച്ചും ജലനിധി മുഖേനയും അട്ടപ്പാടി കിഴക്കൻ മേഖലകളിൽ കുടിവെള്ള പദ്ധതികൾ നിലവിലുണ്ട്.

## ശുപാർശ

ഇപ്പോൾ കേരള വാട്ടർ അതോറിറ്റി പല സ്ഥലങ്ങളിലും കുടിവെള്ള വിതരണ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. ഇവയുടെയെല്ലാം ഉറവിടം ജലസേചന പദ്ധതികളുടെ ജല സംഭരണികളോ ഏതെങ്കിലും പുഴയോ തോടൊ ആണ്. ഓരോ പദ്ധതി വരുമ്പോഴും ഉറവിടങ്ങളിലെ ജലലഭ്യത കുറഞ്ഞുവരുന്നുണ്ട്. ഇതു വരൾച്ചക്ക് ഒരു കാരണമാണ്. ഉദാഹരണത്തിന് ചിറ്റൂർപ്പുഴ ഉറവിടമായി നിർമ്മിച്ചിരിക്കുന്ന പദ്ധതികൾക്കു മാത്രം ഏകദേശം 20.22 ദശലക്ഷം ഘനമീറ്റർ വെള്ളമാണ് കേരള വാട്ടർ അതോറിറ്റി ആവശ്യപ്പെട്ടിരിക്കുന്നത്. ഇത് ഏകദേശം 0.71 IMC ഓളം വരും. PAP കരാർ പ്രകാരം നമുക്ക് തമിഴ്നാട്ടിൽ നിന്ന് ലഭിക്കുന്നത് 7.254 TMC വെള്ളമാണ്. അതായത് PAP വെള്ളത്തിന്റെ 10 ശതമാനത്തോളം കുടിവെള്ളത്തിനു മാത്രമായി മാറ്റിവയ്ക്കേണ്ടി വരും. അതുപോലെ തന്നെ കൊല്ലങ്കോട് ഭാഗങ്ങളിൽ കുടിവെള്ള വിതരണത്തിനുവേണ്ട ഏകദേശം 2 ദശലക്ഷം ഘനമീറ്റർ വെള്ളമാണ് മീങ്കര ഡാമിൽ നിന്ന് കേരള വാട്ടർ അതോറിറ്റി ആവശ്യപ്പെട്ടിരിക്കുന്നത്. മീങ്കരയിലെ ജല സംഭരണശേഷിയുടെ 18 ശതമാനം വരുമിത്. ഇതിന്റെ അർത്ഥം കുടിവെള്ളത്തിന് എടുക്കുന്ന വെള്ളത്തിന്റെ അളവിനനുസരിച്ച് കൃഷിയെ അതു ബാധിക്കും. ചുരുക്കിപ്പറഞ്ഞാൽ ചിറ്റൂർപ്പുഴ പദ്ധതിയിലെ 1% കൃഷിയും മീങ്കര പദ്ധതിയിലെ 10% കൃഷിയും ഉപേക്ഷിക്കേണ്ടി വരും. ഇതെല്ലാം അവസാനം ചെന്നെത്തുന്നത് കൂടുതൽ രൂക്ഷമായ വരൾച്ചയിലേക്കായിരിക്കും. അതുകൊണ്ട് നിലവിലുള്ള ഉറവിടങ്ങളെ കുടുതൽ ശക്തിപ്പെടുത്തി അവയിലെ ജല ലഭ്യത കൂട്ടാനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 99 & 100)

## സർക്കാർ സ്വീകരിച്ച നടപടി

വേനൽക്കാലമായാൽ കുടിവെള്ള പ്രശ്നം വളരെ രൂക്ഷമായ ഒരു ജില്ലയാണ് പാലക്കാട്. ഈ ജില്ലയിലെ കുടിവെള്ളക്ഷാമം രൂക്ഷമായ പ്രദേശങ്ങളിലെ ജലവിതരണത്തിനായി നടപ്പിലാക്കിയ പദ്ധതികൾക്ക് വാട്ടർ അതോറിറ്റി ജലം ആവശ്യപ്പെട്ടിട്ടുണ്ട്. ഈ മേഖലകളിൽ ജനങ്ങൾ മുഖ്യമായും ആശ്രയിക്കുന്നത് വാട്ടർ അതോറിറ്റിയുടെ പദ്ധതികളെയാണ്. കേരള സർക്കാരിന്റെ ജലനയത്തിൽ ഗാർഹിക ആവശ്യങ്ങൾക്കാണ് മുൻഗണന നൽകിയിട്ടുള്ളത്. ജലസേചനവും മൾട്ടിപർപ്പസ് പ്രോജക്ടും വിഭാവനം ചെയ്യുമ്പോൾ ഗ്രാമീണമേഖലയിലെ കുടിവെള്ള പദ്ധതികൾക്ക് ഉപരിതല ജലലഭ്യതയുടെ വിഹിതം 17% ൽ നിന്ന് 50% ആക്കി വർദ്ധിപ്പിക്കാനുള്ള കേന്ദ്ര സർക്കാരിന്റെ കുടിവെള്ള വകുപ്പിന്റെ നയം സംസ്ഥാനത്തും നടപ്പിലാക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

ജലനിധി ഒന്നാംഘട്ടത്തിൽ ജലസ്രോതസ്സുകളെ ശക്തിപ്പെടുത്തി ജലലഭ്യത കൂട്ടാനുള്ള ഭൂജല സംവർദ്ധന പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കിയിട്ടുണ്ട്. ജലനിധി രണ്ടാംഘട്ട പദ്ധതിയിൽ ജലനിധിയുടെ സ്രോതസ്സുകളിൽ ജല ലഭ്യത ഉറപ്പാക്കുന്നതിനുവേണ്ടി ഗ്രാമപഞ്ചായത്ത് തലത്തിലും സ്രോതസ്സ് തലത്തിലും ഭൂജലപരിപോഷണ പ്രവർത്തനങ്ങൾ നടത്തേണ്ടതാണെന്ന് നിർദ്ദേശമുണ്ട്. ഭൂജല സംവർദ്ധനപ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത് ഓരോ പഞ്ചായത്തിനും വേണ്ടി

ജലസുരക്ഷാ പഠനം നടപ്പിലാക്കിയ ശേഷമാണ് പദ്ധതികൾ തയ്യാറാക്കുന്നത്. മേൽപ്പറഞ്ഞതുകൂടാതെ സർക്കാർ തലത്തിൽ വിവിധ വകുപ്പുകളെ നിയോജകമണ്ഡല അടിസ്ഥാനത്തിൽ ഒരു സമഗ്ര സുരക്ഷാ പദ്ധതിക്ക് സർക്കാർ രൂപം നൽകി നടപ്പാക്കിവരുന്നു.

ശുപാർശ

ഭൂമിയുടെ കിടപ്പ്, നീർച്ചാലുകളുടെ സ്വഭാവം, മണ്ണിന്റെ ഘടന, കാലാവസ്ഥ തുടങ്ങിയവ കണക്കിലെടുത്ത് മണ്ണ്, ജലം എന്നിവ സംരക്ഷിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടെങ്കിലേ സ്ഥായിയായ കാർഷിക ഉൽപ്പാദനം ഉറപ്പുവരുത്താനാവൂ എന്ന് സമിതി അഭിപ്രായപ്പെടുന്നു. കാർഷികാനുകൂല്യങ്ങളും മറ്റ് സർക്കാർ ആനുകൂല്യങ്ങളും വാങ്ങുന്ന ഗുണഭോക്താക്കൾ അവരുടെ ഭൂമിയിൽ മണ്ണു ജല സംരക്ഷണ മാർഗ്ഗങ്ങൾ നടപ്പാക്കിയിട്ടുണ്ടോ എന്ന് അപേക്ഷയിൽ രേഖപ്പെടുത്തുന്നതിനും പുതിയ വീടുകൾക്ക് അനുമതി നൽകുമ്പോൾ മണ്ണുജല സംരക്ഷണ പ്രവർത്തനങ്ങൾ നടത്തണമെന്ന് നിഷ്കർഷിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 106 & 113)

സർക്കാർ സ്വീകരിച്ച നടപടി

പാലക്കാട് ജില്ലയിലെ മണ്ണിന്റെ ഘടന, ഭൂമിയുടെ ചരിവ്, നീർച്ചാലുകളുടെ ഘടന, കാലാവസ്ഥ മുതലായ അടിസ്ഥാന ഘടകങ്ങൾ പഠനം നടത്തി മണ്ണും ജലവും സംരക്ഷിക്കുന്നതിനുള്ള വിവിധ പദ്ധതികൾ ടി ജില്ലയിൽ നടപ്പിലാക്കി വരുന്നു.

ഗ്രാമീണ അടിസ്ഥാന സൗകര്യ വികസനനിധി (ആർ.ഐ.ഡി.എഫ്.) പശ്ചിമഘട്ട വികസന പദ്ധതി, ദേശീയ നീർമറി വികസന പദ്ധതി, കുന്ദ നദീതട സംരക്ഷണ പദ്ധതി എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി, മണ്ണും ജലവും സംരക്ഷിക്കുന്നതിനായി കല്ലുകയ്യാലകൾ നിർമ്മിച്ച് അതിനുമുകളിൽ തീറ്റപ്പുല്ലുകൾ വച്ചുപിടിപ്പിച്ചിട്ടുണ്ട്. കൂടാതെ നീർക്കുഴി നിർമ്മാണം, വൃക്ഷത്തിന് തടമെടുക്കൽ, ട്രഞ്ചുകളുടെ നിർമ്മാണം, തടയണകൾ, സംരക്ഷണ ഭിത്തികൾ മുതലായവയുടെ നിർമ്മാണം തുടങ്ങിയ പണികളും നടപ്പിലാക്കിയിട്ടുണ്ട്.

മഴസമയത്ത് പറമ്പുകളിൽ ലഭിക്കുന്ന ജലം മഴക്കുഴികളിൽ സംരക്ഷിക്കുന്നതിനും, മേൽക്കൂരകൾ വഴി ലഭിക്കുന്ന ജലം പ്രത്യേക കുഴികളിൽ സംഭരിക്കുന്നതിനും ഇപ്രകാരം ലഭ്യമാകുന്ന ജലം കാർഷികാവശ്യത്തിന് ഉതകുന്ന തരത്തിൽ വിനിയോഗിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ അവലംബിച്ചിട്ടുണ്ട്.

ചെങ്കുത്തായ പ്രദേശങ്ങളിൽ മണ്ണൊലിപ്പിനുള്ള സാധ്യത വളരെ കൂടുതലായതിനാൽ പ്രസ്തുത പ്രദേശങ്ങളിൽ വൃക്ഷ തൈകൾ വച്ചുപിടിപ്പിച്ച് ഫലഭൂയിഷ്ടമായ മേൽമണ്ണിന്റെ നഷ്ടം ഒരളവുവരെ കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്.

പാലക്കാട് ജില്ലയിലെ രൂക്ഷമായ വരൾച്ചയും അതിനുള്ള കാരണങ്ങളും പരിഹാരമാർഗ്ഗങ്ങളും തദ്ദേശവാസികൾക്ക് ബോദ്ധ്യപ്പെടുത്തുന്നതിനായി പ്രസ്തുത

ജില്ലയുടെ വിവിധ പഞ്ചായത്തുകളിൽ ബോധവല്ക്കരണ ക്ലാസ്സുകൾ സംഘടിപ്പി ക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 2011-12 സാമ്പത്തിക വർഷത്തെ ഈ വകുപ്പിലെ പരിശീലന പരിപാടികളിൽ പാലക്കാട് ജില്ലയിലെ ജനങ്ങൾക്ക് പൊതുവിൽ ഈ വിഷയത്തിൽ അവബോധം ഉണ്ടാക്കുന്നതിനുതകുന്ന തരത്തിൽ ഓരോ പദ്ധതിയിലേയും നീർമറി സമൂഹം (വാട്ടർഷെഡ് കമ്മ്യൂണിറ്റി) വഴി ബോധവല്ക്കരണ ക്ലാസ്സുകൾ നടത്താൻ നിർദ്ദേശം നല്കിയിട്ടുണ്ട്.

മണ്ണുജല സംരക്ഷണത്തിന്റെ പ്രാധാന്യം വിളിച്ചോതുന്ന നോട്ടീസുകൾ, ലഘുലേഖകൾ, ചിത്രങ്ങൾ മുതലായവ അച്ചടിച്ചു പാലക്കാട് ജില്ലയിലെ എല്ലാ ഭാഗങ്ങളിലും വിതരണം നടത്തുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്.

പാലക്കാട് ജില്ലയിലെ രൂക്ഷമായ വരൾച്ചയും ജലക്ഷാമവും പരിഹരിക്കുന്ന തിനായി ഈ വകുപ്പുവഴിയും ഇതര വകുപ്പുകൾ/ഏജൻസികൾ വഴിയും സ്വീകരിച്ചി ട്ടുള്ള പദ്ധതികളേയും നടപടികളേയും സംബന്ധിച്ച വിശദമായ റിപ്പോർട്ടും ആയി ചേർത്തിരിക്കുന്നു.

(അനുബന്ധം II)

ശുപാർശ

മണ്ണുജല സംരക്ഷണ പ്രവർത്തനങ്ങളുടെ ആവശ്യകതയെപ്പറ്റി ജനങ്ങളെ ബോധവൽക്കരിക്കുന്നതിനായി ക്ലാസ്സുകൾ സംഘടിപ്പിക്കുകയും, ലഘുലേഖകൾ, പോസ്റ്ററുകൾ തുടങ്ങിയവ വിതരണം ചെയ്യുകയും അംഗൻവാടി മുതൽ പ്രൊഫഷണൽ കോളേജ് തലം വരെയുള്ള ജീവനക്കാർക്ക് പരിശീലനം നൽകുകയും ചെയ്യണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 111)

സർക്കാർ സ്വീകരിച്ച നടപടി

മണ്ണ് സംരക്ഷണ വിഭാഗം വകുപ്പിൽ എറണാകുളത്തുള്ള പരിശീലനകേന്ദ്രം വഴി മണ്ണുജല സംരക്ഷണത്തിന്റെ ആവശ്യകതയെക്കുറിച്ച് വിവിധ ജില്ലകളിലെ കർഷക പ്രതിനിധികൾക്ക് പരിശീലന പരിപാടികൾ സംഘടിപ്പിക്കാറുണ്ട്. കൂടാതെ അംഗൻവാടികളിലും ത്രിതല പഞ്ചായത്തുകളിലെ തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധി കൾക്കും മണ്ണുജല സംരക്ഷണത്തിന്റെ അനിവാര്യതയെക്കുറിച്ച് വിശദമായ പരിശീലന പരിപാടികൾ നൽകി വരുന്നുണ്ട്. സ്കൂൾ, കോളേജ് തലങ്ങളിൽ വിദ്യാർത്ഥികൾക്കായി സെമിനാർ, ക്വിസ് മത്സരങ്ങൾ എന്നിവ നടത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. ഈ മേഖലയിൽ വരും വർഷങ്ങളിൽ പാലക്കാട് ജില്ലയ്ക്കായി പ്രത്യേക പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതാണ്.

ശുപാർശ

ജനങ്ങൾ കൂടുതലായി വരുന്ന വില്ലേജാഫീസ്, പഞ്ചായത്താഫീസ് തുടങ്ങിയ പൊതു കെട്ടിടങ്ങളിൽ മഴവെള്ള സംഭരണത്തിനായി ടാങ്കും അനുബന്ധ സാമഗ്രികളും പ്രദർശനാർത്ഥം സ്ഥാപിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 112)

### സർക്കാർ സ്വീകരിച്ച നടപടി

ജലനിധി നടപ്പിലാക്കിയ പഞ്ചായത്തുകളിൽ മഴവെള്ള സംഭരണിയും അനുബന്ധ സാമഗ്രികളും പ്രദർശനാർത്ഥം സ്ഥാപിച്ചിട്ടുണ്ട്. രണ്ടാം ഘട്ടത്തിലും ഇപ്രകാരം ചെയ്യുന്നുണ്ട്. കൂടാതെ മഴവെള്ള സംഭരണത്തിന്റെ പ്രാധാന്യം ജനങ്ങളിലേക്കെത്തിക്കുന്നതിന് സംസ്ഥാന സർക്കാർ കേരള ഗ്രാമീണ ശുദ്ധജല വിതരണ പ്രചാരണ പരിപാടിക്ക് ജൂൺ മാസം 2004-ൽ തുടക്കം കുറിച്ചു. പരിപാടിയുടെ ഭാഗമായി സംസ്ഥാന തലത്തിൽ പ്രചരണ പരിപാടി ഏകോപി പ്പിക്കലാണ് മഴകേന്ദ്രത്തിന്റെ പ്രധാന ദൗത്യം. ഇതിന്റെ ഭാഗമായി എല്ലാ ജില്ലയിലും 10,000 ലിറ്റർ മുതൽ 25,000 ലിറ്റർ വരെ സംഭരണശേഷിയുള്ള 60 സംഭരണികൾ നിർമ്മിച്ചു കഴിഞ്ഞു. ഇതിനുപുറമേ പ്രത്യേക പദ്ധതി പ്രകാരം എം.ജി.പി. യുടെ സാമ്പത്തിക സഹായത്തോടെ സംസ്ഥാനത്തെ 62 പ്രധാന സർക്കാർ സ്ഥാപന ങ്ങളിലും മഴവെള്ള സംഭരണികൾ തയ്യാറാക്കിയിട്ടുണ്ട്. 2009-10-ലെ മഴവെള്ള സംഭരണ പ്രചാരണ പരിപാടിയുടെ ഭാഗമായി 48 യൂണിറ്റുകളുടെ പണികൾ തിരുവനന്തപുരം, പാലക്കാട്, തൃശ്ശൂർ, കോഴിക്കോട്, കാസർഗോഡ് എന്നീ ജില്ലകളിൽ പുരോഗമിക്കുന്നു.

### ശുപാർശ

അന്തർ സംസ്ഥാന നദീജലകരാർ, പാലക്കാട് ജില്ലയിൽ ധാരാളം ജലം ലഭിച്ചുകൊണ്ടിരുന്ന കാലത്ത് അയൽ സംസ്ഥാനങ്ങളുമായി ഉണ്ടാക്കിയ കരാറാ ണെന്നും എന്നാൽ ഇപ്പോൾ ജലത്തിന്റെ ലഭ്യത കുറഞ്ഞ സാഹചര്യത്തിലും കാലപ്പഴക്കം കൊണ്ടും കരാർ കാലഹരണപ്പെട്ടതുകൊണ്ടും പുനരവലോകനം ചെയ്യണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 142)

### സർക്കാർ സ്വീകരിച്ച നടപടി

25-9-1970-ൽ ഒപ്പുവെച്ച 9-11-1958-ൽ മുൻകാല പ്രാബല്യമുള്ള പറമ്പിക്കുളം, ആളിയാർ പദ്ധതി (പി.എ.പി.) കരാറിന് കാലാവധി നിശ്ചയിച്ചിട്ടില്ല. അതൊരു നിലയ്ക്കാത്ത (Perpetual) കരാറാണ്. എന്നാൽ പ്രസ്തുത കരാർ 30 വർഷം കൂടുമ്പോൾ പുനരവലോകനം ചെയ്യാൻ വ്യവസ്ഥയുണ്ട്. ഇതനുസരിച്ച് 1988-ൽ പുനരവലോകന ചർച്ചകൾ ആരംഭിച്ചു. പി.എ.പി. കരാർ പുനരവലോകനം സംബന്ധിച്ച് നാളിതുവരെ കേരളവും തമിഴ്നാടും തമ്മിൽ മുഖ്യമന്ത്രി തലത്തിലും മന്ത്രിതലത്തിലും ഔദ്യോഗിക തലത്തിലും നിരവധി അന്തർ സംസ്ഥാന ചർച്ചകൾ 1989 മുതൽ 2009 ഏപ്രിൽ വരെയുള്ള കാലയളവിൽ നടക്കുകയുണ്ടായി. ഈ ചർച്ചകളിലൊന്നും ഇരു സംസ്ഥാനങ്ങളും തമ്മിൽ കരാറിലെ വ്യവസ്ഥകൾ പുനരവലോകനം ചെയ്യുന്നതു സംബന്ധിച്ച് ഒരു അഭിപ്രായ സമന്വയത്തിൽ എത്തിച്ചേരാൻ സാധിച്ചിട്ടില്ല. എന്നിരിക്കിലും പുനരവലോകന ചർച്ച തുടരുകയാണ്. അവസാനമായി ചീഫ് സെക്രട്ടറി തല ചർച്ച 21-1-2011-ന് തിരുവനന്തപുരത്ത് വച്ചു

നടന്നു. ആനമലയാർ പ്രോജക്ടിനുവേണ്ടി കേരള ഇലക്ട്രിസിറ്റി ബോർഡ് തയ്യാറാക്കിയ സാധ്യതാ പഠന റിപ്പോർട്ട് തമിഴ്നാടിന് കൈമാറാനും തമിഴ്നാട് ആയതിന്മേലുള്ള റിമാർക്സ് കേരള സർക്കാരിന് രണ്ടുമാസത്തിനകം ലഭ്യമാക്കണമെന്നും ഈ മീറ്റിംഗിൽ തീരുമാനിച്ചു.

1974-ൽ കേരളവും തമിഴ്നാടും തമ്മിൽ ഒപ്പുവച്ച ശിരുവാണി കരാറിന് 99 വർഷത്തെ കാലാവധിയാണുള്ളത്. ആയതിനാൽ പുനരവലോകനത്തിനുള്ള സമയം ആയിട്ടില്ല.

ശുപാർശ

ജലസേചന പദ്ധതികളിൽ നീരൊഴുക്ക് കുറയുന്ന അവസരത്തിൽ ജലസംരക്ഷണ നടപടികളും ജലസംഭരണ നടപടികളും പ്രോത്സാഹിപ്പിക്കേണ്ടതിന്റെയും ജലത്തിന്റെ ഉപയോഗം നിയന്ത്രിക്കേണ്ടതിന്റെയും ആവശ്യകതയെക്കുറിച്ച് കർഷകരേയും തദ്ദേശവാസികളേയും ബോധവാന്മാരാക്കുന്നതിന് ലഘുലേഖകൾ തയ്യാറാക്കി വിതരണം ചെയ്യണമെന്നും ഒരാഴ്ച ജലസംരക്ഷണ വാരമായി ആഘോഷിക്കുന്നതിന് നടപടികൾ സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 143)

സർക്കാർ സ്വീകരിച്ച നടപടി

പാലക്കാട് ജില്ലയിലെ വിവിധ ജലസേചന പദ്ധതികളിൽ നീരൊഴുക്ക് കുറഞ്ഞു വരുന്നതായി അനുഭവപ്പെട്ടിട്ടുള്ള സാഹചര്യത്തിൽ, വൃഷ്ടി പ്രദേശങ്ങളിൽ വിവിധ കേന്ദ്രസംസ്ഥാനാവിഷ്കൃത പദ്ധതികൾ വഴി അനുയോജ്യമായ സംരക്ഷണ പ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ട്. പദ്ധതി പ്രദേശത്തെ കർഷകരെ ഈ വിഷയത്തിൽ ബോധവൽക്കരിക്കുന്ന പ്രവൃത്തിയും ചെയ്തു വരുന്നു. പോസ്റ്ററുകൾ, ലഘുലേഖകൾ എന്നിവ തയ്യാറാക്കി കർഷകർക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. എല്ലാ വർഷവും നവംബർ മാസത്തിൽ ദേശീയ ഭൂവിഭവ സംരക്ഷണാവാരാചരണത്തിന്റെ ഭാഗമായി മണ്ണു ജല സംരക്ഷണത്തിന്റെ ആവശ്യകത ജനങ്ങളിൽ എത്തിക്കാൻ വിവിധ ആഘോഷ പരിപാടികൾ സംസ്ഥാനത്തിലുടനീളം സംഘടിപ്പിക്കാറുണ്ട്. ഈ വിഷയത്തിൽ വരും വർഷങ്ങളിൽ പാലക്കാട് ജില്ലയ്ക്ക് പ്രത്യേക പരിഗണന നൽകുന്നതാണ്.

നാളികേര മേഖലയിലെ പ്രശ്നങ്ങളും പരിഹാര മാർഗ്ഗങ്ങളും
സംബന്ധിച്ച സമിതി റിപ്പോർട്ട്

ശുപാർശ

ജലലഭ്യതയുണ്ടെങ്കിലും പമ്പ് വാങ്ങാൻ സാമ്പത്തിക സ്ഥിതിയില്ലാതെ ജലസേചനം നടത്താൻ പറ്റാതെ പല കർഷകരും ബുദ്ധിമുട്ടുന്നു. ഇവർക്ക് സബ്സിഡി നിരക്കിൽ പമ്പ് സെറ്റുകൾ ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 33)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2010-11-ലെ സംസ്ഥാന നാളികേര വികസന പദ്ധതിയുടെ ഭാഗമായ കേരശ്രീ പദ്ധതിയിൽ കേരകർഷകർക്ക് ജലസേചന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി പമ്പുസെറ്റുകൾ വാങ്ങാൻ വിലയുടെ 50% പരമാവധി 10,000 രൂപ ധനസഹായം നൽകുന്നുണ്ട്. ഈ പദ്ധതിപ്രകാരം എറണാകുളം, വയനാട്, കണ്ണൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കാസർഗോഡ് എന്നീ ജില്ലകളാണ് ധനസഹായം നൽകുന്നത്.

കൂടാതെ കേന്ദ്ര സർക്കാരിന്റെ ധനസഹായത്തോടെ നടപ്പിലാക്കുന്ന കാർഷിക യന്ത്രവൽക്കരണ പദ്ധതിപ്രകാരം പമ്പ് സെറ്റ് വാങ്ങാൻ 50% പരമാവധി 10,000 രൂപ ധനസഹായം നൽകുന്നുണ്ട്.

<u>ശുപാർശ</u>

നാളികേര കർഷകർ ഇന്ന് നേരിടുന്ന പ്രധാന പ്രശ്നമായ വിദഗ്ദ്ധ തൊഴിലാളികളുടെ അഭാവം പരിഹരിക്കേണ്ടത് അത്യാവശ്യമാണെന്ന് കാണുന്നു. ഈ രംഗത്തേക്ക് സ്ത്രീകൾ കടന്നുവരാൻ തയ്യാറാണെന്ന വാർത്തകൾ വന്നുകൊണ്ടിരിക്കുന്നു. ഇത് പ്രോത്സാഹിപ്പിക്കുന്നതിന് കൃഷിഭവനുകൾ കുടുംബശ്രീ യൂണിറ്റുകളുമായി സഹകരിച്ച് പ്രവർത്തിക്കേണ്ടത് ആവശ്യമാണ്. തെങ്ങുകയറ്റ രംഗത്തെ യന്ത്രവൽക്കരണത്തിന് പ്രാധാന്യം നൽകി സ്ത്രീകളെ ഈ രംഗത്തേക്ക് കൂടുതൽ ആകർഷിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 42)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

തെങ്ങുകയറ്റ യന്ത്രം രൂപകൽപ്പന ചെയ്തിറക്കിയെങ്കിലും ഫലപ്രദമായ പ്രവർത്തനക്ഷമത കൈവരിച്ചിട്ടില്ല.

<u>ശുപാർശ</u>

തെങ്ങധിഷ്ഠിത വ്യവസായങ്ങൾ ആരംഭിക്കുന്നതിന് പ്രത്യേക പാക്കേജുകൾ തയ്യാറാക്കണമെന്നും അഗ്രോ ഇൻഡസ്ട്രിയൽ പാർക്കുകൾ ആരംഭിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 48)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2010-11-ലെ സംസ്ഥാന നാളികേര വികസന പദ്ധതിയുടെ ഭാഗമായി തെങ്ങധിഷ്ഠിത വ്യവസായങ്ങൾ ആരംഭിക്കുന്നതിനും, മറ്റു ചെറു വ്യവസായ സംരംഭങ്ങൾ തുടങ്ങുന്നതിനുമായി വ്യക്തികൾ/സർക്കാർ ഇതര സംഘടനകൾക്ക് (NGOs) പ്രോജക്ട് ചെലവിന്റെ 50% പരമാവധി 10 ലക്ഷം രൂപ വരെ ധനസഹായം നൽകുന്നു. ഇതിനായി ഈ സാമ്പത്തിക വർഷം ബഡ്ജറ്റിൽ 200 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇത്തരം പ്രോജക്ടുകൾക്ക് അംഗീകാരം നൽകുന്നതിന്

സംസ്ഥാനതലത്തിൽ ഒരു സമിതി രൂപീകരിച്ചിട്ടുണ്ട്. ഇതിനകം 163.90 ലക്ഷം രൂപ യ്ക്കുള്ള വിവിധ പ്രോജക്ടുകൾക്ക് ഈ സമിതി അംഗീകാരം നൽകിക്കഴിഞ്ഞു. കൂടാതെ റ്റി.എം.ഒ.സി. പദ്ധതിപ്രകാരം നാളികേര ഉല്പാദന വൈവിധ്യവത്കരണ ത്തിന് നാളികേര വികസന ബോർഡ് വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

ശുപാർശ

തെങ്ങിൻതടി പ്രോസസ് ചെയ്യുന്നത് സംബന്ധിച്ചും ചിരട്ടയിൽനിന്ന് ആക്ടി വേറ്റഡ് കാർബൺ ഉണ്ടാക്കുന്ന രീതിയും കെ.എഫ്.ആർ.ഐ., സി.പി.സി.ആർ.ഐ. എന്നീ സ്ഥാപനങ്ങളിലെ ശാസ്ത്രജ്ഞർ വികസിപ്പിച്ചെടുത്തിട്ടുണ്ടെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്ന് സമിതി മനസ്സിലാക്കുന്നു. കേടുവന്നതും പ്രായമായതുമായ തെങ്ങുകൾ വെട്ടിമാറ്റുമ്പോൾ ലഭിക്കുന്ന തെങ്ങിൻതടികൾ പ്രോസസ് ചെയ്ത് ഉപയോഗിക്കുന്നതിന് പ്രത്യേകം പ്രോജക്ടുകൾ തയ്യാറാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 49)

സർക്കാർ സ്വീകരിച്ച നടപടി

ഇതിനായി കേരഫെഡ് പ്രത്യേക പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. (eg: കരുനാഗപ്പള്ളിയിലെ തെങ്ങിൻതടി സംസ്കരണ യൂണിറ്റ്)

ശുപാർശ

തെങ്ങിൻതടി പ്രോസസ് ചെയ്യൽ, വെർജിൻ കോക്കനട്ട് ഓയിൽ നിർമ്മാണം, ചിരട്ടയിൽ നിന്നും ആക്ടിവേറ്റഡ് കാർബൺ നിർമ്മാണം തുടങ്ങിയവയ്ക്കാവശ്യമായ വ്യാവസായിക അടിസ്ഥാന സൗകര്യങ്ങൾ സർക്കാർ തലത്തിൽ കൊണ്ടുവരണ മെന്നും പരമാവധി ആനുകൂല്യങ്ങൾ കൊടുത്ത് സ്വകാര്യമേഖലയിലോ സഹകരണ മേഖലയിലോ വ്യവസായം ആരംഭിക്കാവുന്ന തരത്തിൽ നിലവിലുള്ള നിയമങ്ങളിൽ ആവശ്യമായ ഭേദഗതികൾ വരുത്തണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 50)

സർക്കാർ സ്വീകരിച്ച നടപടി

ഖണ്ഡിക 48-ൽ പ്രതിപാദിച്ചിട്ടുള്ളതുപോലെ തെങ്ങധിഷ്ഠിത വ്യവസായങ്ങൾ ആരംഭിക്കുന്നതിനും, വെർജിൻ കോക്കനട്ട് ഓയിൽ നിർമ്മാണം, ചിരട്ടയിൽ നിന്നും ആക്ടിവേറ്റഡ് കാർബൺ നിർമ്മാണം തുടങ്ങിയ ചെറു വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് സംസ്ഥാന നാളികേര വികസന പദ്ധതിപ്രകാരം വ്യക്തികൾ/ സർക്കാർ ഇതര സ്ഥാപനങ്ങൾക്ക് കൃഷി വകുപ്പ് ധനസഹായം നൽകുന്നുണ്ട്.

ശുപാർശ

നാളികേര മേഖലയെ സംബന്ധിച്ച് ഒരു സുപ്രധാനമായ സ്ഥാനമാണ് കള്ള്ചെത്ത് വ്യവസായത്തിനുള്ളത്. ഈ പരമ്പരാഗത വ്യവസായത്തെ തകർച്ച യിൽനിന്ന് രക്ഷിക്കുന്നതിനും ആധുനിക സംഘടിത വ്യവസായമാക്കി മാറ്റുന്നതിനും

ഊർജ്ജിത നടപടികൾ സ്വീകരിക്കേണ്ടത് ആവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. യുവജനങ്ങൾ തൊഴിലിനായി ഈ മേഖലയിലേക്ക് കടന്നുവരുന്നില്ലായെന്നുള്ളതാണ് ഈ മേഖല നേരിടുന്ന പ്രധാന പ്രശ്നമെന്നും ഇക്കാരണത്താൽ കേരളത്തിൽ വിതരണത്തിന് ആവശ്യമായ അളവ് കള്ള് ഉൽപ്പാദിപ്പിക്കുന്നതിന് സാധിക്കാത്ത അവസ്ഥയാണ് നിലവിലുള്ളതെന്നും ആവശ്യമായ അളവിൽ കള്ള് ലഭ്യമല്ലാത്തതിനാൽ കേരളത്തിൽ മായം ചേർന്ന കള്ള് വ്യാപകമാകുന്നുവെന്നും സമിതി മനസ്സിലാക്കി. തെങ്ങ് ചെത്തുന്നതിനുള്ള പരിശീലന സ്ഥാപനങ്ങൾ നിലവിലില്ല. തെങ്ങിൻ കള്ള് ഉല്പാദനരംഗത്തെ യന്ത്രവൽക്കരണവും ആധുനികവൽക്കരണവും നടത്തേണ്ടത് അത്യാവശ്യമാണ്. തേങ്ങയെയും കരിക്കിനെയും അപേക്ഷിച്ച് തെങ്ങ് കർഷകർക്ക് ആദായകരമായ തെങ്ങിൻ കള്ളുൽപ്പാദനത്തിനായി ഈ തൊഴിൽമേഖലയിലേക്ക് യുവജനങ്ങളെ ആകർഷിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 51)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

കള്ളുൽപ്പാദനം വർദ്ധിപ്പിക്കുന്നതിന്, അത്യുൽപ്പാദന ശേഷിയുള്ള തെങ്ങ് നട്ടുവളർത്തുന്നതിനും, തെങ്ങിൻതോട്ടങ്ങൾ നിർമ്മിക്കാൻ മുന്നോട്ടുവരുന്നവർക്ക് പ്രോത്സാഹനം നൽകുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

<u>ശുപാർശ</u>

ശുദ്ധമായ നാടൻ കള്ള് സംസ്ഥാനത്ത് സുലഭമാക്കാനും മാറിവരുന്ന കൺസ്യൂമർ സംസ്കാരത്തിനനുസരിച്ച് ആധുനിക രീതിയിൽ ടൂറിസം മേഖലയിൽ വൃത്തിയുള്ള അന്തരീക്ഷത്തിൽ നാടൻ ഭക്ഷണസാധനങ്ങളും ലഭ്യമാക്കി റ്റോഡി പാർലറുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 52)

<u>ശുപാർശ</u>

എല്ലാ ജില്ലകളിലും റ്റോഡി പാർലറുകൾ അനുവദിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

<u>ശുപാർശ</u>

വിദേശ ടൂറിസ്റ്റുകൾ കൂടുതലായി എത്തുന്ന സ്ഥലങ്ങളിൽ ഒരു ബിവറേജ് ആയി കണക്കാക്കി മായം ചേർക്കാത്ത ശുദ്ധമായ കള്ള് ലഭ്യമാക്കാൻ നടപടി സ്വീകരിക്കണമെന്നും സ്റ്റാർ ഹോട്ടലുകളിൽ മാന്യമായി കള്ള് സെർവ് ചെയ്യാനുള്ള സൗകര്യം ഉണ്ടാക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 53)

സർക്കാർ സ്വീകരിച്ച നടപടി

എല്ലാ ജില്ലകളിലും റ്റോഡി പാർലറുകൾ അനുവദിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. സ്റ്റാർ ഹോട്ടലുകൾ വഴി കള്ള് ലഭ്യമാക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

ശുപാർശ

ശ്രീലങ്ക പോലെയുള്ള രാജ്യങ്ങളിൽ കള്ളിൽനിന്നും Alcoholic Beverage വ്യാവസായികാടിസ്ഥാനത്തിൽ നിർമ്മിച്ച് വിപണനം ചെയ്യുന്നതായി സമിതി മനസ്സിലാക്കുന്നു. കേരളത്തിന്റെ റവന്യൂ വരുമാനത്തിൽ ഇൻഡ്യൻ നിർമ്മിത വിദേശമദ്യത്തിന്റെ സംഭാവന വളരെ വലുതാണ്. അതുപോലെ കള്ളിൽ നിന്നും Alcoholic Beverage നിർമ്മിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയാൽ അത് വഴി റവന്യൂ വരുമാനം വർദ്ധിപ്പിക്കുന്നതിന് സാദ്ധ്യമാകുന്നതാണ്. കേരകർഷകർക്ക് സഹായകരമാകുന്ന തരത്തിൽ കള്ളിൽനിന്നും വ്യാവസായികാടിസ്ഥാനത്തിൽ Alcoholic Beverage നിർമ്മിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനും അതിന് ആവശ്യമായ നിയമനിർമ്മാണം നടത്തുന്നതിനും നടപടികൾ സ്വീകരിക്കുന്നതിന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 54)

സർക്കാർ സ്വീകരിച്ച നടപടി

കള്ളിൽ നിന്നും വിനാഗിരി പോലെയുള്ള മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കാൻ അനുമതി നൽകുന്നതിന് ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാരെ ചുമതലപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. എന്നാൽ, കള്ളിൽ നിന്ന് ആൽക്കഹോളിക് ബിവറേജസ് നിർമ്മിക്കുന്നതിന് അനുവാദം നൽകിയിട്ടില്ല.

ശുപാർശ

തെങ്ങിൻ കള്ളിൽ നിന്നും ഒരു വർഷംവരെ കേടുകൂടാതെ സൂക്ഷിച്ചുവയ്ക്കാവുന്ന തരത്തിലുള്ള ഒരു ആരോഗ്യപാനീയമായ 'നീര' കാർഷിക സർവ്വകലാശാലയിലെ ഗവേഷകർ വികസിപ്പിച്ചെടുത്തതായും ആയതിന്റെ സാങ്കേതിക പരിജ്ഞാനം സർവ്വകലാശാലയ്ക്ക് കൈമാറിയതായും സമിതി മനസ്സിലാക്കുന്നു. എത്രയും വേഗം നീര വാണിജ്യാടിസ്ഥാനത്തിൽ തയ്യാറാക്കത്തക്കവണ്ണം ഇതിന്റെ സാങ്കേതികവിദ്യ സംരംഭകർക്ക് പകർന്നുനൽകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. നീര സംസ്കരിച്ച് വിപണനം നടത്തുന്നതിന് നിലവിലുള്ള എക്സൈസ് നിയമം അനുവദിക്കുന്നില്ല എന്ന് സമിതി മനസ്സിലാക്കുന്നു. ഈ നിയമം യഥാവിധി ഭേദഗതി ചെയ്ത് നീരയുടെ സംസ്കരണം വാണിജ്യാടിസ്ഥാനത്തിൽ നടത്തുന്നതിനാവശ്യമായ സാഹചര്യമൊരുക്കണമെന്ന് സമിതി ആവശ്യപ്പെടുന്നു.

(ഖണ്ഡിക 55)

സർക്കാർ സ്വീകരിച്ച നടപടി

നീര പരീക്ഷണാടിസ്ഥാനത്തിൽ ഉൽപ്പാദിപ്പിക്കുന്നതിന് കേരള കാർഷിക സർവ്വകലാശാലയ്ക്ക് അനുമതി നൽകിയിട്ടുണ്ട്.

10-11-2010-ലെ യോഗത്തിൽ സമിതി ആവശ്യപ്പെട്ട നിർദ്ദേശങ്ങളും അതിന്മേൽ ഗവൺമെന്റിൽ നിന്ന് ലഭിച്ച തുടർനടപടികളും താഴെ ചേർത്തിരിക്കുന്നു

ശുപാർശ 1

കേരളത്തിലെ കാർഷിക ആവശ്യങ്ങൾക്ക് വേണ്ടി കേന്ദ്ര ഗവൺമെന്റ് അനുവദിക്കുന്ന രാസവളം സ്വകാര്യ ഏജൻസികൾ കാർഷികമേഖലയിലെ ഉപയോഗത്തിനായാണ് വിതരണം ചെയ്യുന്നതെന്ന് ഉറപ്പാക്കുന്നതിനും ആയതിന് കൃഷിവകുപ്പിൽ നിന്നും യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് നൽകുന്നതിനും നടപടി സ്വീകരിക്കുക.

സർക്കാർ സ്വീകരിച്ച നടപടി

കേരളത്തിന്റെ കാർഷികാവശ്യങ്ങൾക്കുവേണ്ടി കേന്ദ്ര ഗവൺമെന്റ് അനുവദിക്കുന്ന രാസവളം കാർഷികാവശ്യങ്ങൾക്കാണ് ഉപയോഗിക്കുന്നതെന്ന് ഉറപ്പുവരുത്താനാവശ്യമായ എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്. കേന്ദ്രം അനുവദിക്കുന്ന വളം കൃഷിവകുപ്പും വളംനിർമ്മാതാക്കളും ചേർന്ന് തയ്യാറാക്കുന്ന സപ്ലൈ പ്ലാൻ പ്രകാരമാണ് ജില്ലകളിലേക്ക് നൽകുന്നത്. ജില്ലാതലത്തിൽ കൃഷി ഡെപ്യൂട്ടി ഡയറക്ടർ മറ്റ് ഫെർട്ടിലൈസർ ഇൻസ്പെക്ടർമാരും പ്രസ്തുത വളത്തിന്റെ വിതരണം നിരീക്ഷിക്കുന്നുണ്ട്. യൂറിയ ഒഴികെയുള്ള രാസവളങ്ങൾക്ക് കേന്ദ്ര ഗവൺമെന്റിലേക്ക് യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് നൽകുന്നുണ്ട്. യൂറിയ നിയന്ത്രിത വളമായതുകൊണ്ട് കേന്ദ്ര ഗവൺമെന്റ് നേരിട്ടാണ് ഇറക്കുമതിയും വിതരണവും നടത്തുന്നത്.

ശുപാർശ 2

2010 മാർച്ച് മാസത്തിൽ കോട്ടയത്ത് വിതരണം ചെയ്ത യൂറിയ കാർഷികേതര ആവശ്യങ്ങൾക്കായി മറിച്ച് വിറ്റതായുള്ള ആരോപണത്തെക്കുറിച്ച് അന്വേഷണം നടത്തുന്നതിന് വിജിലൻസിനെ ചുമതലപ്പെടുത്തുക.

സർക്കാർ സ്വീകരിച്ച നടപടി

2010 മാർച്ച് മാസത്തിൽ കോട്ടയത്ത് വിതരണം ചെയ്ത യൂറിയ കാർഷികേതര ആവശ്യങ്ങൾക്കായി മറിച്ചുവിറ്റതായ ആരോപണത്തെക്കുറിച്ച് അന്വേഷണം നടത്തുന്നതിന് വിജിലൻസ് വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

കെ. പി. മോഹനൻ,

*ചെയർമാൻ,*

*സബ്ജക്റ്റ് കമ്മിറ്റി I.*

തിരുവനന്തപുരം,
2012 മേയ് 23.

അനുബന്ധം I

GOVERNMENT OF KERALA

**Abstract**

BUDGET ESTIMATES 2010-11 DEMAND NO. XXIX—AGRICULTURE—AUTHORISATION OF ADDITIONAL EXPENDITURE UNDER THE MAJOR HEAD(S) OF ACCOUNT '2401-CROP HUSBANDRY'—SANCTIONED—ORDERS ISSUED

FINANCE (BUDGET WING-H ) DEPARTMENT

G.O. (Rt.) No. 417/2011/Fin. *Dated, Thiruvananthapuram 19th January 2011.*

*Read* :—1. Letter No. A 2712/10/Kfdrc dated 19-10-2010 from the Secretary, Kerala State Farmer's Debt Relief Commission, Thiruvananthapuram.

2. U.O.(f) No. 30757/AG2/10/AD dated 31-12-2010.

ORDER

Government are pleased to authorise additional expenditure to the tune of Rs. 15,00,00,000 (Rupees Fifteen crore only) under the head(s) of account as detailed below, invoking para 95(3) of Kerala Budget Manual, in relaxation of the economy orders in force.

| | *Head of account* | *Additional amount Authorised (Rs.)* |
|---|---|---|
| 2401 | CROP HUSBANDRY | |
| 104 | AGRICULTURAL FARMS | |
| 86 | SPECIAL SUPPORT SCHEME FOR FARM SECTOR | |
| (01) | DEBT RELIEF COMMISSION | |
| 34 | Other Charges (Plan—Voted) | 15,00,00,000 |

2. The additional expenditure authorise is for setting the pending debt relief claims.

3. The Administrative Department/Controlling Officer concerned will take timely steps to regularise this additional expenditure through Reappropriation of Savings within the Grant/Supplementary Demands for Grants before the close of the current financial year.

By order of the Governor,

A. Shibu
*Under Secretary.*

To

The Director of Agriculture, Thiruvananthapuram.

The Accountant General (A&E), Kerala, Thiruvananthapuram.

The Accountant General (Audit), Kerala, Thiruvananthapuram.

The Secretary, Kerala State Farmer's Debt Relief Commission, Mudippura Lane, Jagathy, Trivandrum-14.

The Agriculture (Agri) Department.

The Finance (AW-B) Department.

Stock File/Office Copy/Interleaved Budget.

അനുബന്ധം II

DETAILS OF AREA TREATED BY SOIL AND WATER CONSERVATION PALAKKAD DISTRICT BY THE SOIL CONSERVATION UNIT OF AGRICULTURE DEPARTMENT

| *Sl. No.* | *Name of Scheme* | *Year* | *Achievement Phy (Ha.)* |
|---|---|---|---|
| (1) | (2) | (3) | (4) |
| | NWDPRA | | |
| 1 | Karalmanna | 1988-93 | 651 |
| 2 | Talachira | 1988-93 | 1221 |
| 3 | Pavukonam Watershed | 1991-93 | 650 |
| 4 | Nellaya | 1992-93 | 90 |
| | WGDP | | |
| 5 | Karupettithurakkad | 1992-93 | 34 |
| 6 | Karuppalithodu | 1993-97 | 40 |
| 7 | Puliyantheir | 1994-95 | 85 |
| 8 | Kottopadam | 1994-2001 | 399 |
| 9 | Puliyanthoni | 1996-98 | 56 |
| 10 | Payyallur Watershed | 1997-2002 | 318 |
| | RIDF | | |
| 11 | Kappur Watershed | 1998-2003 | 363 |
| 12 | Mezhukumpara water | 1998-2003 | 606 |
| | NWDPRA | | |
| 13 | Mundiankavu Watershed | 1999-2003 | 1746 |
| 14 | Chembra Watershed | 1999-2003 | 1165 |
| 15 | Kundampotti Watershed | 1999-2003 | 2932 |
| 16 | Pulikkalthode Watershed | 1993-2003 | 1366 |

| (1) | (2) | (3) | (4) |
|---|---|---|---|
| | WDGP | | |
| 17 | Nedungattuchalia | 1999-2009 | 187 |
| 18 | Thadukkassery | 2001-02 | 60 |
| | RIDF | | |
| 19 | Ponmudi | 2002-06 | 304 |
| 20 | Palakkazhi | 2002-06 | 330 |
| 21 | Odenthode | 2002-07 | 278 |
| | NWDRA | | |
| 22 | Pookkottukavu Watershed | 2004-07 | 373 |
| 23 | Muthuthala Watershed | 2001-07 | 525 |
| | RIDF | | |
| 24 | Sparkundu | 2005-07 | 84 |
| 25 | Machanthode | 2005-07 | 166 |
| 26 | Puthyathode | 2007-10 | 703 |
| | | Total | 14732 |
| | | Kunda Project (RVP) | 30535 |
| | | **Grand Total** | **45267** |

## ONGOING SCHEMES

| *Sl. No.* | *Name of Schemes* | *Name of Watershed/ Name of Project* | *Total Area* | *Treatable Area* | *Estimated Amount* |
|---|---|---|---|---|---|
| 1 | RIDF | Meenvallam Watershed (RIDF XIII) | 870.6 Ha. | 510.6 Ha. | 85,74,000 |
| 2 | RIDF | Irumbakachola Watershed (RIDF XV) | 2375 Ha. | 600 Ha. | 106,38,000 |
| 3 | RIDF | Thekke Malampuzha Watershed (RIDF XVI) | 389 Ha. | 150 Ha. | 37,50,000 |
| 4 | Land Slide | Kairady Watershed | 10 Ha. | 10 Ha. | 6,30,000 |
| 5 | NWDPRA | Kulakkattukurissi Watershed (NWDPRA XI Plan) | 3411 Ha. | 3200 Ha. | 384,00,000 |
| 6 | NWDPRA | Vallapuzha Watershed (NWDPRA XI Plan) | 1837 Ha. | 1800 Ha. | 205,00,000 |

## പാലക്കാട് ജില്ലയിൽ വിവിധ ഏജൻസികൾവഴി നടപ്പിലാക്കിയിട്ടുള്ള മണ്ണുജലസംരക്ഷണ പ്രവർത്തനങ്ങൾ

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | നീർത്തടത്തിന്റെ പേര് | ബ്ലോക്ക്/ പഞ്ചായത്ത് | നടപ്പിലാക്കിയ പ്രവർത്തനങ്ങളുടെ വിവരം | നടപ്പിലാക്കിയ വർഷം | നടപ്പിലാക്കിയ വിസ്തീർണ്ണം (Ha.) | ചെലവാക്കിയ തുക | ഗുണം ലഭിച്ച കൃഷിക്കാരുടെ എണ്ണം | ഫണ്ടിംഗ് ഏജൻസി | നിർവ്വഹണ ഏജൻസി |
|---|---|---|---|---|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) | (7) | (8) | (9) | (10) | (11) |
| 1 | WGDP | പോണാടുചോല | വാണിയംകുളം ഗ്രാമ പഞ്ചായത്ത് | MC Pits-4000 Nos. EB/Ag-1500Rm Veg. Cover-15 Ha. Circle Trench–6000 Nos. Pond Renwn–60 Nos. RWH–44 Nos. Side Protecn-1000 Rm Bio Composting, Vermi Composting & Planting Trees | 2003-04 to 2007-08 | 650 | 30 lakh | .. | Planning & Economic Affairs Dept. | Passed Society, Palakkad |

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| 2 | .. | കരിയംകോട് | കുഴൽമന്ദം ബ്ലോക്ക് | .. | 2008 | 525 | 4,61,343 | .. | NABARD | NABARD |
| 3 | .. | കാക്കയൂർ | കൊല്ലങ്കോട് ബ്ലോക്ക് | .. | ,, | 969 | 9,53,089 | .. | ,, | ,, |
| 4 | .. | കുടമടചള്ള | ചിറ്റൂർ ബ്ലോക്ക് | .. | ,, | 416 | 4,35,500 | .. | ,, | ,, |
| 5 | .. | പളനിയാർ പാളയം | ചിറ്റൂർ ബ്ലോക്ക് | .. | ,, | 473 | 5,60,000 | .. | ,, | ,, |
| 6 | .. | കുപ്പണ്ടിവാര | ചിറ്റൂർ ബ്ലോക്ക് | .. | ,, | 700 | 3,73,200 | .. | ,, | ,, |
| 7 | .. | ചീക്കുഴി | മലമ്പുഴ ബ്ലോക്ക് | .. | ,, | 830 | 9,88,300 | .. | ,, | ,, |
| 8 | ജല സംഭരണ ടാങ്ക് നിർമ്മിക്കൽ | .. | ഷോളയൂർ ഗ്രാമ പഞ്ചായത്ത് | ജല സംഭരണ ടാങ്ക്-5 എണ്ണം | 2008-09 | 10.41 | 10,40,716 | 32 | State Horticultural Mission | Asst. Director of Agriculture, Agali |
| 9 | കൃത്രിമജല സംപോഷണ പദ്ധതി, I.S.D. ഫാം, എരിത്തേമ്പതി | .. | എരിത്തേമ്പതി ഗ്രാമപഞ്ചായത്ത് | മഴവെള്ള ശേഖരണം | 2004-05 | .. | 17,734 | .. | Ground Water Department | Ground Water Department |
| 10 | കൃത്രിമജല സംപോഷണ പദ്ധതി, സംസ്ഥാന വിത്തുൽപ്പാദന ഫാം, കോങ്ങാട് | .. | കോങ്ങാട് ഗ്രാമപഞ്ചായത്ത് | സെഡിമെന്ററി ടാങ്ക്, ഫിൽറ്ററിംഗ് യൂണിറ്റ്, തുറന്ന കിണർ സംരക്ഷണ ഭിത്തി | 2005-06 | .. | 66,776 | .. | ,, | ,, |

| (1) | (2) | (3) | (4) | (5) | (6) | (7) | (8) | (9) | (10) | (11) |
|---|---|---|---|---|---|---|---|---|---|---|
| 11 | കൃത്രിമജല സംപോഷണ പദ്ധതി, സംസ്ഥാന വിത്തുൽപ്പാദന ഫാം, കോങ്ങാട് | .. | കോങ്ങാട് ഗ്രാമപഞ്ചായത്ത് | സെഡിമെന്ററി ടാങ്ക്, Brick Lining | 2006-07 | .. | 22,000 | .. | Ground Water Department | Ground Water Department |
| 12 | ചെക്ക്ഡാം, അരുവീട്ടുകുളം | കണക്കൻകുളം | വടകരപ്പതി ഗ്രാമപഞ്ചായത്ത് | ചെക്ക്ഡാം പാർശ്വഭിത്തി | 2007-08 | 84.14 $m^2$ | 1,53,662 | .. | ,, | ,, |
| 13 | ചെക്ക്ഡാം, മേനോൻ പാറ | ,, | ,, | ചെക്ക് ഡാം പാർശ്വഭിത്തി | ,, | 113.22 $m^2$ | 1,59,593 | .. | ,, | ,, |
| 14 | ചെക്ക്ഡാം, വടകരപ്പതി ദേവരായൻകോട്ട | ,, | ,, | ,, | ,, | 110.76 $m^2$ | 1,73,265 | .. | ,, | ,, |
| 15 | VCB പൂക്കോട്ടുകാവ്- ചെന്നപള്ളം | ഭാരതപ്പുഴ തൂതപ്പുഴ | അമ്പലപ്പാറ ഗ്രാമപഞ്ചായത്ത് | Vented Cross Bar, Side Protection Wall | ,, | 43.60$m^2$ | 1,94,309 | .. | ,, | ,, |
| 16 | മൊളഞ്ഞുരുട്ടി ചെക്ക്ഡാം | ഭാരതപ്പുഴ തിരുണ്ടിപ്പുഴ | ,, | ചെക്ക്ഡാം പാർശ്വഭിത്തി | ,, | 86.64 $m^2$ | 1,92,126 | .. | ,, | ,, |
| 17 | നീർകുഴി പെരിങ്ങോട്ടു കുറിശ്ശി | ഭാരതപ്പുഴ ഗായത്രിപ്പുഴ | പെരിങ്ങോട്ടു കുറിശ്ശി ഗ്രാമപഞ്ചായത്ത് | നീർക്കുഴി | ,, | 19.14 $m^2$ | 56,778 | .. | ,, | ,, |

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| 18 | ചെക്ക്ഡാം അരുവത്തോട് കുന്നത്തു മേൽ ഭാഗം, ചോല | അരുവത്തോട് | കടമ്പഴിപ്പുറം ഗ്രാമപഞ്ചായത്ത് | ചെക്ക്ഡാം പാർശ്വഭിത്തി | ,, | 81.07 $m^2$ | 1,93,567 | .. | ,, | ,, |
| 19 | കൃത്രിമ ജലസംപോഷണ നീർക്കുഴി നിർമ്മാണം—Plot of Sri Jyothilingam | ഭാരതപ്പുഴ ചിറ്റൂർപുഴ | പെരുമാട്ടി ഗ്രാമപ്പഞ്ചായത്ത് | നീർക്കുഴി | 2008-09 | .. | 58,500 | .. | ,, | ,, |
| 20 | കൃത്രിമ ജലസംപോഷണ നീർക്കുഴി നിർമ്മാണം—Plot of Sri Veluswami | ഭാരതപ്പുഴ ചിറ്റൂർപുഴ | പെരുമാട്ടി ഗ്രാമപ്പഞ്ചായത്ത് | നീർക്കുഴി | ,, | .. | 58,500 | .. | ,, | ,, |
| 21 | VCB ചെങ്ങഴി ചേരിങ്ങൽ അകപ്പാടം ചാൽ | ,, | പട്ടഞ്ചേരി ഗ്രാമപ്പഞ്ചായത്ത് | Vented Cross Bar | ,, | .. | 2,32,500 | .. | ,, | ,, |
| 22 | സൈഡ് വാൾ, മേനോൻ പാറ | കണക്കൻകുളം | വടകരപ്പതി ഗ്രാമപഞ്ചായത്ത് | Side Protection Wall | ,, | .. | 19,000 | .. | ,, | ,, |
| 23 | അമ്പാട്ടുപറമ്പ്, കൊളചമ്പ് അകംപാടം ചാൽ | ഭാരതപ്പുഴ ഗായത്രിപ്പുഴ | പട്ടഞ്ചേരി ഗ്രാമപഞ്ചായത്ത് | ചെക്ക്ഡാം | ,, | .. | 2,40,000 | .. | ,, | ,, |

| (1) | (2) | (3) | (4) | (5) | (6) | (7) | (8) | (9) | (10) | (11) |
|---|---|---|---|---|---|---|---|---|---|---|
| 24 | അറംപാടം, അകംപാടം ചാൽ, കല്ലുപാടം | ഭാരതപ്പുഴ ഗായത്രിപ്പുഴ | പട്ടഞ്ചേരി ഗ്രാമപഞ്ചായത്ത് | ചെക്ക്ഡാം | 2008-09 | .. | 2,14,000 | .. | Ground Water department | Ground Water department |
| 25 | Soil Protection and Water Harvesting Practices | ,, | കയറാടി-2 ഗ്രാമപഞ്ചായത്ത് | Taking Pits | ,, | 0.40 | 1,080 | .. | Rubber Board | Rubber Board |
| 26 | ,, | ,, | തിരുമിറ്റക്കോട്-2 ഗ്രാമപഞ്ചായത്ത് | ,, | ,, | 0.85 | 2,160 | .. | ,, | ,, |
| 27 | ,, | ,, | ,, | ,, | ,, | 0.36 | 924 | .. | ,, | ,, |
| 28 | Soil Protection and Water Harvesting Practices | ,, | കിഴക്കഞ്ചേരി ഗ്രാമപഞ്ചായത്ത് | Taking Pits | ,, | 0.20 | 600 | .. | | |
| 29 | ,, | ,, | കിഴക്കഞ്ചേരി ഗ്രാമപഞ്ചായത്ത് | ,, | ,, | 0.40 | 1,200 | .. | ,, | ,, |
| 30 | ,, | ,, | മങ്കര ഗ്രാമപഞ്ചായത്ത് | ,, | ,, | 1.00 | 2,892 | .. | ,, | ,, |
| 31 | പ്രകൃതിക്ഷോഭം | പലകപ്പാണ്ടി | കൊല്ലങ്കോട് ഗ്രാമപഞ്ചായത്ത് | തോടിന്റെ സൈഡ് സംരക്ഷണം, കല്ലുകെട്ടാൻ | 2007-08 to 2008-09 | .. | ,, | .. | Revenue Department | Asst. Director of Agriculture |

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| 32 | ഹരിയാലി | ആലമ്പള്ളം | വടവന്നൂർ ഗ്രാമപഞ്ചായത്ത് | പെരുംബിടാരി കുളം പുനരുദ്ധാരണം | 2008-09 | .. | 58,000 | .. | D.F.A.D. | ,, |
| 33 | ,, | എത്തനൂർ വെസ്റ്റ് | കൊടുവായൂർ ഗ്രാമപഞ്ചായത്ത് | തെങ്ങിന്റെ തടമെടുക്കൽ | ,, | ,, | ,, | .. | ,, | ,, |
| 34 | WGDP | ആലംപാളയം | മുതലമട ഗ്രാമപഞ്ചായത്ത് | മണ്ണുകയ്യാല, സ്റ്റാഗേഡ് ട്രെഞ്ച്, ലൂസ് ബോൾ ചെക്ക്ഡാം മുതലായവ | 2004-05 to 2005-06 | .. | 14,92,325 | .. | WGD Cell | ,, |